# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഒക്ടോബർ 2024 | വാല്യം 51 ലക്കം 7 | പേജ് 12 | വില 10.00 രൂപ

UNITY Monthly | October 2024 | Volume 51 Issue 7 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


### 'ദി ഹിന്ദു' ദിനപത്രത്തിലെ വിവാദ അഭിമുഖം

# പിണറായി സർക്കാരിന്റെ ആസൂത്രിത വർഗ്ഗീയ കരുനീക്കങ്ങൾ

**കേരളത്തിൽ പുലർന്നുപോരുന്ന ജനൈക്യവും സാമൂഹ്യഭദ്രതയും തകർത്തുകൊണ്ടായാലും തങ്ങളുടെ പാർലമെന്ററി രാഷ്ട്രീയ സൗഭാഗ്യങ്ങൾക്കായി വഴിവെട്ടും എന്ന പ്രഖ്യാപനമാണ് മുഖ്യമന്ത്രി പിണറായി വിജയനും സിപിഐ (എം)ഉം നടത്തുന്നതെന്ന് വേദനയോടെയെങ്കിലും പറയാതിരിക്കാനാവില്ല. 2024 സെപ്റ്റംബർ 13ന് പിആർ ഏജൻസി ദില്ലിയിൽ വിതരണംചെയ്ത വാർത്താക്കുറിപ്പും 21ന്റെ മുഖ്യമന്ത്രിയുടെ പത്രസമ്മേളനവും സെപ്റ്റംബർ 29ന്റെ വിവാദ അഭിമുഖവും, ഏറ്റവുമൊടുവിൽ ഇടത് എംഎൽഎ കെ.ടി. ജലീലിന്റെ ഭ്രാന്തൻ സോഷ്യൽ മീഡിയ പോസ്റ്റും മറയില്ലാതെ ഒരു കാര്യം വ്യക്തമാക്കുന്നു. സംഘപരിവാരത്തിന്റെ ആഖ്യാനം ഏറ്റുപാടിക്കൊണ്ട് ഭൂരിപക്ഷ വർഗ്ഗീയ വികാരത്തെ ജ്വലിപ്പിക്കുന്നതിൽ രണ്ടും കൽപ്പിച്ച് ഇറങ്ങിയിരിക്കുകയാണ് ഇക്കൂട്ടർ.**

**2024** സെപ്റ്റംബർ 29 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഹിന്ദു ദിനപത്രത്തിന്റെ ലേഖികയുമായി ദില്ലിയിൽ നടത്തിയ അഭിമുഖത്തിലെ ഒരു ഭാഗം വിവാദമായതിനെത്തുടർന്ന്, പ്രസ്തുത ഭാഗം മുഖ്യമന്ത്രി പറഞ്ഞതല്ലെന്നും പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഒക്ടോബർ 1ന മുഖ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറി പത്രത്തിന കത്തു നൽകി. ഒക്ടോബർ 2ന് തിരുത്ത് എന്ന പേരിൽ 'ദി ഹിന്ദു' ദിനപത്രം പ്രസിദ്ധീകരിച്ച കുറിപ്പിൽ അഭിമുഖത്തിലെ വിവാദഭാഗം മുഖ്യമന്ത്രി പറഞ്ഞതല്ലെന്ന് വ്യക്തമാക്കിക്കൊണ്ട് അപ്രകാരം സംഭവിച്ചതിൽ മാപ്പ് പറയുകയുംചെയ്തു. എന്നാൽ അതോടൊപ്പം ഗൗരവതരമായ മറ്റൊരു വിവരവും ഈ കുറിപ്പിൽ പത്രം വിശദീകരിക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെ അഭിമുഖം നൽകാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് കെയ്സൻ എന്ന പേരുള്ള ഒരു പിആർ ഏജൻസിയാണ് തങ്ങളെ സമീപിച്ചതെന്നും അഭിമുഖവേളയിൽ ഇതേ ഏജൻസിയുടെ രണ്ട് പ്രതിനിധികൾ ഉണ്ടായിരുന്നതായും ഇപ്പോൾ വിവാദമായിരിക്കുന്ന ഭാഗം ഉൾപ്പെടുത്താൻ ഇതേ പിആർ ഏജൻസിയുടെ പ്രതിനിധി തങ്ങളോട് ആവശ്യപ്പെട്ടെന്നും പ്രസ്തുത ഭാഗം കുറിപ്പായി അവർതന്നെ അയച്ചുതന്നതാണെന്നും ഹിന്ദു ദിനപത്രം വ്യക്തമാക്കി. അതായത്, വിവാദവാചകങ്ങൾ പത്രം സ്വന്തം നിലയിൽ കൂട്ടിച്ചേർത്തതല്ലെന്ന് സാരം. മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടതെന്ന് ഉറപ്പുള്ള ഒരു ഉറവിടത്തിൽ നിന്ന ലഭിച്ചതിനാൽ പ്രസ്തുത ഭാഗം കൂട്ടിച്ചേർത്തു എന്നാ

(ശേഷം 2–ാം പേജിൽ)




ലെബനന്റെയും പലസ്തീന്റെയുംമേൽ സയണിസ്റ്റ് ഇസ്രയേൽ നടത്തുന്ന അധിനിവേശയുദ്ധം അവസാനിപ്പിക്കുവാനാവശ്യപ്പെട്ട് കോട്ടയം നഗരത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച യുദ്ധവിരുദ്ധ സംഗമം കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.

### പലസ്തീന്റെ മണ്ണിലെ അന്തമില്ലാത്ത കൂട്ടക്കശാപ്പ്

# പശ്ചിമേഷ്യയിലേക്കും ഇസ്രയേൽ യുദ്ധം വ്യാപിപ്പിക്കുന്നു

**ഇ**സ്രയേൽ ഗാസയ്ക്കുമേൽ നടത്തുന്ന ആക്രമണം ഒരു വർഷം പിന്നിടുമ്പോൾ പശ്ചിമേഷ്യ ഒന്നാകെ കൂടുതൽ ഭീഷണമായ ഒരു യുദ്ധഭീതിയിലേക്ക് കടന്നിരിക്കുകയാണ്. ലബനനിലും സിറിയയിലും ഇസ്രയേൽ നടത്തിയ ആക്രമണങ്ങളിൽ ഹമാസ്, ഹിസ്ബുള്ള നേതാക്കൾ വധിക്കപ്പെടുകയും ഡമാസ്കസിലെ ഇറാൻ നയതന്ത്ര കാര്യാലയം തകർക്കപ്പെടുകയും ചെയ്ത സാഹചര്യം, ഇതിന് തിരിച്ചടിയായി ഇറാൻ ഇസ്രയേലിന്റെമേൽ നടത്തിയ മിസൈൽ ആക്രമണം എല്ലാംചേർന്ന് ഈ മേഖലയിലെ ജനങ്ങളെ മാത്രമല്ല ലോകമാകെയുള്ള ജനങ്ങളെ അങ്ങേയറ്റം ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.


2023 ഒക്ടോബർ ഏഴിന് ഹമാസ് ഇസ്രയേലിനുമേൽ നടത്തിയ ആക്രമണത്തെ തുടർന്ന് ഇസ്രയേൽ ഗാസയ്ക്കുമേൽ നടത്തുന്ന നീചമായ ആക്രമണം എല്ലാ യുദ്ധം മര്യാദകളും ലംഘിക്കുന്നു. എന്നല്ല ഏറ്റവും പ്രാകൃതമായ ഒന്നായി മാറിയിരിക്കുന്നു. മനുഷ്യന്റെ നീതിബോധത്തിനുമേൽ വലിയ ചോദ്യമുയർത്തുന്നവ കൂടിയാണ്.

(ശേഷം 10–ാം പേജിൽ)

### ശാസ്ത്ര ബോധവും ശാസ്ത്രീയ വീക്ഷണവും മുറുകെപ്പിടിക്കുക

# ജനകീയ ശാസ്ത്രപ്രസ്ഥാനം വളർത്തിയെടുക്കുക

**"എ**ന്തൊരു ദുരന്തം", രണ്ടാം ലോകയുദ്ധത്തിൽ ജപ്പാൻ ഏതാണ്ട് കീഴടങ്ങിയ ഘട്ടത്തിൽ 1945 ആഗസ്റ്റ് 6നും 9നും ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക അതിമാരകമായ ആറ്റോമിക് ബോംബ് വർഷിച്ച്, സാധാരണക്കാരായ ജനലക്ഷങ്ങളെ കൊന്നൊടുക്കിയ സംഭവത്തെക്കുറിച്ച് വിഖ്യാത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീന്റെ ആദ്യപ്രതികരണം ഇങ്ങനെയായിരുന്നു. ന്യൂക്ലിയർ വിഭജനത്തിലൂടെ ഉണ്ടാക്കാവുന്ന അതിഭീമമായ അളവിലുള്ള ഊർജ്ജത്തിന്റെയും ആറ്റോമിക് ബോംബിന്റെയും സാങ്കേതികവിദ്യയിലേക്ക് ശാസ്ത്രലോകം അടുത്തുകൊണ്ടിരിക്കുകയാണെന്നു മനസ്സിലാക്കിയ ഐൻസ്റ്റീൻ, ഹിറ്റ്ലർക്ക് ഈ സാങ്കേതികവിദ്യ ലഭിക്കുന്നതിനുമുമ്പ് സഖ്യകക്ഷികൾ അതു വികസിപ്പിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 1939ൽ മറ്റു ശാസ്ത്രജ്ഞരോടു ചേർന്ന് അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റിന് കത്തെഴുതിയിരുന്നു എന്നതു വാസ്തവമാണ്. ആക്രമണത്തെ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രതിരോധം (deterrence) എന്ന നിലയിൽ അത് പ്രയോജനംചെയ്യും എന്നു മാത്രമായിരുന്നു ഐൻസ്റ്റീന്റെ പ്രതീക്ഷ. നാസി ജർമ്മനി അണുബോംബുണ്ടാക്കാനുള്ള സാധ്യത കുറവാണ് എന്നു മനസ്സിലാക്കിയിരുന്നെങ്കിൽ താനൊരിക്കലും ആ കത്തെഴുതുകയില്ലായിരുന്നു എന്നും ആൽബർട്ട് ഐൻസ്റ്റീൻ പിന്നീട് ഖിന്നനായി അഭിപ്രായപ്പെടുന്നുണ്ട്. പക്ഷേ, അതിനുശേഷം യുദ്ധത്തിനെതിരെയും പ്രത്യേകിച്ച് ആണവായുധത്തിനെതിരെയും ശാസ്ത്രജ്ഞരുടെ ഒരു ലോകപ്രസ്ഥാനം കെട്ടിപ്പടുക്കുക എന്നതായി അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യം. തങ്ങളുടെ കണ്ടുപിടുത്തങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ തയ്യാറാകണമെന്ന് ശാസ്ത്രജ്ഞരോടഭ്യർത്ഥിക്കുന്ന ഒരു മെമ്മോറാണ്ടം ബർട്രാന്റ് റസ്സലിനോടൊപ്പം ചേർന്ന് അദ്ദേഹം തയ്യാറാക്കി. 'പഗ്‌വാഷ് പ്രസ്ഥാനം' എന്ന ശാസ്ത്രജ്ഞരുടെ വലിയൊരു ശാസ്ത്രപ്രസ്ഥാനമായി അത് വികസിച്ചുവന്നു. പിന്നീട് ആണവായുധങ്ങൾക്കെതിരെയുള്ള ലോക ബഹുജനപ്രസ്ഥാനത്തിനും ആണവായുധ നിർവ്യാപനകരാറിലേക്കും വഴി തെളിക്കുന്നതിൽ ഈ പ്രസ്ഥാനം ഗണ്യമായ പങ്കുവഹിച്ചു. ശാസ്ത്രജ്ഞരും ബഹുജനങ്ങളും ഒത്തുചേർന്നുകൊണ്ടുള്ള ഒരു ജനകീയപ്രസ്ഥാനത്തിന് എന്തുചെയ്യാൻ കഴിയും എന്ന് ബോധ്യപ്പെടുത്തിയ കഴിഞ്ഞ നൂറ്റാണ്ടിലെ സുപ്രധാന ചരിത്രസംഭവമായിരുന്നു അത്.



അന്നത്തേതിനേക്കാൾ പതിന്മടങ്ങു ശക്തിയോടെ ഒരു ബഹുജന ശാസ്ത്രപ്രസ്ഥാനം പ്രവർത്തിക്കേണ്ട സമകാലീനസാഹചര്യത്തിൽ സാർവ്വദേശീയ തലത്തിലാകട്ടെ, ദേശീയതലത്തിലാകട്ടെ ആവശ്യമായ ശക്തിയോടെ അത്തരമൊരു ചലനം കാണുന്നുണ്ടോ എന്നു നാം പരിശോധിക്കണം. ഈ സ്ഥിതി എങ്ങനെ മറികടക്കാം എന്ന ഗൗരവതരമായ ചോദ്യം ശാസ്ത്രജ്ഞരുടേതു മാത്രമല്ല, സാമാന്യജനങ്ങളുടേതും കൂടിയാണ്. കാരണം, ശാസ്ത്രത്തിന്റെ ദുരുപയോഗം നശിപ്പിക്കുന്നത് സാധാരണക്കാരുടെ ജീവിതമാണ്.

നടുവൊടിക്കുന്ന മനുഷ്യാധ്വാനത്തെ ലഘൂകരിക്കുക എന്നതാണ് ശാസ്ത്രത്തിന്റെ പ്രാഥമികമായ നേട്ടങ്ങളിലൊന്ന്. എന്നിട്ടും അഭ്യസ്തവിദ്യയായ, യൗവനത്തിലേക്കു കാലെടുത്തു വയ്ക്കുക മാത്രം ചെയ്ത അന്ന സെബാസ്റ്റ്യൻ എന്ന യുവതി കുഴഞ്ഞു വീണു മരിച്ചത് അമിതാധ്വാനം മൂലമാണ്.

(ശേഷം 4–ാം പേജിൽ)


പേജ് 7 — തടിച്ചുകൊഴുത്ത സ്വാശ്രയ സമ്പ്രദായം: പോരാട്ടത്തെ വിഫലമാക്കിയ ഇടത്-വലത് സർക്കാരുകൾ

പേജ് 8 — ആർജി കർ: കരുത്തുറ്റ സാംസ്കാരിക പ്രതിപ്രവാഹം പടുത്തുയർത്തുക

പിആർ വിവാദം

# മുഖ്യമന്ത്രിയുടെ വാക്കുകൾ സംഘപരിവാറിന്റെ ആഖ്യാനങ്ങൾക്ക് വിശ്വാസ്യത നൽകുന്നു

*(1–ാം പേജിൽ നിന്ന്)*

ണ് വരികൾക്കിടയിലൂടെ വ്യക്തമാക്കിയത്.

### അഭിമുഖവിവാദം ഉയർത്തുന്ന ഗൗരവതരമായ ചോദ്യങ്ങൾക്ക് മുഖ്യമന്ത്രിക്ക് മറുപടിയില്ല

ഒക്ടോബർ 4ന മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ, താൻ പറയാത്ത കാര്യമാണ് ഹിന്ദു പത്രം പ്രസിദ്ധീകരിച്ചതെന്നും അതിൽ അവർ മാപ്പ് പറഞ്ഞെന്നും വിശദീകരിച്ചു. തനിക്ക് പിആർ ഏജൻസിയില്ലെന്നും ഒരു പൈസപോലും പിആർ ഏജൻസിക്കുവേണ്ടി ചെലവഴിച്ചിട്ടില്ലെന്നും അദ്ദേഹം ആവർത്തിച്ചു. എന്നാൽ അഭിമുഖവിവാദവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അതീവ ഗൗരവമുള്ള പല ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി പറഞ്ഞില്ല. മറുപടി പറയാനാകാത്ത ചോദ്യങ്ങളെ പതിവിനു വിപരീതമായി ചിരിയുടെ അശ്ലീലംകൊണ്ട് നേരിടുകയാണ് മുഖ്യമന്ത്രി ചെയ്തത്. ഏറ്റവും ആശങ്കയുണ്ടാക്കുന്ന കാര്യം മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞ പല കാര്യങ്ങളും പച്ചക്കള്ളമായിരുന്നു എന്നതാണ്.

ഈ സംഭവഗതികളുടെ കേന്ദ്രവിഷയത്തിലേക്കുവരുന്നതിനുമുമ്പ് മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ കാപട്യം തിരിച്ചറിയേണ്ടതുണ്ട്. ഒന്നാമത്തെ കാര്യം ഹിന്ദു ദിനപത്രം സ്വന്തം നിലയിൽ അഭിമുഖം ചോദിച്ചുവാങ്ങി എന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് പച്ചനുണയാണ്. പിആർ ഏജൻസി, പത്രത്തെ സമീപിച്ച് അഭിമുഖം വാഗ്ദാനം ചെയ്യുകയാണുണ്ടായത്. പിആർ ഏജൻസിയുടെ പങ്ക് ചിത്രത്തിലേ ഇല്ലാതാക്കാൻ മുഖ്യമന്ത്രി കള്ളം പറയാൻ നിർബ്ബന്ധിതമായതാണ്. അഭിമുഖവേളയിൽ പിആർ ഏജൻസിയുടെ രണ്ട് പ്രതിനിധികൾ മുഖ്യമന്ത്രിയോടൊപ്പം ഉണ്ടായിരുന്നുവെന്ന് 'ഹിന്ദു' വ്യക്തമാക്കിയിരുന്നു. എന്നാൽ മുഖ്യമന്ത്രി പറഞ്ഞത് അഭിമുഖത്തിനിടയിൽ ഒരാൾ കയറിവന്നുവെന്നും അതാരാണെന്ന് തനിക്കറിയില്ലെന്നുമായിരുന്നു. മുഖ്യമന്ത്രിക്കോ സുരക്ഷാ ഉദ്യോഗസ്ഥർക്കോ അറിഞ്ഞുകൂടാത്ത ഒരാൾ അഭിമുഖം നടക്കുന്ന മുഖ്യമന്ത്രിയുടെ മുറിയിലേക്ക്, അനുമതി കൂടാതെ കടന്നുവരില്ല എന്ന് സാമാന്യബോധമുള്ള ഏതൊരാൾക്കും അറിയാവുന്ന വസ്തുതയാണ്. പിആർ ഏജൻസിയുടെ പ്രതിനിധികളെ മുഖ്യമന്ത്രിയുടെ ആളുകളെന്ന നിലയിൽ ലേഖികയ്ക്ക് അറിയാമായിരുന്നുവെന്നാണ് 'ഹിന്ദു'വിന്റെ വിശദീകരണത്തിൽ നിന്നും വ്യക്തമാകുന്നത്. അല്ലെങ്കിൽത്തന്നെ ഒരു പത്രമെന്തിനാണ് ഇക്കാര്യത്തിൽ കള്ളം പറയുന്നത്. അവരുടെ കുറിപ്പിൽ വ്യക്തമാക്കിയ ഒരു കാര്യവും ഈ നിമിഷം വരെയും തിരുത്തിയിട്ടില്ല എന്നതിനാൽ, അക്കാര്യങ്ങളെല്ലാം വസ്തുതകളായി നിലനിൽക്കുകയാണ്. യുക്തിപൂർവ്വം വിലയിരുത്തിയാൽ, മുഖ്യമന്ത്രിയുടെ വിശദീകരണങ്ങൾ പിആർ ഏജൻസിയുടെ പങ്കിനെ നിഷേധിക്കുന്നതിനായി കണക്കുകൂട്ടി അവതരിപ്പിച്ച നുണകളായിരുന്നുവെന്നു ഉറപ്പിക്കാം. അപ്രകാരം അവതരിപ്പിക്കാനും പിആർ സംഘത്തിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടാകാം. സ്വയം അപഹാസ്യനാകുന്ന നുണകൾ അവതരിപ്പിച്ചുപോലും മറയ്ക്കാൻ നിർബ്ബന്ധിതമാകത്തക്കവിധമുള്ള ഗുരുതരമായ ഒരു രാഷ്ട്രീയ അജണ്ട, സെപ്റ്റംബർ 13ന് ദില്ലിയിൽ വിതരണം ചെയ്ത ഒരു പത്രക്കുറിപ്പ് (ഇതിന്റെ വിശദാംശങ്ങൾ പിന്നാലെ രേഖപ്പെടുത്താം) മുതൽ വിവാദഅഭിമുഖം വരെയുള്ള നടപടികളുടെ പിന്നിലുണ്ടെന്നു ന്യായമായും ഉറപ്പിക്കാം.

കേരളത്തിന്റെ മുഖ്യമന്ത്രിക്ക് പിആർ ഏജൻസി ഉണ്ടോ ഇല്ലയോ എന്നതല്ല, ഉയർത്തപ്പെട്ടിരിക്കുന്ന സുപ്രധാനമായ രാഷ്ട്രീയ വിഷയം. പിആർ ഏജൻസിയും ഇവന്റ് മനേജ്മെന്റ് കമ്പനികളും ഇമേജ് ബിൽഡിംഗ് ക്ലിക്കുകളും സിപിഐ(എം) അവലംബിച്ചിട്ടുള്ള വലതുപക്ഷ രാഷ്ട്രീയത്തിന്റെ സ്വഭാവിക പരിണതികൾ മാത്രം.

**കേരളത്തിന്റെ മുഖ്യമന്ത്രിക്ക് പിആർ ഏജൻസി ഉണ്ടോ ഇല്ലയോ എന്നതല്ല, സുപ്രധാനമായ രാഷ്ട്രീയ വിഷയം. പിആർ ഏജൻസിയും ഇവന്റ് മനേജുമെന്റ് കമ്പനികളും ഇമേജ് ബിൽഡിംഗ് ക്ലിക്കുകളും സിപിഐ (എം) അവലംബിച്ചിട്ടുള്ള വലതുപക്ഷ രാഷ്ട്രീയത്തിന്റെ സ്വഭാവിക പരിണതികൾ മാത്രമാണ്. അടിമുടി വലതുപക്ഷമായി മാറിക്കൊണ്ടിരിക്കുന്ന ഒരു പാർട്ടിയിൽനിന്നുമുള്ള ഇത്തരം അഴുകിയ നടപടികൾ ആരെയും അതിശയിപ്പിക്കുന്നില്ല.**

അടിമുടി വലതുപക്ഷമായി മാറിക്കൊണ്ടിരിക്കുന്ന ഒരു പാർട്ടിയിൽനിന്നുമുള്ള ഇത്തരം അഴുകിയ നടപടികൾ ആരെയും അതിശയിപ്പിക്കുന്നമില്ല. 2020ൽ താൻതന്നെ നിഷേധിച്ച പിആർ ഏജൻസിയുടെ സാന്നിദ്ധ്യം ഇപ്പോൾ എല്ലാ മറയും നീക്കി വ്യക്തമായിരിക്കുന്നുവെന്നു മാത്രം.

മുഖ്യമന്ത്രിയുടെ പേരിൽ കെയ്സൻ എന്ന പിആർഏജൻസി തങ്ങളെ സമീപിച്ചുവെന്ന് ഹിന്ദു ദിനപത്രം വ്യക്തമാക്കിയിരിക്കുന്നു എന്നതിനാൽ, അവരുടെ പാരമ്പര്യവും ക്രെഡിബിലിറ്റിയും പരിഗണിക്കുമ്പോൾ പത്രത്തെ തരിമ്പും സംശയിക്കേണ്ട കാര്യമില്ലല്ലോ. തന്റെ കെയറോഫിൽ പ്രവർത്തിക്കാൻ മുഖ്യമന്ത്രി ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെങ്കിൽ കെയ്സൻ എന്ന സംഘം എന്താണെന്ന് സർക്കാർ അന്വേഷിക്കേണ്ടതല്ലേ? അവരെന്താണ് ചെയ്യുന്നതെന്ന് പരിശോധിക്കേണ്ടതല്ലേ? അതിനൊന്നും മുതിരാതെ പിആർ വിവാദം അവസാനിച്ചു എന്ന് ഗോവിന്ദൻ മാഷ് പ്രഖ്യാപിച്ചാൽ തീരുന്നതല്ല ഈ വിവാദം ഉയർത്തിയ ചോദ്യങ്ങൾ. സംസ്ഥാനത്തിന്റെ ജനാധിപത്യ മനസ്സാക്ഷിക്ക് ആശങ്കയുണ്ടാക്കുന്ന അതീവപ്രധാനമായ ചോദ്യങ്ങളാണവ.

### ഭൂരിപക്ഷ വർഗ്ഗീയ വികാരം മുതലെടുക്കാനുള്ള മലപ്പുറം വിരുദ്ധ പ്രചാരണം

സംസ്ഥാനത്തിന്റെ സാമൂഹ്യഭദ്രതയ്ക്കും കെട്ടുറപ്പിനും ദീർഘകാലാടിസ്ഥാനത്തിൽ കനത്ത ആഘാതമേൽപ്പിക്കുന്ന വിവാദഭാഗം മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ കൂട്ടിച്ചേർത്തത് ഗുരുതരമായ കുറ്റകൃത്യമല്ലേ? അങ്ങിനെയെങ്കിൽ ഹിന്ദു ദിനപത്രത്തിനെതിരെയോ കെയ്സൻ എന്ന പിആർ ഏജൻസിക്കെതിരെയോ എന്തുകൊണ്ടാണ് കേസെടുക്കാതിരുന്നത്? കേസ് രജിസ്റ്റർ ചെയ്തില്ലെന്നു മാത്രമല്ല, ഈ നടപടിയെ വളരെ ലഘൂകരിച്ച് അവരെ കുറ്റവിമുക്തരാക്കുന്ന സമീപനം കൈക്കൊള്ളുന്നതും നാം കണ്ടു. മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ ഓഫീസിന്റെയും അറിവോടെ നടന്ന കാര്യമായതുകൊണ്ടുമാത്രമാണ് ഇത്തരമൊരു സമീപനം അദ്ദേഹത്തിന്റെയും പാർട്ടിയുടെയും ഭാഗത്തുനിന്നുണ്ടാകുന്നത്. അതല്ലാതെ അതിന് മറ്റൊരു കാരണവുമില്ല. വെറുമൊരു സോഷ്യൽ മീഡിയ പോസ്റ്റിന്റെ പേരിൽ, കലാപത്തിനുപ്രേരിപ്പിച്ചു എന്ന കുറ്റം ചുമത്തി ഒട്ടനവധി നിരപരാധികളെ ജയിലിലടച്ച സർക്കാർ, സംസ്ഥാന ഭരണകർത്താവിന്റെ അഭിമുഖത്തിൽ അദ്ദേഹമറിയാതെ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു ഭാഗം കൂട്ടിച്ചേർത്തവരോട് ക്ഷമിക്കുന്നതിന്റെ പിറകിലെ യുക്തി ആരെയും ബോധ്യപ്പെടുത്താനാവില്ല.

വിവാദഭാഗം എന്ന വിശേഷണത്തോടെ ഇപ്പോൾ അവതരിപ്പിക്കുന്ന ആഖ്യാനം പാർലമെന്റ് തിരഞ്ഞെടുപ്പിനുശേഷം സിപിഐ(എം) സംസ്ഥാനത്ത് ആസൂത്രിതമായി പാകപ്പെടുത്തിയ ഒന്നാണ്. മുസ്ലീം തീവ്രവാദശക്തികൾക്കെതിരെ പൊരുതുകയാണെന്ന പ്രതീതി സൃഷ്ടിച്ചുകൊണ്ട് ഭൂരിപക്ഷവർഗ്ഗീയ വികാരത്തെ മുതലാക്കുക എന്നതാണ് പദ്ധതി. പി.വി.അൻവർ എംഎൽഎയുടെ ആരോപണങ്ങൾക്ക് മറുപടി പറയാനായി സെപ്റ്റംബർ 21 ന് വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി 'കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആകെ 147.79 കിലോ ഗ്രാം സ്വർണം പിടികൂടിയതിൽ മലപ്പുറത്തുനിന്നുമാത്രം പിടിച്ചത് 124.47 കിലോയാണ്. 2020 മുതൽ സംസ്ഥാനത്താകെ 122.5 കോടി രൂപയുടെ ഹവാലപ്പണം പിടികൂടിയതിൽ 87.22 കോടിയും മലപ്പുറത്തുനിന്നാണ്. സ്വർണം, മയക്കുമരുന്ന്, കള്ളപ്പണം എന്നിവ കടത്തുന്നത് നാടിനെതിരായ കുറ്റകൃത്യമാണ്" എന്ന് പറയുകയുണ്ടായി. സംസ്ഥാനത്തുനിന്ന് ആകെ പിടിച്ചെടുത്തതിൽ മലപ്പുറത്തിന്റെ കണക്ക് പ്രത്യേകം സൂചിപ്പിക്കുന്നതിന്റെ പിറകിലെ കണക്കുകൂട്ടലെന്താണെന്ന് ഏതൊരാൾക്കും മനസ്സിലാകും. സ്വർണ്ണക്കടത്തു സംഭവങ്ങൾ ഏതെങ്കിലും ഒരു എയർപോർട്ടിൽ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ആ ജില്ലയുമായി അതിനെ ബന്ധിപ്പിക്കുന്നതിന് എന്താണ് അടിസ്ഥാനം? പോലീസ് ജില്ല അടിസ്ഥാനത്തിലും ജനസംഖ്യാനുപാതികമായും പരിശോധിച്ചാൽ കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ മലപ്പുറം നാലാം സ്ഥാനത്താണെന്ന് മുഖ്യമന്ത്രിക്ക് അറിയാവുന്ന വസ്തുതയല്ലേ? ഇതെല്ലാം അവഗണിച്ചുകൊണ്ട് മലപ്പുറത്തിന്റെമേൽ തീവ്രവാദ ലേബൽ പതിപ്പിക്കുന്നതിന്റെ ലക്ഷ്യം, ഏതാണ്ട് രണ്ടുദശാബ്ദങ്ങളായി സംഘപരിവാർ നടത്തുന്ന പ്രചാരണങ്ങൾ ബലപ്പെടുത്തിക്കൊണ്ട് ഭൂരിപക്ഷ വർഗ്ഗീയതയെ തിരഞ്ഞെടുപ്പ് നേട്ടത്തിനായി വിനിയോഗിക്കുക എന്നതാണ്. കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും ആപൽക്കരമായ ഒന്നായി സിപിഐ(എം) അനുവർത്തിക്കുന്ന ഈ നീചരാഷ്ട്രീയം മാറുകയാണ്.

മുകളിൽ സൂചിപ്പിച്ച പത്രസമ്മേളനത്തിനും ഒരാഴ്ചമുമ്പ് സെപ്റ്റംബർ 13ന് ഒരു പിആർ ഏജൻസി ദില്ലിയിൽ, മലപ്പുറത്തെ സംബന്ധിക്കുന്ന അപകീർത്തികരമായ പരാമർശങ്ങളും പിണറായി സർക്കാരിനെക്കുറിച്ചുള്ള പ്രശംസയും ഉൾപ്പെടുന്ന ഒരു പത്രക്കുറിപ്പ് വിതരണം ചെയ്യുകയുണ്ടായി. സ്വർണക്കടത്ത് മാഫിയയെ ഇല്ലാതാക്കാൻ നടത്തിയ ഇടപെടലുകളാണ് മുഖ്യമന്ത്രിക്കെതിരെ ആരോപണങ്ങൾ ഉയരാനിടയാക്കിയതെന്നും ഈ കുറിപ്പിൽ വ്യക്തമാക്കിയിരുന്നു. കുറിപ്പിന്റെ ഉള്ളടക്കം ഇപ്രകാരം തുടരുന്നു. '2020 മുതൽ 337 ഹവാല കേസ്സുകൾ രജിസ്റ്റർ ചെയ്തു. 122.35 കോടി രൂപ പിടിച്ചെടുത്തു. ഇതിൽ വലിയൊരു ഭാഗം തുകയും നിരോധിത സംഘടനകൾക്കായി എത്തിയതാണ്. കൂടതലും മലപ്പുറത്തുനിന്നാണ് പിടിച്ചെടുത്തത്. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് 188 കേസുകൾ രജിസ്റ്റർ ചെയ്തു. 81 കോടി രൂപ വില മതിക്കുന്ന 147.78 കിലോഗ്രാം സ്വർണം പിടികൂടി. സർക്കാർ വിരുദ്ധ ശക്തികളെ കേരളത്തിലും വിദേശത്തും പ്രത്യേകിച്ച് യുഎഇയിലും നെറ്റ് വർക്കുള്ള മാഫിയകളാണ് ഫണ്ട് ചെയ്യുന്നതെന്ന് ഇന്റലിജൻസ് റിപ്പോർട്ടിലുണ്ടെന്ന്" കുറിപ്പ് വിശദീകരിക്കുന്നു. മുകളിൽ സൂചിപ്പിച്ച കുറിപ്പിന്റെ ഉള്ളടക്കം അതേപടി മുഖ്യമന്ത്രിയുടെ സെപ്റ്റംബർ 21ലെ പത്രസമ്മേളനത്തിൽ ആവർത്തിക്കുന്നതാണ് നാം കണ്ടത്. ദില്ലി പത്രക്കുറിപ്പും സെപ്റ്റംബർ 21ലെ പത്രസമ്മേളനവും ഹിന്ദുവിന്റെ വിവാദ അഭിമുഖവുമെല്ലാം സിപിഐ(എം)ന്റെ നേതൃത്വത്തിൽ നടന്ന സംഘടിതമായ ഒരു പിആർ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നുവെന്നാണ് ഇപ്പോൾ തെളിയുന്ന വസ്തുത. ഇതേ പിആർ സംഘം മുൻകൈയെടുത്ത് ഖലീജ് ടൈംസിലും മുഖ്യമന്ത്രിയുടെ ഇന്റർവ്യൂ തരപ്പെടുത്തി നൽകിയതായും വാർത്ത വന്നിട്ടുണ്ട്.

ഒടുവിൽ വിവാദമായിരിക്കുന്ന അഭിമുഖത്തിൽ പിആർ ഏജൻസി ആവശ്യപ്പെട്ടതനുസരിച്ച് കൂട്ടിച്ചേർത്തതെന്ന് ഹിന്ദു ദിനപത്രം വ്യക്തമാക്കിയ രണ്ട് വാചകത്തിനു തൊട്ടുമുമ്പ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ള വാചകം കൂടി ചേർത്തുവായിക്കുന്നത് അഭിമുഖത്തിന്റെ ആകമാനലക്ഷ്യം മനസ്സിലാക്കാൻ സഹായിക്കും. 'ഞങ്ങളുടെ ഗവൺമെന്റ് മുസ്ലീം തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ നടപടിയെടുക്കുമ്പോൾ, ഞങ്ങൾ മുസ്ലീങ്ങൾക്കെതിരെപ്രവർത്തിക്കുന്നുവെന്ന് ചിത്രീകരിക്കാനാണ് അവർ ശ്രമിക്കുന്നത്" ഇതിന്റെ തുടർച്ചയായാണ് 'ഉദാഹരണമായി മലപ്പുറം ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 150 കിലോഗ്രാം സ്വർണവും 123 കോടി രൂപയുടെ ഹവാലപ്പണവും സംസ്ഥാന പോലീസ് പിടികൂടിയിട്ടുണ്ട്. 'സംസ്ഥാന വിരുദ്ധവും' 'ദേശവിരുദ്ധവുമായ പ്രവർത്തനങ്ങൾ'ക്കായാണ് ഈ പണംകേരളത്തിലേക്ക്പ്രവേശിച്ചിരിക്കുന്നത് ' എന്ന വാചകങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളത്. സെപ്റ്റംബർ 21 ലെ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി മലപ്പുറത്തെക്കുറിച്ചുള്ള ഇതേ കാര്യങ്ങൾ ഉന്നയിച്ചതാണെന്ന് ചൂണ്ടിക്കാട്ടിയാണ് വിവാദഭാഗം ഉൾപ്പെടുത്താൻ മുഖ്യമന്ത്രിയുടെ പിആർ വക്താക്കൾ ഹിന്ദു ലേഖികയോട് ആവശ്യപ്പെട്ടത്.

സെപ്റ്റംബർ 13ലെ പത്രക്കുറിപ്പ് മുതൽ വിവാദ അഭിമുഖം വരെ, കുറ്റകൃത്യങ്ങൾക്ക് മന:പൂർവ്വം ഒരു മുസ്ലീം പരിവേഷം നൽകുന്നതിനായി മുസ്ലീം എന്ന അസ്തിത്വത്തെയും മലപ്പുറത്തെയും വിദഗ്ധമായി കൂട്ടിക്കെട്ടുകയാണ്. വ്യക്തികൾ നടത്തുന്ന കുറ്റകൃ

*(ശേഷം 3–ാം പേജിൽ)*

**പിആർ വിവാദം**

# ഭൂരിപക്ഷ വർഗ്ഗീയധ്രുവീകരണം ലക്ഷ്യമിട്ട് മലപ്പുറത്തിനു മേൽ തീവ്രവാദ ചാപ്പകുത്തുന്ന സിപിഐ(എം)

(2-ാം പേജിൽ നിന്ന്)

ത്യങ്ങൾക്ക് മതപരമായ ഒരു മുദ്ര ചാർത്തുക എന്നത് ഇതിലൂടെ നിറവേറ്റുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ എല്ലാ മതസ്ഥരിലും പെടുന്നവരല്ലേ? മുസ്ലീങ്ങളല്ലാത്തവർ കുറ്റവാളികളായാൽ അത് വ്യക്തികളുടെ കുറ്റകൃത്യങ്ങളും മുസ്ലീങ്ങൾ കുറ്റവാളികളായാൽ അതിന്റെ പാപഭാരം മതത്തിന്റെ ശിരസ്സിലും കെട്ടിവയ്ക്കുന്നതെന്തുകൊണ്ടാണ്? ആസൂത്രിതമായി മുസ്ലീം വിരുദ്ധതയും ഇസ്ലാമോഫോബിയയും പ്രയോജനപ്പെടുത്തി രാഷ്ട്രീയനേട്ടം ഉണ്ടാക്കുക എന്ന അങ്ങേയറ്റം ജുഗുപ്സാവഹമായ ലക്ഷ്യമാണ് ഈ പ്രചാരവേലയുടെ പിറകിലുള്ളത്.

അഭിമുഖവിവാദവും അനുബന്ധ വിഷയങ്ങളും അടിവരയിടുന്ന ഏറ്റവും ആശങ്കാജനകമായ രാഷ്ട്രീയ സാഹചര്യം ഇതാണെന്ന് പറയാതിരിക്കാനാവില്ല. വർഗീയ വിദ്വേഷ രാഷ്ട്രീയം പ്രയോഗിച്ച്, സാമുദായിക ധ്രുവീകരണമുണ്ടാക്കി, മുതലെടുപ്പ് നടത്താനുള്ള സംഘടിതമായ ഒരു പിആർ ഗൂഢാലോചനയായിരുന്നു സെപ്റ്റംബറിൽ നാം കണ്ട കാര്യങ്ങളെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ഒരൊറ്റ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത ഹീനപദ്ധതി വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ നടപ്പാക്കുകയായിരുന്നു. മലപ്പുറത്തെയും മുസ്ലീം ജനവിഭാഗങ്ങളെയും തീവ്രവാദ ചാപ്പകുത്തുക എന്നതായിരുന്നു അതിനായി രൂപപ്പെടുത്തിയ പ്രൊപ്പഗാന്റാ മെറ്റീരിയൽ.

അഭിമുഖം പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ആരെയാണോ ഇന്റർവ്യൂ ചെയ്തത് അയാൾക്ക് ഉള്ളടക്കം അയച്ചുകൊടുത്ത് അന്തിമമാക്കുന്ന സാധാരണ നടപടിക്രമം ഇവിടെ പാലിക്കപ്പെടാതെ പോയോ? പബ്ലിക്ക് റിലേഷൻ പ്രവർത്തനങ്ങൾക്കും മാധ്യമപ്രവർത്തനങ്ങൾക്കുമായി വലിയൊരു പടയെത്തന്നെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ, വിശേഷിച്ചും. ഈ പ്രക്രിയ പാലിക്കപ്പെടേണ്ടതാണ്. എന്തുകൊണ്ട് അത് നിർവ്വഹിക്കപ്പെട്ടില്ല? അതോ, മുഖ്യമന്ത്രിയോ ചുമതലപ്പെട്ടവരോ അഭിമുഖം പരിശോധിച്ച് അനുമതി നൽകിയതാണോ? വിവാദഭാഗം ഉൾപ്പെടെ അച്ചടിച്ച് വരട്ടെയെന്ന് കണക്കുകൂട്ടി നീങ്ങിയതാണോ? ആരും വിവാദമാക്കുന്നില്ലെങ്കിൽ അപ്രകാരം തന്നെ നിലനിൽക്കട്ടെ എന്ന തീരുമാനിക്കുകയും, മറിച്ച്, ആരെങ്കിലും അത് പ്രശ്നമാക്കി കൊണ്ടുവന്നാൽ മുഖ്യമന്ത്രി പറഞ്ഞതല്ല എന്ന ന്യായം ഉയർത്തി പിൻവലിക്കുകയും ചെയ്യാം എന്ന് കണക്കുകൂട്ടിയിരുന്നോ? ഇപ്രകാരം നിഗമനം നടത്താൻ ന്യായമേറെയുണ്ടുതാനും.

വിവാദഭാഗം കൂട്ടിച്ചേർത്ത ആളുകളെ സംരക്ഷിക്കുന്ന മുഖ്യമന്ത്രിയുടെ നിലപാടാണ് ഇതിൽ പ്രധാനം. കൂടുതൽ വിവരങ്ങൾ പുറത്തുവരരുതെന്ന കണക്കുകൂട്ടലിൽ ചോദ്യങ്ങളിൽനിന്നും അന്വേഷണങ്ങളിൽ നിന്നും ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് അവരെ സംരക്ഷിക്കുന്നത്. സെപ്റ്റംബർ 30നാണ് അഭിമുഖം അച്ചടിച്ചുവന്നത്. അന്നുതന്നെ മലപ്പുറം ജില്ലയിൽ യുഡിഎഫിന്റെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനങ്ങൾ വ്യാപകമായി നടന്നു. മുഖ്യമന്ത്രിയുടെ ഓഫീസ് സെപ്റ്റംബർ 30നുതന്നെ അഭിമുഖം കണ്ടിട്ടുണ്ടാകുമല്ലോ. മുഖ്യമന്ത്രി പറയാത്ത കാര്യങ്ങൾ അച്ചടിച്ചുവന്നുവെന്ന് മനസ്സിലാക്കിയിട്ടും എന്തുകൊണ്ടാണ് പ്രസ്സ് സെക്രട്ടറി അന്നുതന്നെ ഹിന്ദു പത്രത്തിന് കത്തയയ്ക്കാതിരുന്നത്? വിവാദഭാഗത്തെ നിലനിർത്താൻ താൽപ്പര്യപ്പെട്ടിരുന്നുവെന്നാണ് ഇത് തെളിയിക്കുന്നത്. പ്രതിപക്ഷം പ്രതിഷേധവുമായി തെരുവിൽ വരുന്നിടംവരെ അവർ ഒന്നും ചെയ്തില്ല.

പച്ചനുണകളും വ്യാജവിവരങ്ങളും കുത്തിനിറച്ചുകൊണ്ട് ബിജെപിയുടെ നേതൃത്വത്തിൽ സംഘപരിവാർ പ്രചരിപ്പിക്കുന്ന ആഖ്യാനങ്ങൾക്ക് വിശ്വാസ്യതയുണ്ടാക്കുന്ന വാക്കുകൾ, കേരളത്തിന്റെ ജനാധിപത്യ-മതേതര ഘടനയ്ക്കുമേൽ ഏൽപ്പിക്കുന്ന ആഘാതത്തിന്റെ മാനം അറിഞ്ഞുകൂടാത്ത പാർട്ടിയല്ല സിപിഐ(എം). സെപ്റ്റംബർ 21ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞതും അതിനുമുമ്പുതന്നെ സെപ്റ്റംബർ 13ന് ഡൽഹിയിൽ പിആർ ഏജൻസി വഴി വിതരണം ചെയ്ത വാർത്താക്കുറിപ്പും ഒടുവിൽ സെപ്റ്റംബർ 29 ന് ഹിന്ദുവിന് നൽകിയ അഭിമുഖത്തിലെ ഉള്ളടക്കവും ദേശീയ തലത്തിൽ സംഘപരിവാർ നിരന്തരം ആവർത്തിക്കുന്ന പൊളിറ്റിക്കൽ നരേറ്റീവ് ആണെന്നത് മതേതര കേരളത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്നു. കാലങ്ങളായി ആർഎസ്എസും ഇതര സംഘപരിവാർ ശക്തികളും നമ്മുടെ സമൂഹത്തെ വർഗീയമായി വിഭജിക്കുവാൻ നടത്തിക്കൊണ്ടിരിക്കുന്ന അതേ വിദ്വേഷ പ്രചാരണത്തിന്റെ ഭാഷയായിരുന്നു മുഖ്യമന്ത്രിയുടേത്.

സ്വർണ്ണക്കള്ളകടത്തിനെയും ഹവാല പണമിടപാടിനെയും മലപ്പുറം ജില്ലയുമായി ബന്ധിപ്പിച്ചതും അങ്ങനെ വരുന്ന പണം രാജ്യദ്രോഹ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന് ആരോപിച്ചതും എന്ത് തെളിവിന്റെ അടിസ്ഥാനത്തിലാണ്. സ്വർണകള്ളക്കടത്തിലൂടെയും ഹവാല ഇടപാടിലൂടെയും വന്നുചേരുന്ന പണം ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതായി കണ്ടെത്തിയ ഒരു കേസ്സെങ്കിലും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ? വളരെ സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ സംഘപരിവാർ ശക്തികൾ ചമച്ചിട്ടുള്ള ഒരു വ്യാഖ്യാനമെന്നതിനുമപ്പുറം ഒരടിസ്ഥാനവുമില്ലാത്ത ആരോപണമാണ് ഒരു ജനവിഭാഗത്തെ ഒന്നാകെ അപരവൽക്കരിക്കാനിടയാക്കിക്കൊണ്ടിരിക്കുന്നത്.

## പിആർ സംഘം ആരുടെ താൽപര്യം സംരക്ഷിക്കുന്നു?

മുഖ്യമന്ത്രിയ്ക്കുവേണ്ടി പിആർ പണിയെടുക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് മഹാരാഷ്ട്രയിൽ ശിവസേനയ്ക്കും മറ്റും പിആർ ചെയ്യുന്ന കെയ്സൻ എന്ന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിനീത് ഹണ്ടയാണെന്നാണ് പുറത്തുവന്നിട്ടുള്ള വാർത്ത. കെയ്സൻ എന്ന സ്ഥാപനത്തിൽ റിലയൻസിന് ഓഹരിപങ്കാളിത്തമുണ്ടെന്നും, റിലയൻസിന്റെ പിആർ പ്രതിനിധിയായാണ് ഹരിപ്പാട് മുൻ എംഎൽഎ ദേവകുമാറിന്റെ മകൻ സുബ്രഹ്മണ്യനും ആ അഭിമുഖവേളയിൽ പങ്കെടുത്തതുമെന്നാണ് അറിയുന്നത്. അപ്പോൾ കേരളത്തിലെ മുഖ്യമന്ത്രിയുടെ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് വഴിയല്ല, പ്രസ്സ് സെക്രട്ടറിയോ ഔദ്യോഗിക പ്രതിനിധിയോ നേരിട്ടല്ല, മറ്റാരും അറിയാത്ത ഒരു ഏജൻസിയെ നിയോഗിച്ചാണ് ഈ വിപൽക്കരമായ വാർത്താ വിസ്ഫോടനം നടത്തിയിരിക്കുന്നത്. സ്വർണ്ണ-ഹവാല കള്ളപ്പണവേട്ടയെന്ന തിരക്കഥ പിണറായി വിജയന്റെ നിഗൂഢ പിആർ സംഘം മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനത്തിന് ഒരാഴ്ച മുമ്പേതന്നെ ഡൽഹിയിലെ ഇംഗ്ലീഷ് പത്രങ്ങൾക്ക് നൽകിയിരുന്നുവെന്നത് എല്ലാം മുൻകൂട്ടി തയ്യാറാക്കിയതാണ് എന്നതിന്റെ തെളിവാണ്. മലപ്പുറം ജില്ലയെ ദേശദ്രോഹ പ്രദേശമായി ചിത്രീകരിക്കാൻ തലക്കെട്ട് ഉൾപ്പെടെ തയ്യാറാക്കി മൂന്നുതവണയായി മാധ്യമങ്ങളെ സമീപിച്ചത് ഒരേ പിആർ ഏജൻസിതന്നെ. മൂന്നാമത്തെ തവണ സാക്ഷാൽ മുഖ്യമന്ത്രി യോടൊപ്പം നേരിട്ടെത്തി. അപ്പോൾ, അവർ യഥാർത്ഥത്തിൽ ആരുടെ പിആർ സംഘമാണെന്ന് സംശയാതീതമായി തെളിയിക്കപ്പെടുകയാണ്.

തിരഞ്ഞെടുപ്പിൽ നഷ്ടപ്പെട്ട ഹിന്ദു വോട്ടുബാങ്ക് തിരിച്ചുപിടിക്കാമെന്നും അതോടൊപ്പം സ്വർണക്കള്ളക്കടത്തിലും ഹവാലാ ഇടപാടിലും സംസ്ഥാന സർക്കാരിനുള്ള പങ്കിനെ പരസ്യമായി തുറന്നുകാണിച്ച ഭരണകക്ഷി എംഎൽഎ ആയ പി.വി.അൻവറിന്റെ വായടപ്പിക്കാമെന്നുമുള്ള പിആർ ഉപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേകശൂന്യമായ നീക്കമാണ് മുഖ്യമന്ത്രിയും കൂട്ടരും നടത്തിയതെന്ന് പറയാതെ വയ്യ. രാഷ്ട്രീയ-സാമുദായിക മണ്ഡലങ്ങളിൽ അതുണ്ടാക്കാൻപോകുന്ന പ്രത്യാഘാതങ്ങളുടെ ആഴം എത്ര വലുതായിരിക്കുമെന്ന് അല്പമെങ്കിലും ഇടതുപക്ഷബോധം അവശേഷിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാനാവും.

> **സംസ്ഥാനത്തിന്റെ സാമൂഹ്യഭദ്രതയ്ക്കും കെട്ടുറപ്പിനും ദീർഘകാലാടിസ്ഥാനത്തിൽ കനത്ത ആഘാതമേൽപ്പിക്കുന്ന വിവാദഭാഗം മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ കൂട്ടിച്ചേർത്തത് ഗുരുതരമായ കുറ്റകൃത്യമല്ലേ? അങ്ങിനെയെങ്കിൽ ഹിന്ദു ദിനപത്രത്തിനെതിരെയോ കെയ്സൻ എന്ന പിആർ ഏജൻസിക്കെതിരെയോ എന്തുകൊണ്ടാണ് കേസെടുക്കാതിരുന്നത് ? കേസ് രജിസ്റ്റർ ചെയ്തില്ലെന്നു മാത്രമല്ല, ഈ നടപടിയെ വളരെ ലഘൂകരിച്ച് അവരെ കുറ്റവിമുക്തരാക്കുന്ന സമീപനം കൈക്കൊള്ളുകയാണ് ചെയ്തത്.**

സിപിഐ(എം)ന്റെ അവിശുദ്ധ സൃഷ്ടികളിൽ ഒരാളായ, സംസ്ഥാനത്തെ ഭരണാധികാരികളുടെ എല്ലാ ദുഷ്ചെയ്തികൾക്കും ഇക്കാലമത്രയും കൂട്ടുനിന്ന പി.വി.അൻവർ എന്ന പിണറായി വിജയന്റെ വലംകൈ, താൻ കൂടി പങ്കാളിയായി ചെയ്തുകൂട്ടിയ കുറ്റകൃത്യങ്ങളുടെ കണക്കുകൾ എണ്ണി പറയുമ്പോൾ പ്രതിരോധിക്കാനാകാതെ പ്രതിസ്ഥാനത്ത് നിൽക്കുകയാണ് മുഖ്യമന്ത്രിയും ഇടതുമുന്നണി സർക്കാരും. വിശേഷിച്ചും, സ്വർണ്ണക്കടത്തിലും ഹവാല ഇടപാടിലും മറ്റുമൊക്കെ സംസ്ഥാന മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നേരിട്ടുള്ള പങ്കും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് ഈ കുറ്റകൃത്യങ്ങളിലുള്ള പങ്കും പി.വി.അൻവർ പരസ്യമായി പുറത്തുവിടുമ്പോൾ അതിനുത്തരം പറയാനാകാതെ വിയർക്കുകയാണ് മുഖ്യമന്ത്രിയും കൂട്ടരും. അതിനെ നേരിടാനുള്ള വളഞ്ഞ വഴിയായും ഈ പ്രചാരവേലയെ ഉപയോഗിക്കുകയാണ്.

ഏറെക്കാലമായി ബിജെപിയും സംഘപരിവാർശക്തികളും സംസ്ഥാന സർക്കാരിലെ പോലീസ് ഉന്നതരും തമ്മിലുള്ള ബന്ധം ശക്തിപ്പെട്ടുവരുന്നുവെന്ന് സിപിഐ(എം) നേതാക്കൾ ഉൾപ്പെടെയുള്ളവർ ആരോപിച്ചിരുന്നു. ആർഎസ്എസിന്റെയും സംഘപരിവാറിന്റെയും അനുകൂലികൾ ആയിട്ടുള്ളവർ ഉന്നതാധികാര കേന്ദ്രങ്ങളിൽ, വിശേഷിച്ചും, പോലീസിന്റെ തലപ്പത്ത് പ്രതിഷ്ഠിക്കപ്പെട്ട്, പോലീസിനെയും ക്രമസമാധാനത്തെയും സംഘപരിവാർ ശക്തികൾ നിയന്ത്രിക്കുന്നുവെന്ന ആരോപണം ഒന്നാം പിണറായി സർക്കാരിന്റെ അവസാനകാലത്തുതന്നെ ഉയർന്നുവന്നതാണ്. പൗരത്വനിയമ ഭേദഗതിക്കെതിരായ പ്രക്ഷോഭകാലത്ത്, സമരം ചെയ്തവർക്കെതിരെ നൂറുകണക്കിന് കേസുകൾ രജിസ്റ്റർ ചെയ്തുകൊണ്ട് കേരള പോലീസ് മോദി സർക്കാരിനോടുള്ള വിധേയത്വം തെളിയിക്കുകയും ചെയ്തു. നയപരമായി പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളിലും-ലേബർ കോഡുകൾ മുതൽ ദേശീയ വിദ്യാഭ്യാസ നയം വരെ -കേന്ദ്രമോദി സർക്കാരിന്റെ സംഘപരിവാർ പരിപാടികൾ സംസ്ഥാനത്ത് അപ്പടി നടപ്പാക്കി ഓച്ഛാനിച്ചു നിൽക്കുന്നതാണ് കാണുന്നത്.

ഇപ്പോൾ, മഞ്ചേശ്വരം തിരഞ്ഞെടുപ്പ് കേസിൽ ബിജെപി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രനെ കുറ്റവിമുക്തനാക്കിയതിൽ പ്രോസിക്യൂഷൻ വീഴ്ചയെ സംബന്ധിക്കുന്ന ഗുരുതരമായ ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. മുഖ്യമന്ത്രിയും മകളും ഒക്കെ ഉൾപ്പെടുന്ന കേസുകൾ കേന്ദ്രസർക്കാരും ഇഡി യുമൊക്കെ തൊട്ടു തലോടി വിടുന്നതിന് പ്രത്യുപകാരം എന്ന നിലയിൽ ആണോ കെ.സുരേന്ദ്രന്റെയും മറ്റും കേസുകൾ തീർപ്പാക്കി കൊടുക്കുന്നത്? സമവായത്തിന്റെയും സമന്വയത്തിന്റെയും രാഷ്ട്രീയ ഗോദയിൽ സിപിഐ(എം)-ആർഎസ്എസ് നേതാക്കൾ പരസ്പരം കൈകോർത്തു നിൽക്കുന്നതായി ആർക്കും സന്ദേഹം ഉണ്ടാകാത്തവിധമാണ് ഇരുകൂട്ടരുടെയും 'പരസ്പര സഹായ സഹകരണ സംഘം' മുന്നോട്ടു പോകുന്നത്.

ഇക്കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ സിപിഐ(എം)നേറ്റ കനത്ത തിരിച്ചടിക്ക് കാരണം മതന്യൂനപക്ഷങ്ങൾ പ്രത്യേകിച്ചും മുസ്ലീം ജനവിഭാഗം എൽഡിഎഫിനെ കൈയൊഴിഞ്ഞു എന്നതാണ് സിപിഐ(എം)ന്റെ വിശകലന വിദഗ്ദ്ധർ കണ്ടെത്തിയ പാഠങ്ങളിൽ ഒന്ന്. പൗരത്വനിയമ ഭേദഗതിയുടെ അപകടം പ്രചരിപ്പിച്ച് ന്യൂനപക്ഷങ്ങളുടെ വോട്ട് സമാഹരിച്ച് വിജയിക്കാം എന്ന കുതന്ത്ര രാഷ്ട്രീയനീക്കം പാടേ പരാജയപ്പെട്ടു എന്നു മാത്രമല്ല സിപിഐ(എം)ന് ഇക്കാലമത്രയും ലഭിച്ചുകൊണ്ടിരുന്ന പരമ്പരാഗത ഹിന്ദുവോട്ടിൽ അത് വൻവിള്ളൽ വീഴ്ത്തുകയും ചെയ്തുവെന്ന വിലയിരുത്തലാണ് അവർ നടത്തിയത്. തിരഞ്ഞെടുപ്പ് പരാജയകാരണങ്ങൾ വിലയിരുത്തുമ്പോൾ ജാതി-മത ഘടകങ്ങളല്ലാതെ രാഷ്ട്രീയ ഘടകങ്ങളൊന്നും അവരുടെ പരിഗണനയിലേക്ക് വരില്ലല്ലോ. വളർന്നുവരുന്ന ഹിന്ദു വർഗീയ വികാരത്തെ അനുകൂലമാക്കിക്കൊണ്ട് ഭൂരിപക്ഷ വോട്ട് ബാങ്ക് സംരക്ഷിക്കുക എന്ന കണക്കുകൂട്ട

(ശേഷം 9-ാം പേജിൽ)

# അറിവ് സൃഷ്ടിക്കാനുതകുന്ന പ്രക്രിയ സ്ഥാപിച്ചത് ആധുനിക ശാസ്ത്രം

ശാസ്ത്ര പ്രസ്ഥാനം

(1–ാം പേജിൽ നിന്ന്)

ലക്ഷക്കണക്കിന് യുവാക്കൾ തൊഴിലില്ലാതെ പുറത്തുനില്ക്കുമ്പോഴാണ് നാലു പേരുടെ അധ്വാനം ഒറ്റയ്ക്കു ചെയ്യിച്ച് ആ യുവതിയെ ഏണസ്റ്റ് ആന്റ് യംഗ് എന്ന ബഹുരാഷ്ട്ര കമ്പനി കൊലയ്ക്കുകൊടുത്തത്. ബഹുരാഷ്ട്ര കമ്പനികളുടെ മാത്രം സ്ഥിതിയല്ല ഇത്. മുഴുവൻ തൊഴിൽമേഖലയിലെയും സ്ഥിതിയാണിത്. വിനോദത്തിനും വിശ്രമത്തിനും കൂടുതൽ സമയം നൽകി, കുറഞ്ഞ സമയം മാത്രം അധ്വാനിക്കുന്ന തരത്തിൽ കൂടുതലാളുകൾക്ക് ജോലി നൽകാൻ ശാസ്ത്രവും സാങ്കേതികവിദ്യകളും സഹായിക്കുമ്പോൾ കോർപ്പറേറ്റ് നയങ്ങൾ നേർവിപരീത ദിശയിലാണു ചലിക്കുന്നത്. പരമാവധി കുറച്ചുപേർക്കു മാത്രം ജോലി നൽകി, എല്ലുമുറിയെ പണിയെടുപ്പിക്കുക എന്നതാണ് കോർപ്പറേറ്റ് രംഗത്തെ നാട്ടുനടപ്പ്. അതു സാധ്യമാകണമെങ്കിൽ തൊഴിൽരഹിതരുടെ ഒരു കാവൽപ്പട പുറത്തുണ്ടാകണം. എങ്കിലേ തൊഴിലന്വേഷകരുടെ വിലപേശൽ ശേഷി കുറഞ്ഞിരിക്കൂ. എങ്കിലേ ഏറ്റവും കുറഞ്ഞ കൂലിക്ക് ഒരാളെ നിയമിക്കാനാകൂ. എന്തുകൊണ്ടാണ് ഈ വൈരുദ്ധ്യം പരിഹരിക്കപ്പെടാതിരിക്കുന്നത്?

30.4 കോടി ടൺ ഭക്ഷ്യധാന്യങ്ങളാണ് 2023–24ൽ ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെട്ടത്. ഇന്ത്യയിലെ ജനങ്ങളെ തീറ്റിപ്പോറ്റാൻ വേണ്ടതിലധികമാണിതെന്നു പറയുമെങ്കിലും ലോക പട്ടിണിസൂചികയിൽ ഇന്ത്യയുടെ സ്ഥാനം 105 ആണ്. മിക്ക വികസിത രാജ്യങ്ങളിലും ധാന്യോല്പാദനം കൂടുതലാണെങ്കിലും അവിടങ്ങളിലുൾപ്പെടെ, ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും ഏഷ്യയിലെയും വലിയൊരു വിഭാഗം ജനങ്ങൾ(ഏതാണ്ട് 73 കോടി പേർ അഥവാ 11 പേരിലൊരാൾ) അരവയറോടെയാണ് നിത്യേന ഉറങ്ങാൻ പോകുന്നത്. കാർഷിക ശാസ്ത്രത്തിലും എഞ്ചിനീയറിംഗിലും വലിയ വളർച്ചയുണ്ടായിട്ടും ഉല്പാദനം കൂടിയിട്ടും കുഞ്ഞുങ്ങളുൾപ്പെടെ ജനങ്ങൾ പട്ടിണി കിടക്കുന്നതെന്തുകൊണ്ട്?

ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാനാണ് ശാസ്ത്രവും സാങ്കേതിക വിദ്യകളും ഉപയോഗിക്കേണ്ടതെന്നാണ് നമ്മുടെ ധാരണയും പ്രതീക്ഷയും. എന്നാൽ അത്യന്തം സങ്കീർണ്ണമായ യുദ്ധോപകരണങ്ങളുടെ നിർമിതിയിലാണ് ഇന്ന് മിക്കവാറും എല്ലാ രാജ്യങ്ങളുടെയും ഗവേഷണം കേന്ദ്രീകരിക്കുന്നത്. ആയുധവ്യവസായമാണ് ലോകസാമ്പത്തികരംഗത്തെ ചലിപ്പിക്കുന്നത്. കുന്നുകൂട്ടിക്കൊണ്ടിരിക്കുന്ന ആയുധങ്ങൾ വിനാശത്തിനു മാത്രമാണുപകരിക്കുക എന്നറിയാമെങ്കിലും ആ ഗവേഷണവും വ്യവസായവും പ്രോത്സാഹിപ്പിക്കപ്പെടുന്നതെന്തുകൊണ്ട്?

വൈദ്യശാസ്ത്രഗവേഷണവും ലാഭം ഉറപ്പാക്കുന്ന മേഖലകളിലാണ് പ്രധാനമായും നടക്കുന്നത്. ആന്റിബയോട്ടിക് പ്രതിരോധം നേടിയ രോഗാണുക്കളുടെ വ്യാപനമായിരിക്കും അടുത്ത ഗൗരവതരമായ ആരോഗ്യപ്രശ്നം എന്ന് ലോകാരോഗ്യസംഘടനയടക്കം മുന്നറിയിപ്പു നൽകിയിട്ടും ഒരാൾ ജീവിതകാലം മുഴുവൻ ഉപയോഗിക്കേണ്ടിവരുന്ന, ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകളുടെ മേഖലയിലാണ് ഗവേഷണം കൂടുതൽ നടക്കുന്നത്. സ്ഥിരം കമ്പോളവും ലാഭവും ഉറപ്പിക്കാൻ കഴിയുക അതിനാണ് എന്നതാണു കാരണം. വികസിപ്പിച്ച മരുന്നുകളുടെ ലഭ്യതയിലും വിതരണത്തിലും ഗുരുതരമായ അസമത്വവും നിലനിൽക്കുന്നു. കോവിഡ് വാക്സീൻ വികസിപ്പിച്ച സമയത്ത്, ലോകത്തെല്ലായിടത്തും ഒരേ സമയം തന്നെ അവ ഉപയോഗിച്ചില്ലെങ്കിൽ വൈറസ് പ്രതിരോധം നേടുമെന്ന് വ്യക്തമായിട്ടും അവികസിതരാജ്യങ്ങൾക്ക് അവ ലഭ്യമായില്ല. ലോകസാമ്പത്തികരംഗം പിന്നോട്ടടിച്ചപ്പോഴും വാക്സിൻ കമ്പനികൾ കൊള്ളലാഭം ഉണ്ടാക്കുന്നതും നാം കണ്ടു. ചുരുക്കത്തിൽ, മനുഷ്യജീവിതത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെ നേരിടാൻ ശാസ്ത്രം പര്യാപ്തമായിട്ടും അവ പരിഹരിക്കപ്പെടാത്തതെന്തുകൊണ്ടാണ്? ശാസ്ത്രത്തിന്റെ നേട്ടങ്ങൾ ജനങ്ങൾക്കു കിട്ടാത്തതെന്തുകൊണ്ട്? ഈ ചോദ്യങ്ങൾക്കുത്തരം കാണേണ്ടതും അതനുസരിച്ച് പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും ഇന്ന് ജനകീയ ശാസ്ത്രപ്രസ്ഥാനങ്ങളുടെ ചുമതലയാണ്. ശാസ്ത്രത്തിന്റെ സ്വതന്ത്രമായ വികാസം ഇന്നു നേരിടുന്ന വെല്ലുവിളികളെയും അതിനെ മറികടക്കുവാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെയും കുറിച്ച് സുവ്യക്തമായ ധാരണകൾ നാം സൃഷ്ടിക്കേണ്ടി യിരിക്കുന്നു.

ഈ ലോകത്ത് നാം കാണുന്ന സമ്പത്തു മുഴുവൻ സൃഷ്ടിച്ചത് മനുഷ്യാധ്വാനമാണ് എന്നു സാമാന്യമായി പറയാം. പ്രകൃതിയിലെ പ്രതിഭാസങ്ങളുടെ പുറകിലുള്ള നിയമങ്ങൾ കണ്ടെത്തുകയും അവ പ്രവർത്തിക്കാനോ പ്രവർത്തിക്കാതിരിക്കാനോ ഉള്ള സാഹചര്യങ്ങളൊരുക്കുന്ന സാങ്കേതികവിദ്യകൾ സൃഷ്ടിക്കുകയും പ്രകൃതിവിഭവങ്ങളുടെമേൽ മനുഷ്യാദ്ധ്വാനത്തിലൂടെ അവ പ്രയോഗിക്കുകയും ചെയ്താണ് സമ്പത്ത് സൃഷ്ടിക്കുന്നത്. അഥവാ, ഉല്പാദനശക്തികളുടെ അനുക്രമമായുള്ള വികാസമാണ് സമ്പത്തുല്പാദനത്തെ കൂടുതലുയർന്ന തലത്തിലേക്കു വളർത്തുന്നത്. പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയധാരണയും സങ്കേതികവിദ്യകളും ഫാക്ടറികൾ പോലുള്ള സാമൂഹിക, സാമ്പത്തിക ഘടനകളും പ്രകൃതിവിഭവങ്ങളും മനുഷ്യാധ്വാനവുമാണ് വിശാലാർത്ഥത്തിൽ ഉല്പാദനത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്. അഥവാ, ഇവയാണ് ഉല്പാദനശക്തി എന്നത്. ശാസ്ത്രവും സാങ്കേതികവിദ്യകളുമാണ് ഉല്പാദനപ്രക്രിയയെ ആയാസരഹിതമാക്കുന്നത്.


വിവിധ ചരിത്രഘട്ടങ്ങളിൽ നിശ്ചിതമായ ഉല്പാദനബന്ധങ്ങളിൽ ഏർപ്പെട്ടുകൊണ്ടാണ് മനുഷ്യസമൂഹം ഉല്പാദനം നടത്തിയിരുന്നത്. വലിയൊരു വിഭാഗം ജനങ്ങളുടെ അധ്വാനത്തെ മറ്റൊരു ചെറിയ വിഭാഗം ചൂഷണം ചെയ്യുന്ന തരത്തിലുള്ള ഉല്പാദനബന്ധങ്ങളായിരുന്നു സോഷ്യലിസം സ്ഥാപിക്കപ്പെടുന്നതുവരെ നിലനിന്നിരുന്നത്. ശാസ്ത്രീയധാരണ എന്നു പറയാനാകില്ലെങ്കിലും അതതുകാലത്ത് മനുഷ്യസമൂഹം നേടിയെടുത്ത അറിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് മുതലാളിത്തത്തിനു മുമ്പുള്ള ഘട്ടങ്ങളിൽ ചൂഷണപരമായ ഉല്പാദനം നടത്തിയിരുന്നത്. മുതലാളിത്തത്തിന്റെ ആവിർഭാവത്തിനു സമാന്തരമായി ഉയർന്നുവന്ന ആധുനികശാസ്ത്രം സൃഷ്ടിച്ച നവീനധാരണകളും സാങ്കേതികവിദ്യകളും മുൻകാലങ്ങളേക്കാൾ പലമടങ്ങ് അളവിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ മുതലാളിത്തത്തെ സഹായിച്ചു.



അറിവിന്റെ ഒരു ഭണ്ഡാഗാരം സൃഷ്ടിച്ചു എന്നു മാത്രമല്ല, അറിവ് സൃഷ്ടിക്കാനുതകുന്ന ഒരു പ്രക്രിയയും സ്ഥാപിച്ചെടുത്തു എന്നതാണ് ആധുനികശാസ്ത്രത്തിന്റെ പ്രത്യേകത. ശാസ്ത്രത്തിന്റെ രീതി എന്നു വിളിക്കപ്പെടുന്ന ഈ പ്രക്രിയ അറിവിന്റെ ജനാധിപത്യവൽക്കരണത്തെയും സൂചിപ്പിക്കുന്നു. മുൻകാലങ്ങളിൽ പ്രാമാണികഗ്രന്ഥങ്ങളിൽ പറഞ്ഞിരുന്നതോ ആചാര്യവചനങ്ങളോ മാത്രമാണ് സത്യമായി സ്വീകരിക്കപ്പെട്ടിരുന്നതെങ്കിൽ ആധുനികശാസ്ത്രത്തിന്റെ ആവിർഭാവത്തോടെ തെളിവുകളുടെ പിൻബലമുള്ളതും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ സ്ഥാപിക്കപ്പെട്ടതും ആവർത്തിച്ചുള്ള പരിശോധനയിലൂടെ സ്ഥിരീകരിക്കപ്പെട്ടതുമായ കാര്യങ്ങളെ മാത്രം ശാസ്ത്രീയ സത്യങ്ങളായി സ്വീകരിക്കുന്ന രീതി ഉടലെടുത്തു. ആരു പറഞ്ഞു എന്നുള്ളത് അപ്രസക്തമായി; എന്തു പറഞ്ഞു എന്നുള്ളതായി പ്രസക്തം. പറഞ്ഞത് ശാസ്ത്രീയ പരിശോധനയ്ക്കും യുക്തിക്കും നിരക്കുന്നതാണോ എന്നതു മാത്രമായി പരിഗണന. പറയുന്ന ആളുടെ സാമൂഹികമായ പദവി, സാമ്പത്തിക സ്ഥിതി, രാഷ്ട്രീയ അധികാരം ഇവയൊന്നും ശാസ്ത്രത്തിൽ പരിഗണനയേയല്ല. ഇതാണ് ജനാധിപത്യ സംസ്കാരം. ചിന്താരംഗത്ത് ശാസ്ത്രം തുറന്നുവിട്ട തുല്യതയുടെയും പ്രതിപക്ഷ ബഹുമാനത്തിന്റെയും ഈ സമീപനം രാഷ്ട്രീയരംഗത്തെ ജനാധിപത്യത്തിന്റെ അഗ്രഗാമി ആയിരുന്നു എന്ന് കാണാം.

സ്വതന്ത്രമത്സരത്തിന്റെയും തടസ്സങ്ങളില്ലാത്ത കമ്പോളത്തിന്റെയും ആദ്യനാളുകളിൽ മുതലാളിത്തത്തിന് ശാസ്ത്രത്തിന്റെ വികാസം ആവശ്യമായിരുന്നു. അത് ശാസ്ത്രത്തോടൊപ്പം വളർന്നു. തൊഴിലാളികൾ തങ്ങളുടെ അധ്വാനംകൊണ്ട് ചരക്കുകളിൽ സൃഷ്ടിക്കുന്ന അധികമൂല്യം കവർന്നെടുത്തുകൊണ്ടാണ് മുതലാളിത്തം മൂലധനവും ലാഭവും ഉണ്ടാക്കുന്നത്. അഥവാ, തൊഴിലാളികൾ സൃഷ്ടിക്കുന്ന മൂല്യത്തിനു തുല്യമായ കൂലി അവർക്കു ലഭിക്കുന്നില്ല. അതിനാൽ ഉല്പാദിപ്പിക്കപ്പെട്ട വസ്തുവകകൾ മുഴുവനും കമ്പോളത്തിൽ നിന്നു വാങ്ങാൻ തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലികൊണ്ട് അഥവാ ജനങ്ങളുടെ കൈയിലുള്ള പണം കൊണ്ട് കഴിയാത്ത സ്ഥിതി താമസംവിനാ വന്നുചേർന്നു. അതായത്, ജനങ്ങൾക്ക് ആവശ്യമുണ്ടെങ്കിലും പണമില്ലാത്തതിനാൽ ഉല്പന്നങ്ങൾ വാങ്ങാൻ കഴിയാതെ കെട്ടിക്കിടക്കുന്ന അവസ്ഥ അമിതോല്പാദനം എന്ന പ്രതിഭാസം ഉടലെടുത്തു. കമ്പോളം വെട്ടിപ്പിടിക്കാനുള്ള ശ്രമത്തിൽ വലിയ മുതലാളിമാർ ചെറിയവരെ വിഴുങ്ങി കുത്തകകളായി മാറി. വീണ്ടും, ദേശീയാതിർത്തികളെ മറികടന്ന് അന്യരാജ്യങ്ങളിൽ മൂലധനം നിക്ഷേപിച്ച്, അവിടങ്ങളിലെ പ്രകൃതിവിഭവങ്ങളും അധ്വാനശേഷിയും ചൂഷണം ചെയ്തുകൊണ്ട് അത് സാമ്രാജ്യത്വമായി വികസിച്ചു. പക്ഷേ, മുതലാളിത്തത്തിന്റെ സഹജമായ ആന്തരികനിയമങ്ങൾ കൊണ്ടുതന്നെ, അപരിഹാര്യമായ കമ്പോളപ്രതിസന്ധി അതിനോടൊപ്പം വളർന്നുവന്നു. അതോടെ, ശാസ്ത്രത്തിന്റെ വികാസം മുതലാളിത്തത്തിന് ഉപയോഗിക്കാനാകാത്ത സ്ഥിതിയെത്തി.

അപ്പോൾ ഉല്പാദനശക്തികളെ കെട്ടഴിച്ചുവിട്ടുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയില്ല. ഫാക്ടറികൾ അടച്ചുപൂട്ടലും തൊഴിലാളികളെ പിരിച്ചുവിടലും കൂലി കുറയ്ക്കലും അതിന്റെ പ്രത്യക്ഷ ഫലങ്ങളായി. മുതലാളിത്തത്തിന്റെ വളർച്ച മുട്ടിയ ഈ സാമ്പത്തികരംഗം സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നിഴൽ വീഴ്ത്തി. അതോടൊപ്പം, ശാസ്ത്രത്തിന്റെ വികാസത്തെ മൂക്കുകയറിട്ടു നിയന്ത്രിക്കേണ്ട സ്ഥിതിയുമായി. അങ്ങനെ, ജനജീവിതത്തിന്റെ സർവ്വമേഖലകളിലും പ്രതിസന്ധി ഉരുണ്ടുകൂടാൻ തുടങ്ങി. പ്രതിഭാസങ്ങളുടെ കാരണങ്ങൾ കണ്ടെത്താൻ ശാസ്ത്രം ജനങ്ങളെ സഹായിക്കുമെന്നതിനാൽ ഈ ജീവിതപ്രതിസന്ധിയുടെ കാരണവും സ്വാഭാവികമായും അവർ കണ്ടെത്തുമെന്നും ആ കാരണങ്ങളെ തുത്തെറിയാൻ ജനങ്ങൾ തയ്യാറാകുമെന്നും മനസ്സിലാക്കുന്ന മുതലാളിത്തം അടുത്തപടിയെന്ന നിലയിൽ ശാസ്ത്രവിദ്യാഭ്യാസത്തിന്റെയും കടയ്ക്കൽകത്തി വക്കുകയാണ്. അങ്ങനെ, കെട്ടഴിച്ചുവിട്ട ശാസ്ത്രത്തിന്റെ നേട്ടങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത ഗതികേടും ശാസ്ത്രത്തിന്റെ മൂല്യങ്ങൾ പ്രചരിക്കപ്പെടുന്നതിനെ ഭയക്കേണ്ട ഗതികേടും മുതലാളിത്തത്തിനു വന്നുചേരുന്നു. നിരന്തരം വികസിക്കുന്ന അറിവിന്റെ ചക്രവാളവും ശാസ്ത്രീയമായ അറിവിലൂടെ നവീകരിക്കപ്പെടുന്ന മനുഷ്യസമൂഹവും എന്ന പ്രതീക്ഷക്ക് മങ്ങലേൽക്കുന്നതിനും പുരോഗതിയുടെ പാതയിലെ വെളിച്ചം ആകെ

(ശേഷം 5–ാം പേജിൽ)





ഗലീലിയോ ഗലീലി | ഐസക് ന്യൂട്ടൺ | ചാൾസ് ഡാർവിൻ | ആൽബർട്ട് ഐൻസ്റ്റീൻ | മേരി ക്യൂറി | ലൂയി പാസ്ചർ

# ജനങ്ങളൊന്നാകെ ശാസ്ത്രത്തിന്റെ അന്വേഷണരീതി സ്വീകരിക്കുന്നതിനെ ഭരണാധികാരികൾ ഭയക്കുന്നു

(4–ാം പേജിൽ നിന്ന്)

ണ്ട ശാസ്ത്രത്തിനു മുന്നിൽ തടസ്സങ്ങൾ രൂപപ്പെടുന്നതിനും കാരണം മുതലാളിത്തമാണ്. ശാസ്ത്രമേഖലയിലെ അടിസ്ഥാന പ്രതിസന്ധിക്ക് കാരണം മുതലാളിത്തമാണ്.


അതുകൊണ്ടാണ്, വികസിതമെന്നോ അവികസിതമെന്നോ ഭേദമില്ലാതെ എല്ലാ രാജ്യങ്ങളെയും ബാധിക്കുന്ന ഇന്നത്തെ മുഖ്യപ്രശ്നമായ കാലാവസ്ഥാവ്യതിയാനത്തിനു പരിഹാരം കണ്ടെത്താൻ ഭരണാധികാരികൾ, പ്രത്യേകിച്ച് വികസിതരാജ്യങ്ങൾ മടിച്ചു നില്ക്കുന്നത്. വ്യവസായവിപ്ലവാനന്തര കാലഘട്ടത്തിൽ ആഗോളതാപനത്തിനു വഴിവയ്ക്കുന്ന മനുഷ്യജന്യകാരണങ്ങളിൽ പ്രധാന പങ്കും വികസിതരാജ്യങ്ങളുടേതാണ്. അന്തരീക്ഷതാപം ഉയർത്തുന്ന തരത്തിൽ ഹരിതഗൃഹവാതകങ്ങളുടെ ഉദ്വമനത്തിനു കാരണമാകുന്ന വ്യവസായങ്ങളുടെ വ്യാപനത്തിനും കാർബൺ ആഗിരണശേഷിയെ ഹനിക്കുന്ന വിധത്തിൽ മൂന്നാംലോക രാജ്യങ്ങളിലെ വനമേഖല വെട്ടിത്തെളിച്ചതിനും കാരണക്കാർ പാശ്ചാത്യ കൊളോണിയൽശക്തികളാണ്. ജപ്പാനെയും ചൈനയെയും പോലുള്ള പുതുമുതലാളിത്ത രാജ്യങ്ങളും ഇന്ന് ഈ രംഗത്ത് മുന്നിലേക്കു വന്നുകൊണ്ടിരിക്കുന്നു. തങ്ങളുടെ വ്യവസായങ്ങളുടെ ലാഭം കുറയുമെന്നതിനാൽ ഹരിതഗൃഹവാതകങ്ങൾ പുറത്തുവിടുന്ന വ്യവസായങ്ങൾ നിയന്ത്രിക്കാനോ കാർബൺ ഉദ്വമനത്തിന്റെ ചരിത്രപരമായ ഉത്തരവാദിത്തം ഏറ്റെടുത്ത് അവികസിത രാജ്യങ്ങൾക്ക് സഹായം നൽകാനോ, എന്തിന് പരസ്പരം അംഗീകരിച്ച ദേശീയനിർണ്ണീത ഉത്തരവാദിത്തങ്ങൾ (nationally determined contributions) നിർവഹിക്കാനോ പോലും അവർ തയ്യാറാകുന്നില്ല. 'ക്ലൈമറ്റ് ആക്ഷൻ' ലക്ഷ്യമാക്കി നടന്നുവരുന്ന കോൺഫറൻസ് ഓഫ് പാർട്ടീസ്(COP) അന്താരാഷ്ട്രസമ്മേളനങ്ങൾ ഏതാനും വർഷങ്ങളായി ചടങ്ങുകൾ മാത്രമായൊതുങ്ങുന്നതും ഇതുകൊണ്ടുതന്നെ. ഡൊണാൾഡ് ട്രംപ് അമേരിക്കൻ പ്രസിഡന്റായിരുന്നപ്പോൾ, ഹരിതഗൃഹവാതകങ്ങളുടെ നിർവ്യാപനത്തിനും കാലാവസ്ഥാ സംരക്ഷണത്തിനുമായുള്ള പാരീസ് ഉടമ്പടിയിൽനിന്ന് ഏകപക്ഷീയമായി പിൻമാറിയത് ഇക്കാരണത്താലാണ്. ഇന്ത്യയടക്കമുള്ള രാജ്യങ്ങളുടെ നിലപാടും വ്യത്യസ്തമല്ല. ലാഭം നഷ്ടപ്പെടുന്നു എന്നതാണ് അടിസ്ഥാനകാരണം.

പക്ഷേ, ശാസ്ത്രലോകം വ്യക്തമായ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഭൂമി ഒരു കാലാവസ്ഥാ അടിയന്തിരാവസ്ഥയെ നേരിടാൻ പോകുന്നതായി 1992ൽത്തന്നെ 1700 ശാസ്ത്രജ്ഞർ ചേർന്ന് തയ്യാറാക്കിയ പ്രഖ്യാപനത്തിൽ സൂചിപ്പിച്ചിരുന്നു. 2022ൽ ബയോസയൻസ് ജേണൽ 158 രാജ്യങ്ങളിലെ 15,000 ശാസ്ത്രജ്ഞർ ഒപ്പുവച്ച കൂടുതൽ വ്യക്തതയോടെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. എന്നിട്ടും വ്യവസായവിപ്ലവത്തിനു മുമ്പുള്ള ശരാശരി അന്തരീക്ഷതാപനിലയിൽ നിന്ന് ഈ നൂറ്റാണ്ടിന്റെ അന്ത്യത്തിലെ താപനിലയിലേക്കുള്ള വർദ്ധന 1.5°Cൽ പിടിച്ചുനിർത്താൻ പറ്റുമോ എന്ന കാര്യത്തിൽ ഉറപ്പില്ല. ഹിമാനികൾ ഉരുകുന്നതും സമുദ്രനിരപ്പുയരുന്നതും മൂലം കോടിക്കണക്കിനു ജനങ്ങളുടെ ആവാസവ്യവസ്ഥ നഷ്ടപ്പെടും. വെള്ളപ്പൊക്കവും വരൾച്ചയും പോലുള്ള ദുരന്തങ്ങൾ വേറെയും. ലോകവ്യാപകമായ വിശാലമായ ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനത്തിനു മാത്രമേ ഗവണ്മെന്റുകളെ ഈ ദിശയിലേക്കുള്ള പ്രവർത്തനത്തിനു പ്രേരിപ്പിക്കാൻ കഴിയൂ. അതതു നാടുകളിൽ സംഘടിക്കപ്പെടുന്ന ഇത്തരം പ്രസ്ഥാനങ്ങൾ ശക്തിപ്പെടുമ്പോൾ മാത്രമാണ് അതൊരു ലോകപ്രസ്ഥാനമായി മാറുക. ഭരിക്കുന്നവരുടെ നയങ്ങൾ ശാസ്ത്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കും നൈതികതയ്ക്കുമെതിരാകുമ്പോൾ വേണ്ട അളവിലുള്ള പ്രതിരോധം ലോകതലത്തിലുണ്ടാകുന്നില്ലെങ്കിലും ശാസ്ത്രസമൂഹം തനതായ ചില മുന്നേറ്റങ്ങൾക്കു ശ്രമിക്കുന്നുണ്ട്.

**ശാസ്ത്ര പ്രസ്ഥാനം**

രണ്ടര വർഷമായി നടക്കുന്ന റഷ്യ-യുക്രൈൻ യുദ്ധം അവസാനിക്കില്ലെന്ന മട്ടിൽ തുടരുകയാണ്. ഇസ്രയേൽ അധിനിവേശം നടത്തുന്ന ഗാസ മുനമ്പാകട്ടെ മനുഷ്യത്വം മരിച്ച കുരുതിക്കളമായും മാറിയിരിക്കുന്നു. വിദ്യാലയങ്ങളും ആശുപത്രികളും ദുരിതാശ്വാസകേന്ദ്രങ്ങളുംവരെ ബോംബിട്ടു തകർത്തുകൊണ്ട് ഇസ്രയേൽ വംശഹത്യയ്ക്കായി ആയുധപരീക്ഷണം നടത്തുകയാണ്. ശാസ്ത്രജ്ഞരെ മാത്രമല്ല, മനുഷ്യസ്നേഹികളെ മുഴുവൻ അലോസരപ്പെടുത്തുന്നത് ഈ യുദ്ധങ്ങളിലെല്ലാം ശാസ്ത്രം മനുഷ്യത്വത്തിനെതിരായി പ്രയോഗിക്കപ്പെടുന്നു എന്നതാണ്. യുദ്ധവ്യാപാരികളോ ഭരണാധികാരികളോ സ്വയംപ്രഖ്യാപിത നേതാക്കളോ അല്ല പിടഞ്ഞുമരിക്കുന്നത്. മറിച്ച് സാധാരണക്കാരാണ്. ഈ ഘട്ടത്തിലാണ് ഇന്ത്യയിൽ നിന്നുള്ള ചില ശാസ്ത്രജ്ഞരുടെ മുൻകൈയിൽ 'യുദ്ധത്തിനും ശാസ്ത്രത്തിന്റെ വിനാശകരമായ ഉപയോഗങ്ങൾക്കുമെതിരെ' ഒരു അന്താരാഷ്ട്ര കൺവൻഷൻ നടന്നത്. ഇസ്രയേലിന്റെ വർണ്ണവെറിയ്ക്കും ഗാസയിലെ അധിനിവേശത്തിനും വംശഹത്യയ്ക്കും എതിരെ സുനിശ്ചിതമായ നിലപാടുകളോടെ 2023 ഡിസംബർ 9ന് നടന്ന കൺവൻഷൻ, യുദ്ധത്തിനെതിരെ ശാസ്ത്രജ്ഞരുടെ വിശാലമായ ഒരു ഐക്യനിര പടുത്തുയർത്തുന്നതിൽ നിർണ്ണായകമായ മുൻകൈ എടുത്തു.








സി.വി.രാമൻ | ജെ.സി.ബോസ് | ശ്രീനിവാസ രാമാനുജൻ | മേഘനാഥ് സാഹ | സത്യേന്ദ്രനാഥ് ബോസ് | പി.സി.റേ

പാരീസ് ഉടമ്പടിയിൽനിന്ന് അമേരിക്ക പിന്മാറിയതിനെത്തുടർന്ന്, ഗവൺമെന്റ് നയങ്ങൾ തെളിവുകളുടെ പിൻബലമുള്ള ശാസ്ത്രീയവസ്തുതകളുടെ അടിസ്ഥാനത്തിലാകണമെന്ന ഡിമാന്റുയർത്തി അമേരിക്കയിലെ ചില ഗവേഷകർ നടത്തിയ പ്രചാരണം 'മാർച്ച് ഫോർ സയൻസ്' എന്ന പ്രസ്ഥാനത്തിന് ജന്മം കൊടുത്തു. 2017 ഏപ്രിൽ 22ന്, വാഷിംഗ്ടണിലും ലോകത്തെ ഏതാണ്ട് അറുനൂറോളം നഗരങ്ങളിലും നടന്ന മാർച്ചുകളിൽ, സജീവമായ ഗവേഷണ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്ന പത്തു ലക്ഷത്തിൽപ്പരം ശാസ്ത്രജ്ഞർ പങ്കെടുത്തു. ശാസ്ത്രഗവേഷണത്തിന് കൂടുതൽ പൊതുഫണ്ട് ലഭ്യമാക്കണമെന്നും ശാസ്ത്രത്തിന്റെ ദുരുപയോഗം തടയണമെന്നും അവരാവശ്യപ്പെട്ടു. ഇന്ത്യയിലും അതേത്തുടർന്ന് എല്ലാ വർഷങ്ങളിലും മാർച്ച് ഫോർ സയൻസ് നടന്നു വരുന്നുണ്ട്. ഇതും ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റിയെടുക്കേണ്ടതുണ്ട്.

ഇന്ത്യയിലേക്കു വരുമ്പോൾ, ശാസ്ത്രത്തിനെതിരായ ആക്രമണങ്ങൾ ഗൗരവാവഹമായ തലത്തിലെത്തിയതായി കാണാം. ഗവേ

> **ശാസ്ത്രത്തിന്റെ മികവുകൾ ആയുധ നിർമ്മാണത്തിന് ഉപയോഗിക്കുകയും ആ ആയുധങ്ങൾ ഭരണകർത്താക്കൾ ജനങ്ങൾക്കെതിരെ ഉപയോഗിക്കുകയും ചെയ്യുന്ന ഇന്നത്തെ ലോക സാഹചര്യത്തിൽ, വിദ്യാഭ്യാസവും ശാസ്ത്രബോധവുമുള്ള ഒരു ജനത, ശാസ്ത്രത്തിന്റെ കഴിവുകൾക്കുമേൽ സാമൂഹിക നിയന്ത്രണം കൊണ്ടുവരണമെന്ന ആഗ്രഹത്തോടെ ഒത്തുചേർന്ന് ഒരു പ്രസ്ഥാനം വളർത്തിയെടുത്താൽ ഭരണകൂടങ്ങൾക്കുമേൽ ഒരു കടിഞ്ഞാണായി പ്രവർത്തിക്കാനാവുമെന്ന സാധ്യത 'പഗ്വാഷ് പ്രസ്ഥാനം' കഴിഞ്ഞ നൂറ്റാണ്ടിൽ കാണിച്ചു തന്നു.**

ഷണത്തിനും വികസനത്തിനുമുള്ള ധനവിഹിതം ജിഡിപിയുടെ 3% എങ്കിലുമാക്കണമെന്നാണ് ദീർഘകാല ഡിമാന്റെങ്കിലും ഏതാണ്ട് 0.64 ശതമാനത്തിനടുത്താണ് അനുവദിക്കപ്പെടാറ്. 'പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ' എന്നറിയപ്പെടുന്ന മുൻനിര ഗവേഷണ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ധനവിഹിതം കുറച്ചുകൊണ്ടുവരികയും അവയോട് സ്വയമേവ വരുമാനം കണ്ടെത്തിക്കൊള്ളണമെന്ന് ആവശ്യപ്പെടുകയുമാണ് കേന്ദ്രസർക്കാർ. കോവിഡ് കാലത്ത് പാർലമെന്റിൽപോലും ചർച്ചചെയ്യാതെ കൊണ്ടുവന്ന 'ദേശീയ വിദ്യാഭ്യാസ നയം 2020' ഗവേഷണ പ്രവർത്തനങ്ങളെ ഫണ്ടു ചെയ്യുന്നതിന് ഒരു നാഷണൽ റിസർച്ച് ഫൗണ്ടേഷൻ ഉണ്ടാക്കുമെന്നു പറയുന്നു. ദേശീയ താല്പര്യത്തിനനുസരിച്ചുള്ള ഗവേഷണങ്ങൾക്കാണു ഫണ്ടനുവദിക്കുക. കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയത്തോടു ചേർന്നു നില്ക്കുന്ന ഗവേഷണങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കുന്ന സ്ഥിതി ഇതു സൃഷ്ടിക്കും എന്നു ശാസ്ത്രലോകം ആശങ്കപ്പെടുന്നു. ഗവേഷകരുടെ സ്റ്റൈപ്പന്റ് വെട്ടിക്കുറച്ചും താമസിപ്പിച്ചും സ്വതന്ത്രഗവേഷണത്തിനു തടസ്സങ്ങൾ സൃഷ്ടിക്കുകയാണ് സർക്കാർ സംവിധാനങ്ങൾ.

ഇതോടൊപ്പം സ്കൂൾ വിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറ്റുന്നു. പ്രാഥമിക തലം മുതൽ തൊഴിലധിഷ്ഠിതവിദ്യാഭ്യാസം ഏർപ്പെടുത്തി, കുട്ടികൾക്ക് അടിസ്ഥാന ഭാഷാ, ഗണിത, ശാസ്ത്ര തത്വങ്ങൾ ഗ്രഹിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നു. സിലബസ് യുക്തിഭദ്രമാക്കുക എന്നുപറഞ്ഞ് ചരിത്രത്തിലെയും ശാസ്ത്രത്തിലെയും സുപ്രധാന ഭാഗങ്ങൾ പാഠ്യപദ്ധതിയിൽ നിന്നൊഴിവാക്കുന്നു. സ്വാതന്ത്ര്യസമരനേതാക്കളെ, എന്തിന് ഗാന്ധിജിയെ വരെ പാഠപുസ്തകങ്ങളിൽനിന്നു പുറത്താക്കുന്നു. നവോത്ഥാനം, ജനാധിപത്യം തുടങ്ങിയവയെ കുറിച്ചുള്ള പാഠങ്ങൾ ഇല്ലാതാകുന്നു. സ്കൂൾതലത്തിൽത്തന്നെ എല്ലാ വിദ്യാർത്ഥികളും പഠിച്ചിരിക്കേണ്ട പരിണാമസിദ്ധാന്തം ഹയർ സെക്കണ്ടറി തലത്തിൽ ജീവശാസ്ത്രം പഠിക്കുന്നവർക്കു മാത്രമാക്കി ചുരുക്കുന്നു. അതു തന്നെ അപ്രസക്തമായ വിധത്തിലും. ജീവജാലങ്ങൾ മാത്രമല്ല ഈ പ്രപഞ്ചം തന്നെ പരിണമിച്ചുകൊണ്ടിരിക്കുകയാണെന്ന അടിസ്ഥാനധാരണ കുട്ടികളിലുറപ്പിക്കുന്നതിൽ പരിണാമസിദ്ധാന്തത്തിന്റെ പഠനത്തിനു വലിയ പങ്കുണ്ട്. അതവർക്കു നിഷേധിക്കുന്നു. രസതന്ത്രത്തിലെ ആവർത്തനപ്പട്ടികയും പാഠ്യപദ്ധതിക്കു പുറത്താകുന്നു. എല്ലാ പദാർത്ഥങ്ങളുടെയും അടിസ്ഥാന ചേരുവകളായി മൂലകങ്ങൾ ഉണ്ടെന്നുള്ളതും ആ മൂലകങ്ങൾ തന്നെ തുടർച്ചയായ ഒരു ശ്രേണിയിലെ അംഗങ്ങൾ ആണെന്നുള്ളതും അവയുടെ രാസ, ഭൗതിക ഗുണങ്ങൾ ആ ശ്രേണിയിലെ സ്ഥാനത്തിന്റെ ധർമ്മമാണെന്നും മനസ്സിലാക്കുന്നത് ആവർത്തനപ്പട്ടികയുടെ പഠനത്തിലൂടെയാണ്. പ്രപഞ്ചത്തിന്റെ അടിസ്ഥാനഘടനയെക്കുറിച്ച് കുട്ടികൾക്ക് ഒരു ധാരണ നൽകുന്നതാണ് ആവർത്തനപ്പട്ടിക. ഇത് ഇന്നത്തെ സാമാന്യ ബോധത്തിന്റെ ഭാഗമായി മാറേണ്ട അടിസ്ഥാന വസ്തുതയുമാണ്. അങ്ങനെ ശാസ്ത്രീയധാരണയുള്ളവരും ശാസ്ത്രാഭിമുഖ്യമുള്ളവരുമായി കുട്ടികൾ വളർന്നുവരുന്ന പ്രക്രിയയ്ക്കു തന്നെ ഭംഗം സൃഷ്ടിക്കുകയാണ് ഈ വെട്ടിയൊതുക്കലുകൾ.

പ്രാഥമികതലം മുതൽ ഉന്നതവിദ്യാഭ്യാസരംഗം വരെ 'ഭാരതീയ ജ്ഞാനവ്യവസ്ഥ' ഒരു പഠന വിഷയമാക്കണമെന്ന നിർബ്ബന്ധവും ഈ വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്നു. പൗരാണിക ഇന്ത്യയിൽ വളരെ സമ്പന്നമായ ഒരു വിജ്ഞാനപാരമ്പര്യം ഉണ്ടായിരുന്നു എന്നതു നേരാണ്. പൂജ്യത്തെക്കുറിച്ചുള്ള ധാരണയും ഒരു വൃത്തത്തിന്റെ ചുറ്റളവും വ്യാസവും തമ്മിലുള്ള അനുപാതമായ 'പൈ'യുടെ അളവ്, രണ്ടിന്റെ വർഗ്ഗമൂലം തുടങ്ങിയവയൊക്കെ അവർ കണ്ടെത്തിയിരുന്നു. വാനനിരീക്ഷണത്തിലെയും ഗണിതത്തിലെയും പ്രാഗത്ഭ്യം ആകാശഗോളങ്ങളുടെ ചലനം ഏതാണ്ടു കൃത്യതയോടെ പ്രവചിക്കുന്നതിനവരെ പ്രാപ്തരാക്കിയിരുന്നു.

(ശേഷം 6–ാം പേജിൽ)

# അനാസ്ഥയുടെയും അഴിമതിയുടെയും പ്രതീകമായ പള്ളിവാസൽ വിപുലീകരണ പദ്ധതി



കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധിയുടെ മൂലകാരണങ്ങൾ ശാസ്ത്രീയമായി പഠിച്ച് പരിഹാരമാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി അവ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുപകരം, അടിക്കടി ചാർജ്ജ് വർദ്ധനവ് ഉൾപ്പെടെയുള്ള ജനദ്രോഹ നടപടികളെ സംബന്ധിച്ചാണ് വൈദ്യുതി റഗുലേറ്ററി കമ്മീഷനും സർക്കാരും ചർച്ച ചെയ്യുന്നത്. പണിതിട്ടും പണിതിട്ടും പണിതീരാത്ത ജലവൈദ്യുത പദ്ധതികൾ വൈദ്യുതി ബോർഡിന് അതിഭീമമായ നഷ്ടമാണ് വരുത്തി വയ്ക്കുന്നത്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഇക്കഴിഞ്ഞ ഒക്ടോബർ 2ന് കമ്മീഷൻ ചെയ്ത പള്ളിവാസൽ ജലവൈദ്യുത പദ്ധതി. 17 വർഷവും എട്ടുമാസവും എടുത്താണ് പള്ളിവാസൽ വിപുലീകരണ പദ്ധതി പൂർത്തിയാകുന്നത്. 2007 മാർച്ച് ഒന്നിന് ആരംഭിച്ച പദ്ധതിയുടെ എസ്റ്റിമേറ്റ് 250 കോടി രൂപയായിരുന്നു. നാലു വർഷമായിരുന്നു പണിപൂർത്തിയാക്കാൻ നിശ്ചയിച്ചിരുന്ന കാലയളവ്. പണി പൂർത്തിയാക്കാൻ അതിന്റെ നാലു മടങ്ങ് സമയമെടുത്തു! 2024 ഒക്ടോബർ 2ന് പദ്ധതി കമ്മിഷൻ ചെയ്യുമ്പോൾ ആകെ ചെലവ് 600 കോടി രൂപയായി. 60 മെഗാവാട്ട് പദ്ധതിയുടെ ഉത്പാദനനഷ്ടം പ്രതിദിനം 75 ലക്ഷം രൂപയാണ്.

എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് പദ്ധതി മുടങ്ങിയിട്ട് 30 വർഷമാകുന്നു. 24 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാവുന്ന പദ്ധതിയാണിത്. 95 ശതമാനം ജോലികളും പൂർത്തിയായിട്ടും കമ്മീഷനിംഗ് നീട്ടിക്കൊണ്ടു പോകുകയാണ്. ഇടുക്കി ജില്ലയിലെ തോട്ടിയാർ, 40 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിയാണ്. 2009 ൽ പണി തുടങ്ങിയ പദ്ധതിയുടെ 95 ശതമാനം ജോലികളും പൂർത്തിയായിട്ടുണ്ട്. ഇതുവരെ ഏതാണ്ട് 260 കോടിയോളം രൂപചെലവിട്ടുകഴിഞ്ഞു. കണ്ണൂരിലെ വഞ്ചിയം അടക്കമുള്ള പദ്ധതികൾ ഇതേ പോലെ മുടങ്ങിക്കിടക്കുകയാണ്. പ്രതിദിനം മൂന്നു കോടിക്കുമുകളിലാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിൽ 783 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവുന്ന 100 ഓളം പദ്ധതികൾ വേറെയുമുണ്ട്. എന്നാൽ, വൈദ്യുതി ബോർഡിന്റെ കുറ്റകരമായ അനാസ്ഥയുടെയും അഴിമതിയുടെയും പ്രതിരൂപങ്ങളാണ് മേൽപ്പറഞ്ഞ പദ്ധതികളൊക്കെയും.

പൂർത്തിയാകാറായ പദ്ധതികൾ ഉടൻ കമ്മീഷൻ ചെയ്യുന്നതിനും വൈദ്യുതി ബോർഡിന് ഭീമമായ നഷ്ടത്തിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പകരം അടിക്കടി വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിലാണ് ഭരണാധികാരികൾക്ക് താൽപ്പര്യം. ഇപ്പോഴാകട്ടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ ആണവനിലയങ്ങൾ കൂടിയേ തീരൂ എന്നതാണ് സർക്കാരിന്റെയും വൈദ്യുതി ബോർഡിന്റെയും നിലപാട്. ആണവനിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ നടപടികൾ വൈദ്യുതി ബോർഡ് ഇതിനകം ആരംഭിച്ചിട്ടുണ്ട്. വളരെയേറെ ജനസാന്ദ്രതയുള്ള കേരളത്തിന് ഒട്ടും തന്നെ അനുയോജ്യമല്ലാത്ത, വിനാശകരമായ ആണവനിലയം സ്ഥാപിക്കാനുള്ള നീക്കത്തെ ചെറുക്കുവാൻ ജനങ്ങൾ തയ്യാറാകേണ്ടതുണ്ട്. കേരളത്തിന് അനുയോജ്യമായ സോളാർ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ആധുനികമായ വിൻഡ് മില്ല് പദ്ധതികൾ സ്ഥാപിക്കുന്നതിനും ജനസമ്മർദ്ദം ഉണ്ടാകേണ്ടതുണ്ട്. അധികാരികളുടെ അഴിമതിക്കും അനാസ്ഥക്കും കെടുകാര്യസ്ഥതക്കുമെതിരെ വമ്പിച്ച പ്രതിഷേധം വളർത്തിയെടുക്കുവാൻ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷനിൽ സംഘടിതരായി രംഗത്തിറങ്ങേണ്ടതുണ്ട്. ■

# ജനകീയ ശാസ്ത്രപ്രസ്ഥാനം വളർത്തിയെടുക്കേണ്ടത് സാമൂഹികമാറ്റത്തിന് അനിവാര്യം

(5–ാം പേജിൽ നിന്ന്)

രാസവിദ്യയിലും ലോഹശാസ്ത്രത്തിലും അവർ നിഷ്ണാതരായിരുന്നു. വൈദ്യശാസ്ത്രരംഗത്ത് ശസ്ത്രക്രിയപോലും നടത്താൻ കഴിയുന്ന വിധത്തിൽ അറിവുനേടിയിരുന്നു. എന്നാൽ, ഈ നേട്ടങ്ങളൊന്നുമല്ല മറിച്ച് അയഥാർത്ഥമായ സാങ്കല്പിക കാര്യങ്ങളാണ് ഭാരതീയ ജ്ഞാനവ്യവസ്ഥ എന്ന പേരിൽ പഠിപ്പിക്കുന്നത്. പ്രധാനമന്ത്രിയും മുൻ മന്ത്രിമാരുമെല്ലാം പറഞ്ഞ് അപഹാസ്യരായ കാര്യങ്ങൾ – വിമാനവിദ്യയെയും പശുവിന്റ ഗുണഗണങ്ങളെപ്പറ്റിയുള്ള അവകാശവാദങ്ങൾ – ഇതിലുൾപ്പെടുന്നു. അതായത്, ശാസ്ത്രത്തിന്റെ വികാസത്തിനും ഭാവിക്കും ഉതകുന്നവയല്ല മറിച്ച് അതിനെ അപകടപ്പെടുത്തുന്ന മാറ്റങ്ങളാണ് ആവിഷ്ക്കരിക്കപ്പെടുന്നത്. ശാസ്ത്രീയ ധാരണകൾ മാത്രമല്ല, ശാസ്ത്രീയ മനോഭാവംപോലും വിദ്യാർത്ഥികളിൽനിന്ന് അന്യമാക്കുന്ന ഈ നടപടികളെ പരാജയപ്പെടുത്തേണ്ടതുണ്ട്.

ചുരുക്കത്തിൽ 'ശാസ്ത്രീയ മനോഘടന വളർത്തിയെടുക്കാൻ പ്രയത്നിക്കുക' എന്നത് ഓരോ പൗരന്റെയും കടമയാണെന്ന് ഭരണഘടനയിലെ 51–ാം അനുച്ഛേദം അനുശാസിക്കുന്നുണ്ടെങ്കിലും ഒരു ജനകീയ ഇടപെടലിലൂടെയേ അതു സാധ്യമാകൂ എന്നതാണ് യാഥാർത്ഥ്യം. ഔദ്യോഗിക സംവിധാനങ്ങൾ എതിർ ദിശയിലേക്കാണ് ജനങ്ങളെ നയിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തം. വിപുലമായ ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനം അനിവാര്യമാക്കുന്ന സാഹചര്യമാണിത്.

മുതലാളിത്തത്തിന് വൻകിട ശാസ്ത്രസാങ്കേതികവിദ്യകളുടെയും വ്യവസായത്തിന്റെയും സഹായമാവശ്യമാണ്; ലാഭമുറപ്പാക്കുമെങ്കിൽ മാത്രം. അധ്വാനത്തെ ലഘൂകരിക്കുന്നതോ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ സൃഷ്ടിക്കുന്നതോ ആയ സാങ്കേതികവിദ്യയെപ്പോലും ലാഭം ഉറപ്പാക്കുന്നില്ലെങ്കിൽ മുതലാളിത്തം തടഞ്ഞുവക്കും. ശാസ്ത്രീയമനോഘടന വളർത്തുന്നതിനെക്കുറിച്ച് അതിനു ചിന്തിക്കാനാകില്ല. ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനത്തിനാണ് ഈ ധർമ്മം ഇന്നത്തെ സാഹചര്യത്തിൽ നിർവ്വഹിക്കാനാകുക.

ഈ രംഗത്ത് വിവിധങ്ങളായ പ്രവർത്തന മണ്ഡലങ്ങൾ ശാസ്ത്ര പ്രവർത്തകരെ കാത്തിരിക്കുന്നുണ്ട്. ശാസ്ത്രപരീക്ഷണങ്ങൾ

**ഫാസിസ്റ്റ് സ്വഭാവമാർജ്ജിച്ചുകഴിഞ്ഞ മുതലാളിത്ത-സാമ്രാജ്യത്വ ഭരണകൂടങ്ങൾ പ്രകൃതിവിഭവങ്ങളുടെ കൊള്ളയ്ക്കും തങ്ങളുടെ നിലനില്പിനുംവേണ്ടി ശാസ്ത്രം സൃഷ്ടിച്ച സാങ്കേതികവിദ്യകളും യുദ്ധോപകരണങ്ങളും ഉപയോഗിക്കുമ്പോൾ ശാസ്ത്രീയമനോഘടനയും അത് പ്രദാനംചെയ്യുന്ന പുതുമൂല്യങ്ങളും ചൂഷിതരായ ജനങ്ങളിൽ പ്രസരിപ്പിച്ചുകൊണ്ട് അവരെ ഒരു രാഷ്ട്രീയ ശക്തിയായി നിലനിർത്തുക എന്ന ഉത്തരവാദിത്തമാണ് പ്രധാനമായും ഇന്ന് ബഹുജനശാസ്ത്രപ്രസ്ഥാനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നത്.**




അവതരിപ്പിച്ച് പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചും പ്രകൃതിയിലെ മാറ്റങ്ങളുടെ കാര്യകാരണബന്ധത്തെക്കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക, ആകാശത്ത് പ്രത്യക്ഷമാകുന്ന ഗ്രഹണം പോലുള്ള പ്രപഞ്ചപ്രതിഭാസങ്ങളെ നിരീക്ഷിക്കാൻ അവസരമൊരുക്കി അവയെ കേന്ദ്രമാക്കിയുള്ള മതപരമായ അന്ധവിശ്വാസങ്ങളെ ഇല്ലായ്മ ചെയ്യാനും തെളിഞ്ഞ ധാരണ സാമാന്യജനങ്ങൾക്കു നൽകാനും ശ്രമിക്കുക, മഹത്തുക്കളായ ശാസ്ത്രജ്ഞരെ അനുസ്മരിക്കേണ്ട സന്ദർഭങ്ങൾ ആചരിക്കുകയും ശാസ്ത്രീയധാരണകൾ ചരിത്രപരമായി ഉദയം ചെയ്തതെങ്ങനെ എന്ന വെളിപ്പെടുത്തുകയും ചെയ്യുക, ദുരന്തങ്ങളും രോഗങ്ങളും സമൂഹത്തെ വേദനിപ്പിക്കുമ്പോൾ ശാസ്ത്രനേട്ടങ്ങൾ സാധ്യമായ അളവിൽ ജനങ്ങളിലേക്കെത്തിച്ച് അവർക്ക് ആശ്വാസം പകരാൻ ഉദ്യമിക്കുക, പ്രകൃതിയെയും സമൂഹത്തെയും ദോഷകരമായി ബാധിക്കുന്ന ശാസ്ത്ര, സാങ്കേതിക ഉപയോഗങ്ങൾക്കെതിരെ ജനാഭിപ്രായം രൂപീകരിക്കുക, പരിസ്ഥിതിനാശത്തിനും മലിനീകരണത്തിനുമെതിരെ അവരെ സംഘടിപ്പിക്കുക, ശാസ്ത്രീയവും മതേതരവും ജനാധിപത്യപരവുമായ വിദ്യാഭ്യാസത്തിനായി നിലകൊള്ളുക ഇങ്ങനെ ബഹുമുഖമായ അനേകം പ്രവർത്തനങ്ങളിലൂടെ ശാസ്ത്രം ജനങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമാക്കുകയും ചിന്തയിൽ സന്നിവേശിപ്പിക്കുകയും ചെയ്യുമ്പോളാണ് ശാസ്ത്രീയമനോഘടന ജനങ്ങളിൽ സ്ഥാപിതമാകുക.

ഫാസിസ്റ്റ് സ്വഭാവമാർജ്ജിച്ചുകഴിഞ്ഞ, അത്യന്തം കേന്ദ്രീകൃതമായ മുതലാളിത്ത-സാമ്രാജ്യത്വ ഭരണകൂടങ്ങൾ പ്രകൃതി വിഭവങ്ങളുടെ കൊള്ളയ്ക്കും തങ്ങളുടെ നിലനില്പിനുംവേണ്ടി ശാസ്ത്രം സൃഷ്ടിച്ച സാങ്കേതികവിദ്യകളും യുദ്ധോപകരണങ്ങളും ഉപയോഗിക്കുമ്പോൾ ശാസ്ത്രീയമനോഘടനയും അത് പ്രദാനംചെയ്യുന്ന പുതുമൂല്യങ്ങളും ചൂഷിതരായ ജനങ്ങളിൽ പ്രസരിപ്പിച്ചുകൊണ്ട് അവരെ ഒരു രാഷ്ട്രീയ ശക്തിയായി നിലനിർത്തുക എന്ന ഉത്തരവാദിത്തമാണ് പ്രധാനമായും ഇന്ന് ബഹുജനശാസ്ത്രപ്രസ്ഥാനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നത്.

ശാസ്ത്രത്തിന്റെ കഴിവുകൾ ആയുധ നിർമ്മാണത്തിന് ഉപയോഗിക്കുകയും ആ ആയുധങ്ങൾ ജനങ്ങളോട് തരിമ്പും കൂറില്ലാത്ത ഭരണകർത്താക്കൾ മുൻപിൻ നോക്കാതെ ഉപയോഗിക്കുകയും ചെയ്യുന്ന ഇന്നത്തെ ലോക സാഹചര്യത്തിൽ, വിദ്യാഭ്യാസവും ശാസ്ത്രബോധവുമുള്ള ഒരു ജനത, ശാസ്ത്രത്തിന്റെ കഴിവുകൾക്കുമേൽ സാമൂഹിക നിയന്ത്രണം കൊണ്ടുവരണമെന്ന ആഗ്രഹത്തോടെ ഒത്തുചേർന്ന് ഒരു പ്രസ്ഥാനം വളർത്തിയെടുത്താൽ ഭരണകൂടങ്ങൾക്കുമേൽ ഒരു കടിഞ്ഞാണായി പ്രവർത്തിക്കാനാവുമെന്ന സാധ്യത 'പഗ്‌വാഷ് പ്രസ്ഥാനം' കഴിഞ്ഞ നൂറ്റാണ്ടിൽ കാണിച്ചു തന്നു.

ചൂഷിത വർഗ്ഗങ്ങൾക്ക് അറിവ് നിഷേധിക്കാൻ ചൂഷക വർഗ്ഗങ്ങൾ എക്കാലത്തും ശ്രമിച്ചിരുന്നു. പ്രകൃതി പ്രതിഭാസങ്ങളെയും സാമൂഹിക യാഥാർത്ഥ്യങ്ങളെയും കുറിച്ച് അയഥാർത്ഥമായ വീക്ഷണങ്ങൾ പടർത്തി ജനങ്ങളെ ഉറക്കിക്കിടത്താൻ ചൂഷക വർഗ്ഗങ്ങൾക്ക് മുൻകാലങ്ങളിൽ കഴിഞ്ഞിരുന്നു. അതേ അളവിൽ ഇന്നത് ചെയ്യാനാവില്ല. കാരണം മുതലാളിത്തത്തിന്റെ ആവിർഭാവത്തോടെ ശാസ്ത്രവും സാങ്കേതികവിദ്യയും ഉല്പാദനത്തിൽ ആവശ്യഘടകമായി മാറി. ശാസ്ത്രമാകട്ടെ അറിവിനെ ജനാധിപത്യവൽക്കരിക്കുന്ന പ്രക്രിയ ഉള്ളിൽ പേറുന്ന ഒരു സംരംഭമാണ്. പക്ഷെ, നവോത്ഥാനത്തിന്റെ സൃഷ്ടിയായ മാനവവാദ ആദർശങ്ങൾ എങ്ങിനെയാണോ മുതലാളിത്തത്തിന് പിൽക്കാലത്ത് അനാവശ്യവും അസ്വീകാര്യവുമായത്, അതേ വിധത്തിൽ ശാസ്ത്രത്തിന്റെ അന്വേഷണ രീതി ജനതയൊന്നാകെ ഉൾക്കൊള്ളുന്നതിനെ അവരിന്ന് ഭയപ്പെടുന്നു. പക്ഷേ ഉല്പാദനത്തിൽ സാങ്കേതികവിദ്യ അത്രകണ്ട് ഉൾ ചേർന്നിരിക്കുന്നതിനാൽ, ശാസ്ത്രത്തെ അവർക്ക് ഒഴിവാക്കാനുമാവില്ല.

പ്രതിഭാസങ്ങളുടെ കാര്യകാരണബന്ധത്തെക്കുറിച്ച് ധാരണയുള്ള മനസ്സുകളിലാണ് സമൂഹത്തിന്റെ ദുഃസ്ഥിതിയെക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ഉയർന്ന ചിന്തകൾ വേരുറപ്പിക്കുക. അതാണ് സാമൂഹികമാറ്റത്തിനു വഴിയൊരുക്കുക.

ശാസ്ത്രത്തിന്റെ ഉൽപാദനരംഗത്തുള്ള പ്രയോഗം മാത്രമായ സാങ്കേതികവിദ്യയുടെ നേട്ടങ്ങളെ, ശാസ്ത്രത്തിന്റെ പരമമായ നേട്ടമായി മുതലാളിത്തം ആഘോഷിക്കുമ്പോൾ, തൊഴിലാളിവർഗ്ഗ കാഴ്ചപ്പാടുള്ളവർ മാനവസമൂഹത്തിന്റെ വിശാല അടിസ്ഥാനത്തിലുള്ള പുരോഗതി മുന്നിൽകണ്ടുകൊണ്ട് ശാസ്ത്രത്തിന്റെ അന്വേഷണരീതിയും ശാസ്ത്രീയമനോഭാവവും കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കേണ്ടതുണ്ട്; അശാസ്ത്രീയമായ എല്ലാവിധ പ്രവണതകൾക്കുമെതിരെ പ്രവർത്തിക്കേണ്ടതുമുണ്ട്.

രവീന്ദ്രനാഥ ടാഗോർ ഗീതാഞ്ജലിയിൽ ഉൽക്കടമായി അഭിലഷിച്ചതുപോലെ ഇടുങ്ങിയ ചിന്താഗതികളുടെ വേലിക്കെട്ടുകൾ ലോകത്തെ ശിഥിലമാക്കാത്ത, അറിവ് സ്വതന്ത്രമായ, യുക്തിയുടെ തെളിഞ്ഞ അരുവി പഴയ ശീലങ്ങളുടെ മരുഭൂമിയിൽ വഴിതെറ്റി പോകാതെ ഒഴുകുന്ന, മനസ്സുകൾ ഭയരഹിതമായ, ശിരസ്സുകൾ നിവർന്നു നിൽക്കുന്ന, ശോഭനമായ ഒരു ഭാവിക്കുവേണ്ടി ശാസ്ത്ര സ്നേഹികൾക്കും മനുഷ്യ സ്നേഹികൾക്കും ഒരുമിക്കാം. ■

## തടിച്ചുകൊഴുത്ത സ്വാശ്രയ സമ്പ്രദായം

# സ്വാശ്രയ വിദ്യാഭ്യാസ നയത്തിനെതിരായ പോരാട്ടത്തിന്റെ ത്യാഗത്തെ വിഫലമാക്കിയ ഇടത് – വലത് സർക്കാരുകൾ

**1994** നവംബർ 25നാണ്, കേരളത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകൊണ്ട്, കേരളപോലീസിന്റെ വെടിവെയ്പ്പിൽ അഞ്ചുചെറുപ്പക്കാർ കൊല്ലപ്പെട്ട സംഭവമുണ്ടായത്. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലാണ് സംഭവം നടന്നത്; കൊല്ലപ്പെട്ടത് അഞ്ച് ഡിവൈഎഫ്ഐ പ്രവർത്തകരും. കെ.കരുണാകരൻ മുഖ്യമന്ത്രിയും എം.വി .രാഘവൻ സഹകരണവകുപ്പുമന്ത്രിയുമായി അധികാരത്തിലിരുന്ന യുഡിഎഫ് സർക്കാരിന്റെ കാലത്ത്, സഹകരണമേഖലയിൽ, സ്വകാര്യട്രസ്റ്റിനുകീഴിൽ, പരിയാരത്ത് മെഡിക്കൽ കോളജ് ആരംഭിക്കുന്നതിനുള്ള നീക്കം ആരംഭിച്ചു. ഇടതു വിദ്യാർത്ഥിസംഘടനകളുടെ നേതൃത്വത്തിൽ അതിശക്തമായ പ്രക്ഷോഭമാണ് അതിനെതിരെ കേരളത്തിൽ നടന്നത്. സെക്രട്ടേറിയറ്റിനുമുന്നിലെ സംയുക്തവിദ്യാർത്ഥി സമരപ്പന്തൽ കരുണാകരന്റെ പോലീസ് അടിച്ചുതകർക്കുകയും വിദ്യാർത്ഥിനേതാക്കന്മാരെ മർദ്ദിക്കുകയും ചെയ്തതോടെ സമരം കേരളമാകെ പടർന്നു, പൂർവാധികം ശക്തമായി. ഈ സാഹചര്യത്തിൽ പരിയാരം മെഡിക്കൽ കോളജ് സർക്കാർ ഏറ്റെടുക്കുക എന്ന ആവശ്യം സർക്കാരിന് തത്വത്തിലെങ്കിലും അംഗീകരിക്കേണ്ടിവന്നു. അങ്ങനെ സമരം ഏതാണ്ട് അവസാനിച്ച സമയത്താണ്, കൂത്തുപറമ്പിൽ അർബൻ സഹകരണബാങ്കിന്റെ സായാഹ്ന ശാഖ ഉദ്ഘാടനം ചെയ്യാനെത്തിയ എം.വി.രാഘവനെ ഡിവൈഎഫ്ഐ പ്രവർത്തകർ തടഞ്ഞത്. എം.വി.രാഘവനുനേരെ സിപിഐ(എം) പോർവിളി നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. പ്രതിഷേധക്കാർക്കുനേരെയുണ്ടായ പോലീസ് വെടിവയ്പ്പിലാണ് അഞ്ചുപേർ കൊല്ലപ്പെട്ടത്. ആ സംഭവത്തിൽ കഴുത്തിൽ വെടിയേറ്റ് ജീവച്ഛവമായി നീണ്ട മുപ്പതുവർഷക്കാലം ശയ്യാവലംബിയായിരുന്ന പുഷ്പൻ ഇക്കഴിഞ്ഞ സെപ്റ്റംബർ 29ന് മരണമടഞ്ഞു.

വെടിവയ്പ്പ് നടക്കുമ്പോൾ കേവലം 24വയസ്സുള്ള ചെറുപ്പക്കാരനായിരുന്നു പുഷ്പൻ. അഞ്ചുപേരുടെ രക്തസാക്ഷിത്വംകൊണ്ട്, മൂന്ന് പതിറ്റാണ്ട് ജീവിക്കുന്ന രക്തസാക്ഷി എന്ന പരിവേഷം പുഷ്പന് ചാർത്തിക്കൊടുത്തതുകൊണ്ട് സിപിഐ(എം) എന്ന പാർട്ടിക്കുണ്ടായ രാഷ്ട്രീയനേട്ടമല്ലാതെ എന്താണ് ബാക്കി പത്രം. സങ്കുചിതമായ രാഷ്ട്രീയ താൽപര്യത്തിനുവേണ്ടി പുഷ്പനെയും സംഭവസ്ഥലത്ത് കൊല്ലപ്പെട്ട ചെറുപ്പക്കാരെയും കുരുതികൊടുക്കുകയാണ് യഥാർത്ഥത്തിൽ സിപിഐ(എം) ചെയ്തത്. ഇപ്പോൾ പുഷ്പന്റെ മരണത്തിൽ വിലപിക്കുമ്പോൾ കേരളത്തിലെ രാഷ്ട്രീയസമവാക്യങ്ങളുടെയുംസ്വാശ്രയവിദ്യാഭ്യാസത്തിന്റെയുംതത്സ്ഥിതി പരിശോധിക്കപ്പെടുകതന്നെ വേണം.

കരുണാകരൻ മുഖ്യമന്ത്രിസ്ഥാനം ഒഴിഞ്ഞതിനെത്തുടർന്ന്, എ.കെ.ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായി. ഒരുവർഷത്തിനുശേഷം നടന്ന നിയമസഭാതിരഞ്ഞെടുപ്പിൽ, കൊല്ലപ്പെട്ട അഞ്ചുചെറുപ്പക്കാരുടെ രക്തസാക്ഷിത്വത്തിന്റെയുംകൂടെ പിൻബലത്തിൽ ഇടതുപക്ഷം അധികാരത്തിലേറി, ഇ.കെ.നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയും ഇപ്പോൾ യുഡിഎഫിന്റെ ഭാഗമായിരിക്കുന്ന പി.ജെ.ജോസഫ് വിദ്യാഭ്യാസമന്ത്രിയുമായി.

കഴിഞ്ഞ മുപ്പതുവർഷത്തിനിടയിൽ, സിപിഐ(എം)ഉം എസ്എഫ്ഐ, ഡിവൈഎഫ്ഐ അടക്കമുള്ള സംഘടനകളും മരണമടഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ രക്തസാക്ഷികളെ സങ്കുചിതരാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്, പ്രത്യേകിച്ചും തിരഞ്ഞെടുപ്പുകളുടെ സമയത്ത്. സ്വാശ്രയവിദ്യാഭ്യാസത്തിനെതിരായ സമരത്തിലെ ജീവിക്കുന്ന രക്തസാക്ഷിയെന്ന് നേതാക്കന്മാർ പുഷ്പനെനോക്കി വികാരഭരിതരായി, അണികളെ ആവേശംകൊള്ളിച്ചുകൊണ്ടിരുന്നു.

വെടിവയ്പ്പിൽ സിപിഐ(എം) പ്രതിസ്ഥാനത്തുനിർത്തിയ എം.വി.രാഘവൻ, ഒരുകാലത്ത് പാർട്ടിയിലെ 'ഗർജ്ജിക്കുന്ന സിംഹ'വും സംഭവം നടക്കുമ്പോൾ 'കുലംകുത്തി'യുമായിരുന്നു. അതുകൊണ്ടുതന്നെ ഡിവൈഎഫ്ഐയുടെ പ്രക്ഷോഭണവും തീവ്രമായിരുന്നു. കൂത്തുപറമ്പ് സംഭവത്തിനുശേഷം ഡിവൈഎഫ്ഐ പ്രവർത്തകർ എം.വി.രാഘവൻ പോയവഴികളിലെല്ലാം തടയുകയും കരിങ്കൊടി കാണിക്കുകയും ചെയ്തുകൊണ്ടിരുന്നു. 1986ൽ ബദൽരേഖാ വിവാദത്തെത്തുടർന്ന് സിപിഐ(എം)ൽനിന്ന്പുറത്താക്കപ്പെട്ടതിനെത്തുടർന്ന്സിഎംപി എന്ന പാർട്ടി രൂപീകരിക്കുകയും പിന്നീട് യുഡിഎഫിന്റെ ഭാഗമാകുകയും ചെയ്തതോടെയാണ് എം.വി.രാഘവനോടുള്ള ശത്രുത മൂർച്ഛിച്ചത്. കാലംപോകെ വൈരമെല്ലാം പാർട്ടി സൗകര്യപൂർവം വിസ്മരിച്ചു. എം.വി .രാഘവൻ ആരംഭിച്ച രാഷ്ട്രീയപാർട്ടി സിഎംപിയും ഏതാണ്ട് കഥാവശേഷമായി. എം.വി.രാഘവനെത്തന്നെ ഏറ്റെടുക്കാൻ സിപിഐ(എം) സന്നദ്ധമായിരുന്നു. അവസാനകാലത്ത് തങ്ങൾക്കൊപ്പമായിരുന്ന എം.വി.രാഘവൻ എന്നാണ് സിപിഐ(എം) നേതാക്കന്മാർ അവകാശപ്പെടുന്നത്. പക്ഷേ, അത് സ്ഥിരീകരിക്കാനുള്ള ആരോഗ്യനിലയിലായിരുന്നില്ലത്രേ അപ്പോൾ എം.വി.രാഘവൻ. എന്തായാലും അദ്ദേഹത്തിന്റെ മരണശേഷം മകനെ പാർട്ടി അങ്ങെടുത്തു, നിയമസഭാതിരഞ്ഞെടുപ്പിൽ സീറ്റ് നൽകി, പിന്നീട് ജില്ലാകമ്മിറ്റിയംഗവുമാക്കി. അപ്പോഴും നവംബർ 25 ന് രക്താസാക്ഷികളുടെപടംവച്ച്മുദ്രാവാക്യംവിളി മുറപോലെ നടന്നുകൊണ്ടേയിരുന്നു, പുഷ്പന് തീപാറുന്ന അക്ഷരങ്ങൾ ആലേഖനം ചെയ്ത പുരസ്കാരങ്ങൾ സമ്മാനിച്ചുകൊണ്ടുമിരുന്നു.

പരിയാരം മെഡിക്കൽ കോളജിന്റെ കാര്യമെടുത്താൽ, 1993ൽ കെ.കരുണാകരന്റെ കാലത്ത് പ്രവർത്തനം ആരംഭിച്ച സ്ഥാപനം, പിണറായി സർക്കാരിന്റെ ആദ്യടേമിൽ 'സർക്കാർ ഏറ്റെടുത്തു'. 'ഏറ്റെടുക്കൽ പ്രഖ്യാപനം' ക്യാമ്പസിൽത്തന്നെ ആഘോഷമാക്കി. 2007 ൽത്തന്നെ പരിയാരം മെഡിക്കൽ കോളജിന്റെ ഭരണം സിപിഐ(എം) പിടിച്ചെടുത്തുകഴിഞ്ഞിരുന്നു. സിപിഐ(എം) നിയന്ത്രണത്തിലുള്ള ഭരണസമിതിയിൽനിന്നുമാണ് പിണറായി സർക്കാർ സ്ഥാപനം ഏറ്റെടുക്കുന്നത്. പരിയാരം മെഡിക്കൽ കോളജ് ഹഡ്കോയ്ക്ക് നൽകാനുള്ള 276 കോടിരൂപയുടെ കടബാധ്യതയും സർക്കാർ ഏറ്റെടുക്കുന്നതായി പ്രഖ്യാപിച്ചു. സർക്കാർ നിയന്ത്രണത്തിലുള്ള സ്വയം ഭരണസ്ഥാപനമായിരിക്കും പരിയാരം മെഡിക്കൽ കോളജെന്നും ഭരണച്ചുമതലയ്ക്കുവേണ്ടി പ്രത്യേക സൊസൈറ്റി രൂപീകരിക്കുമെന്നുമാണ് ഏറ്റെടുക്കൽ പ്രഖ്യാപിച്ചുകൊണ്ട് അന്നത്തെ ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന കെ.കെ. ശൈലജ പ്രസംഗിച്ചത്. "നിയമാവലി തയ്യാറാക്കിയശേഷം സൊസൈറ്റി രജിസ്റ്റർ ചെയ്യും, സൊസൈറ്റിക്ക് മാനേജിംഗ് ഡയറക്ടറും ആശുപത്രിക്ക് ഡയറക്ടറും ഉണ്ടാകും. സ്ഥാനമൊഴിയുന്ന ഭരണസമിതിയിലെയും മുൻ ഭരണസമിതികളിലെയും അംഗങ്ങളുടെ ഭരണപരിചയവും ഉപയോഗപ്പെടുത്തും." ആരോഗ്യമന്ത്രിയുടെ പ്രഖ്യാപനം സർക്കാർ നയം വ്യക്തമാക്കുന്നതായിരുന്നു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്വാശ്രയസ്ഥാപനമായി പരിയാരം മെഡിക്കൽ കോളജ് മാറിയെന്നതാണ്'ഏറ്റെടുക്കൽ' പ്രഹസനത്തിലൂടെ സംഭവിച്ചത്.

"1993ൽ, എം.വി.രാഘവന്റെ നേതൃത്വത്തിലാണ് സ്ഥാപനം പടുത്തുയർത്തപ്പെട്ടതെന്നും കേരളത്തിലെ സഹകരണമേഖലയുടെ അഭിമാനമായിരുന്ന പരിയാരം മെഡിക്കൽ കോളജ്" എന്നുമാണ് വാർത്ത പ്രസിദ്ധീകരിച്ചുകൊണ്ട് 2018, ഒക്ടോബർ 16, ചൊവ്വാഴ്ച ദേശാഭിമാനി റിപ്പോർട്ട് ചെയ്തത്. കേരളത്തിനുതന്നെ അഭിമാനവും അത്ഭുതവുമായ സ്ഥാപനത്തിനുപിന്നിൽ എം.വി.രാഘവന്റെ ചടുലമായ കരങ്ങളായിരുന്നുവെന്ന് ഊറ്റംകൊള്ളുന്നതിൽ ഏറ്റെടുക്കൽ ചടങ്ങിൽ പങ്കെടുത്ത ടി.വി.രാജേഷ് എംഎൽഎ, ഏറ്റെടുക്കൽ പ്രഖ്യാപനം നടത്തിയ ആരോഗ്യമന്ത്രി കെ.കെ.ശൈലജ, പി.കരുണാകരൻ എംപി തുടങ്ങിയ നേതാക്കൾ മത്സരിക്കുകയായിരുന്നുവെന്നും അന്നത്തെ മാധ്യമറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അതേസമയംതന്നെ പുഷ്പനെക്കുറിച്ച് പാട്ടെഴുതിയും പുസ്തകമെഴുതിയും വാർഷികാഘോഷം നടത്തിയും ഈ ഇരട്ടത്താപ്പും വഞ്ചനയും മറയ്ക്കാൻ സിപിഐ(എം) പരിശ്രമിച്ചുകൊണ്ടിരുന്നു.

ഇനി കേരളത്തിലെ സ്വാശ്രയവിദ്യാഭ്യാസരംഗത്തിന്റെ കാര്യമെടുത്താൽ, മുപ്പതുവർഷംകൊണ്ട് കേരളം വിദ്യാഭ്യാസ കച്ചവടക്കാരുടെ പറുദീസയായി മാറി. സ്വാശ്രയ മെഡിക്കൽ കോളജുകളുടെ എണ്ണം 21 ആണ്. 7 മുതൽ 15ലക്ഷംരൂപവരെയാണ് ഈ കോളജുകളിലെ ശരാശരി വാർഷിക ഫീസ്. സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളജുകളുടെ എണ്ണം 116, ആട്ടോണമസ് കോളജുകളുടെ എണ്ണം 19, സ്വാശ്രയ നഴ്സിംഗ് കോളജുകൾ 48, ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടി ടെക്നോളജി 18, ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി 12, ഡിപ്ലോമ ഇൻ ഓഫ്ത്താൽമിക് അസിസ്റ്റന്റ് ടെക്നോളജി 8, ഡിപ്ലോമ ഇൻ ഓപ്പറേഷൻ തീയേറ്റർ ടെക്നോളജി 16, ഡിപ്ലോമ ഇൻ വാസ്കുലർ ടെക്നോളജി 5, ഡിപ്ലോമ ഇൻ ന്യൂറോ ടെക്നോളജി 3, ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി 10, ഡിപ്ലോമ ഇൻ ദന്തൽ മെക്കാനിക് 3, ഡിപ്ലോമ ഇൻ എൻഡോസ്കോപിക് ടെക്നോളജി 1, സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങൾ 46. ഏതാണ്ട് നാനൂറിനടുത്ത് സ്ഥാപനങ്ങൾ. ഇത് മെഡിക്കൽ, പാരാമെഡിക്കൽ, എൻജിനീയറിംഗ് ഡിഗ്രി, ഡിപ്ലോമ കോഴ്സുകളുടെ മാത്രം കാര്യമാണ്. ഡിഗ്രി, പിജി കോഴ്സുകളും കോളജുകളും ഇതിനുംപുറമേയാണ്. ആവശ്യത്തിന് അധ്യാപകരില്ലാതെ, അടിസ്ഥാന സൗകര്യങ്ങളില്ലാതെ, വൻതോതിൽ ഫീസ് ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങൾ കേരളത്തിലെ ഉന്നത, പ്രൊഫഷണൽ വിദ്യാഭ്യാസരംഗം കൈയടക്കിക്കഴിഞ്ഞു.

1994ൽത്തന്നെ കേരളത്തിലെ ആദ്യത്തെ സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളജ്, എംഇഎസ് കോളജ് ഓഫ് എൻജിനീയറിംഗ്, മലപ്പുറത്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. 2001ൽ 9 എൻജിനീയറിംഗ് കോളജുകളും 2002ൽ 27 എൻജിനീയറിംഗ് കോളജുകളും സ്വാശ്രയമേഖലയിൽ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു. 2001ൽ മെയ് 17 വരെ ഇ.കെ.നായനാരും തുടർന്ന് എ.കെ.ആന്റണിയുമാണ് കേരളം ഭരിച്ചത്. അത്യുത്സാഹത്തോടെതന്നെ ഈ സർക്കാരുകൾ വിദ്യാഭ്യാസ കച്ചവടം നടത്തി. വി.എസ്.അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് 216 സ്വാശ്രയസ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയത്. നേതാക്കന്മാർതന്നെ സ്വാശ്രയസ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഇവയ്ക്കൊന്നിനുമെതിരെ എസ്എഫ്ഐയോ ഡിവൈഎഫ്ഐയോ രംഗത്തുവന്നതായി കണ്ടില്ല. സാമൂഹ്യനിയന്ത്രണമുണ്ടെങ്കിൽ സ്വാശ്രയ സ്ഥാപനങ്ങൾ ആകാമെന്നതാണ് നയമെന്ന് അവർ പ്രഖ്യാപിച്ചു. സ്വാശ്രയസമ്പ്രദായത്തോടുള്ള എതിർപ്പല്ല പരിയാരം മെഡിക്കൽ കോളജിനെതിരായ സമരത്തിലേയ്ക്കും തുടർന്നുള്ള സംഭവവികാസങ്ങളിലേയ്ക്കും നയിച്ചതെന്നും, എം.വി.രാഘവനെന്ന മുൻനേതാവിനോടുള്ള വ്യക്തിവൈരാഗ്യം മാത്രമായിരുന്നുവെന്നും ഇതിൽനിന്നൊക്കെ വ്യക്തമാകുകയാണ്. രാഷ്ട്രീയനേട്ടം ലാക്കാക്കി, സ്വാശ്രയവിദ്യാഭ്യാസത്തിനെതിരായ സമരത്തിന്റെ അക്കൗണ്ടിൽ അത് സൗകര്യപൂർവം ഉൾപ്പെടുത്തി എന്നുമാത്രം. അതിന് ഏതാനും ചെറുപ്പക്കാരെ കരുവാക്കി. 1993മുതൽ 2024വരെയുള്ള കാലഘട്ടത്തിൽ ഇ.കെ.നായനാരുടെയും വി.എസ്. അച്ചുതാനന്ദന്റെയും പിണറായി വിജയന്റെയും നേതൃത്വത്തിൽ നാല് ഇടതുമന്ത്രിസഭകളും കെ.കരുണാകരന്റെയും എ.കെ .ആന്റണിയുടെയും ഉമ്മൻചാണ്ടിയുടെയും നേതൃത്വത്തിൽ മൂന്ന് യുഡിഎഫ് മന്ത്രിസഭകളും കേരളത്തിൽ അധികാരത്തിൽവന്നു. എല്ലാ സർക്കാരുകളും ചോദിച്ചവർക്കെല്ലാം സ്വാശ്രയസ്ഥാപനങ്ങൾ വാരിക്കോരിക്കൊടുത്തു. രണ്ട് സ്വാശ്രയ കോളജുകൾ സമം ഒരു സർക്കാർ കോളജ് എന്നൊരു പുത്തൻ കണ്ടുപിടുത്തവും കേരള മുഖ്യമന്ത്രിയായിരുന്ന എ.കെ.ആന്റണി നടത്തി. ഇ.കെ.നായനാരുടെ മന്ത്രിസഭയിൽ, ഡിപിഇപിയുൾപ്പെടെയുള്ള ലോകബാങ്കിന്റെ വിദ്യാഭ്യാസപദ്ധതികൾക്ക് ചുക്കാൻ പിടിച്ചിരുന്ന പി.ജെ.ജോസഫ് യുഡിഎഫ് പാളയത്തിലേയ്ക്ക് തിരികെപ്പോയി. അധികാരത്തിൽ മുന്നണികൾ മാറിമാറിവന്നു, കക്ഷിരാഷ്ട്രീയ സമവാക്യങ്ങളും തരംപോലെ മാറി. എന്നാൽ നയങ്ങൾ മാത്രം മാറിയില്ല.

പുഷ്പൻ ഉൾപ്പെടെയുള്ളവരുടെ രക്തസാക്ഷിത്വവും സ്വാശ്രയവിരുദ്ധ പോരാട്ടത്തിൽ പോലീസ് മർദ്ദനം ഏറ്റുവാങ്ങിയ വിദ്യാർത്ഥികളുടെ ത്യാഗവും വിഫലമാക്കിയത് ഇടതെന്ന് അവകാശപ്പെടുന്ന സർക്കാരുകളും കോൺഗ്രസ് സർക്കാരുകളുമാണ്. ■

# ആർജി കർ: സാമൂഹ്യ ജീർണ്ണതയ്ക്കെതിരെ കരുത്തുറ്റ സാംസ്കാരിക പ്രതിപ്രവാഹം പടുത്തുയർത്തുക

സംഘടിതവും വിട്ടുവീഴ്ചയില്ലാത്തതുമായ, ഐക്യവും അച്ചടക്കവുമുള്ള ശക്തമായ ഒരു പ്രക്ഷോഭത്തിന് ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടു. ആർജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പോസ്റ്റ്ഗ്രാജ്വേറ്റ് ട്രെയിനി ഡോക്ടറെ ബലാത്സംഗംചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് പശ്ചിമ ബംഗാളിലും, രാജ്യമെമ്പാടും, എന്തിന് 26 രാജ്യങ്ങളിലെ 130 സ്ഥലങ്ങളിലും ഒരു മുദ്രാവാക്യം മുഴങ്ങി: 'ഞങ്ങൾക്ക്, ആർജി കറിന് നീതി വേണം'. ഒറ്റക്കെട്ടായി അണിനിരന്ന് ജൂനിയർ ഡോക്ടർമാർ നയിച്ച പ്രക്ഷോഭം, ഒരു മാസത്തിലേറെ അചഞ്ചലമായി തുടർന്നു. അത്ഭുതപൂർവമായ പ്രതിഷേധ സമരത്തിന്റെ സമ്മർദത്തെത്തുടർന്ന് ഏതാനും ചില ആവശ്യങ്ങൾ അംഗീകരിക്കാൻ തൃണമൂൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ നിർബന്ധിതരായി.

കൊൽക്കത്ത പോലീസ് കമ്മീഷണർ, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ(വടക്കൻ കൊൽക്കത്ത), ആരോഗ്യ വകുപ്പിലെ രണ്ട് ഉന്നത ഉദ്യോഗസ്ഥർ–മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടർ, ഹെൽത്ത് സർവീസ് ഡയറക്ടർ–എന്നിവരെ നീക്കം ചെയ്തു. മുഖ്യപ്രതിയെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട ആർജി കർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെയും, ലോക്കൽ പോലീസ് സ്റ്റേഷൻ ചുമതലയുള്ള ഓഫീസറെയും സിബിഐ അറസ്റ്റുചെയ്തു. എന്നാൽ അന്വേഷണം ഇപ്പോഴും പൂർത്തിയായിട്ടില്ല. ബിജെപി നയിക്കുന്ന കേന്ദ്രസർക്കാരിന്, സിബിഐയുടെ ഭാഗത്തുനിന്നുള്ള കാലതാമസത്തിന്റെ ഉത്തരവാദിത്തം നിഷേധിക്കാനാവില്ല. ചില ആവശ്യങ്ങൾക്ക് വഴങ്ങിയെങ്കിലും, മുഴുവൻ പ്രതികളെയും ഇനിയും അറസ്റ്റുചെയ്തിട്ടില്ല. വിവിധ സർക്കാർ ആശുപത്രികളിലെ അഴിമതി സിൻഡിക്കേറ്റുകളുടെ അവിശുദ്ധ കൂട്ടുകെട്ടിനെ നിയന്ത്രിക്കാനുമായിട്ടില്ല. അതിനായി പ്രക്ഷോഭം കൂടുതൽ ശക്തമാക്കേണ്ടതുണ്ട്.

## ആർജി കർ കേസിന്റെ നിലവിലെ അവസ്ഥ

ആവശ്യങ്ങളിൽ പലതും സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ബാക്കിയുള്ളവ യഥാസമയം നടപ്പാക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തതിനെത്തുടർന്ന്, ജൂനിയർ ഡോക്ടർമാർ സംസ്ഥാന ആരോഗ്യ വകുപ്പ് ആസ്ഥാനത്തിനുമുമ്പിൽ നടത്തിയ 'സ്റ്റേ ഇൻ' സമരം പിൻവലിച്ച് അത്യാഹിത വിഭാഗങ്ങളിൽ ജോലിയിൽ തിരികെ പ്രവേശിച്ചു. എന്നാൽ നീതി ലഭിക്കുന്നതുവരെ മറ്റ് മേഖലകളിലെ ജോലിബഹിഷ്ക്കരണം തുടരും. സ്വമേധയാ കേസ് പരിഗണിച്ച സുപ്രീംകോടതി, ഇതുവരെ രണ്ടുതവണ വാദം കേട്ടിരുന്നു. രണ്ടാമത്തെ ഹിയറിംഗിൽ, വാക്കുപാലിക്കാത്തതിനും, അനുബന്ധ വിഷയങ്ങളിൽ കൃത്യമായ വിവരങ്ങൾ നൽകാൻ കഴിയാതിരുന്നതിനും സംസ്ഥാന സർക്കാരിനെ രൂക്ഷമായിവിമർശിച്ചു. മുതിർന്ന അഭിഭാഷകയായ ഇന്ദിര ജയ്സിംഗ് ജൂനിയർ ഡോക്ടർമാർക്കുവേണ്ടി നിലയുറപ്പിക്കുകയും അവർ സമർപ്പിച്ച പല രേഖകളും കോടതി അംഗീകരിക്കുകയും ചെയ്തു. കുറ്റവാളികളെ ഉടൻ പിടികൂടി മാതൃകാപരമായി ശിക്ഷിക്കണമെന്നും ആശുപത്രികളിൽ ഭീഷണിപ്പെടുത്തി എല്ലാം നിയന്ത്രിക്കുന്ന സംഘങ്ങളെ ഉടൻ അറസ്റ്റ് ചെയ്യണമെന്ന് അവർ ആവശ്യപ്പെട്ടു, ഇതിന് കാലതാമസം നേരിടുന്നപക്ഷം, ആരോഗ്യപ്രവർത്തകരുടെ സുരക്ഷയും, ആശുപത്രികളിൽ ജനാധിപത്യ അന്തരീക്ഷം പുനഃസ്ഥാപിക്കലും ഉറപ്പുവരുത്താൻ കഴിയില്ലെന്നും അവർ അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ കൃത്യമായ നടപടികൾ സർക്കാർ സ്വീകരിക്കാത്തതിനാൽ, ജൂനിയർ ഡോക്ടർമാരുടെ ഭാഗികമായ ജോലി ബഹിഷ്ക്കരണം തുടരുകയാണ്.




ആർജി കർ സംഭവത്തിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തണമെന്നും കുറ്റവാളികളെ ഉടൻ പിടികൂടി കർശനമായി ശിക്ഷിക്കണമെന്നും ആവശ്യപ്പെട്ട് ജനകീയ സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 12ന് കൽക്കത്തയിൽ നടന്ന സിബിഐ ഓഫീസ് മാർച്ച്.

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തുടക്കം മുതൽ പ്രക്ഷോഭത്തിലായിരുന്നു

ദാരുണമായ കുറ്റകൃത്യം പുറത്തുവന്ന നിമിഷം, ആഗസ്ത് 9ന് രാവിലെതന്നെ, ആർജി കർ മെഡിക്കൽ കോളേജിലെ എഐഡിഎസ്ഒ യൂണിറ്റ്, മൃതദേഹം രഹസ്യമായി മാറ്റുന്നത് തടയുകയും ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ സാന്നിധ്യത്തിൽ പോസ്റ്റ്മോർട്ടം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എഐഎംഎസ്എസ്, എഐഡിവൈഒ പ്രവർത്തകരും ഇതര കോളേജുകളിൽനിന്നുള്ള എഐഡിഎസ്ഒ പ്രവർത്തകരും ആർജി കർ കോളേജ് ഗേറ്റിനുമുന്നിൽ പ്രതിഷേധം ആരംഭിച്ചു. ആഗസ്റ്റ് 10 സംസ്ഥാനവ്യാപകമായി പ്രതിഷേധദിനമായി ആചരിക്കാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ആഹ്വാനം ചെയ്തു. ആഗസ്റ്റ് 14ന് ആശുപത്രിവളപ്പിൽനടന്ന ഗുണ്ടാവിളയാട്ടത്തെത്തുടർന്ന്, ആഗസ്റ്റ് 15 വീണ്ടും പ്രധിഷേധ ദിനമായി ആചരിച്ചു, ആഗസ്റ്റ് 16ന് പൊതുപണിമുടക്ക് പ്രഖ്യാപിച്ചു. ബന്ദുകളോ പൊതുപണിമുടക്കുകളോ വെച്ചുപൊറുപ്പിക്കില്ലെന്ന് ടിഎംസി മുഖ്യമന്ത്രി പണ്ടേ പ്രഖ്യാപിച്ചിരുന്നെങ്കിലും ഒരു ദിവസം മുമ്പുമാത്രം ആഹ്വാനം ചെയ്ത പണിമുടക്ക് സമ്പൂർണ വിജയമായിരുന്നു. ഈ വേദനാജനകമായ സംഭവത്തിൽ സാധാരണജനങ്ങളുടെ രോഷവും പ്രതിഷേധവും വ്യക്തമാക്കുന്നതായിരുന്നു പണിമുടക്ക് വിജയം. ഒപ്പം, നമ്മുടെ പാർട്ടിയിൽ ജനങ്ങൾ എങ്ങനെയാണ് വിശ്വാസം അർപ്പിച്ചതെന്നും ഇത് കാണിക്കുന്നു.

2001ൽ, സിപിഐ(എം) അധികാരത്തിലിരുന്നപ്പോൾ, ആർജി കർ കോളേജ് വളപ്പിനുള്ളിൽ സെക്സ് റാക്കറ്റ് നടത്തുന്നതുൾപ്പെടെയുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പ്രതിഷേധിച്ചതിനെത്തുടർന്ന് മൂന്നാം വർഷ വിദ്യാർത്ഥി കൊല്ലപ്പെട്ട സംഭവം നടന്നിരുന്നു. ഹീനമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന എസ്എഫ്ഐ നേതാക്കളായിരുന്നു ആരോപണവിധേയർ. എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ അതിശക്തമായ പ്രക്ഷോഭമാണ് അന്ന് നടന്നത്. എഐഡിഎസ്ഒ സഖാക്കൾക്ക് അതിന്റെ പേരിൽ നിരവധി ആക്രമണങ്ങൾ നേരിടേണ്ടിവന്നിരുന്നു.

സിപിഐ(എം) ഭരണകാലത്ത് നിരവധി ബലാത്സംഗങ്ങളും കൊലപാതകങ്ങളും നടന്നിട്ടുണ്ട്. പ്രാദേശിക സിപിഐ(എം) ഓഫീസിന് സമീപം മൂന്ന് വനിതാ മെഡിക്കൽ ഓഫീസർമാരെ സിപിഐ(എം) പ്രവർത്തകർ ക്രൂരമായി കൂട്ടബലാത്സംഗം ചെയ്ത 1990ലെ ബന്തല(കൊൽക്കത്തയോട് ചേർന്നുള്ള ഒരു പ്രാന്തപ്രദേശം) കേസ് ഇതിൽപ്പെടുന്നു. ആക്രമണത്തിൽ ഒരു ഡോക്ടറും അവരുടെ ഡ്രൈവറും കൊല്ലപ്പെട്ടു. അന്നത്തെ മുഖ്യമന്ത്രി ജ്യോതി ബസുവാകട്ടെ, 'ഇത്തരം കാര്യങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ട് വിഷയത്തെ നിസ്സാരവൽക്കരിച്ചു.

2011 ഫെബ്രുവരി 18ന് രാത്രിയിലെ നിശബ്ദത ഭഞ്ജിച്ചത് മദ്യപിച്ചെത്തിയ ചില യുവാക്കളുടെ ആക്രമണത്തിനിരയായ ഒരു പെൺകുട്ടിയുടെ നിലവിളിയാണ്. സഹോദരനോടൊപ്പം വീട്ടിലേക്ക് മടങ്ങിയ പെൺകുട്ടിയെ ആക്രമിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. എതിർത്ത സഹോദരനെ കൊന്നുകളഞ്ഞു. പെൺകുട്ടി സമീപത്തുള്ള ഒരു മുതിർന്ന പോലീസ് ഓഫീസറുടെ ക്വാർട്ടേഴ്സിന്റെ ഗേറ്റിൽ മുട്ടി, തന്റെ സഹോദരന്റെ ജീവൻ രക്ഷിക്കാൻ അഭ്യർത്ഥിച്ചു. എന്നാൽ ഒരു പോലീസുകാരനും അവരെ രക്ഷിക്കാൻ വന്നില്ല. സിംഗൂരിലും നന്ദിഗ്രാമിലും കർഷകപ്രക്ഷോഭത്തെ അടിച്ചമർത്താൻ സിപിഐ(എം) ഗുണ്ടകളും പോലീസും കൂട്ടബലാത്സംഗത്തിന്റെ ഹീനമായ വഴിയാണ് സ്വീകരിച്ചത്. ഈ സന്ദർഭങ്ങളിലെല്ലാം നമ്മുടെ പാർട്ടി ശക്തമായ പ്രതിഷേധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് മുൻനിരയിൽ ഉണ്ടായിരുന്നു.

രാജ്യത്ത് ബലാത്സംഗങ്ങളും കൂട്ടബലാത്സംഗങ്ങളും പെരുകിക്കൊണ്ടേയിരിക്കുന്നതിന്റെ വാർത്തകൾ നിത്യേന മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഉന്നാവോ, ഹത്രാസ്, വാരണാസി തുടങ്ങിയ ക്രൂരമായ ബലാത്സംഗ–കൊലപാതകങ്ങൾ നടന്ന, ബിജെപി നയിക്കുന്ന, യുപി ബലാത്സംഗ കേസുകളിൽ ഏറ്റവും മുകളിൽ നിൽക്കുന്നു. ബിജെപി നേതൃത്വത്തിലുള്ള മധ്യപ്രദേശിൽ 2023ൽ 2,583 ബലാത്സംഗക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ബിജെപി ഭരിക്കുന്ന മറ്റൊരു സംസ്ഥാനമായ രാജസ്ഥാനിൽ 2023ൽ 5,399 ബലാത്സംഗക്കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ഇത്തരം ക്രൂരതയ്ക്കെതിരെ ജനകീയ മുന്നേറ്റം കെട്ടിപ്പടുക്കാൻ എല്ലായിടത്തും നമ്മുടെ പാർട്ടി എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. ബിജെപി, കോൺഗ്രസ്, ടിഎംസി തുടങ്ങിയ ഭരണകക്ഷികളായ ബൂർഷ്വാ പാർട്ടികളോ, സിപിഐ(എം) പോലുള്ള കപട മാർക്സിസ്റ്റുകളോ, അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ സ്ത്രീകൾക്കെതിരെ ഇത്തരം അതിക്രമങ്ങൾ നടക്കുമ്പോൾ മൗനം പാലിക്കുന്നത് ശ്രദ്ധേയമാണ്. എന്നാൽ മറ്റ് പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത്തരം ഹീനമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ അവർ വാചാലരാകുന്നു. ഉദാഹരണത്തിന്, ആർജി കർ സംഭവം ചൂണ്ടിക്കാട്ടി ബിജെപിയും സിപിഐ (എം)ഉം ടിഎംസി മുഖ്യമന്ത്രി രാജിവെക്കണമെന്ന് ആവശ്യപ്പെടുന്നു. എന്നാൽ യുപിയിൽ ബിജെപി പ്രതിഷേധിക്കുമോ? കേരളത്തിൽ സിപിഐ(എം) അതിന് തയ്യാറാകുമോ? ഇല്ല. കാരണം, സങ്കുചിതമായ വിഭാഗീയ തിരഞ്ഞെടുപ്പ് താൽപര്യം മനസ്സിൽ വെച്ചുകൊണ്ട് ഒരു കപട പ്രക്ഷോഭം നടത്താൻ അവർ ആഗ്രഹിക്കുന്നു. 1983ൽ പശ്ചിമബംഗാളിൽ ജൂനിയർ ഡോക്ടർമാരുടെ പ്രസ്ഥാനം ഉയർന്നുവന്നത് ശ്രദ്ധേയമാണ്. അന്നത്തെ സിപിഐ(എം) സർക്കാർ ആ ന്യായമായ പ്രസ്ഥാനത്തെ പോലീസിനെ ഉപയോഗിച്ച് തകർക്കാൻ ആഗ്രഹിച്ചെങ്കിലും പരാജയപ്പെട്ടു. വിജയിച്ച ആ പ്രസ്ഥാനത്തിലെ പ്രധാനരാഷ്ട്രീയശക്തി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആയിരുന്നു.

## യുവാക്കളെയും വിദ്യാർത്ഥികളെയും കുട്ടികളെയും സാംസ്കാരിക തകർച്ചയിൽനിന്ന് രക്ഷിക്കുക

ബിജെപിയുടെ അമൃതകാലത്തിൽ പ്രതിദിനം 86 ബലാത്സംഗമോ കൂട്ടബലാത്സംഗമോ റിപ്പോർട്ട് ചെയ്യപ്പെടുന്നതായി ഔദ്യോഗിക കണക്കുകൾ പറയുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ പലമടങ്ങ് വർദ്ധിച്ചു. എന്തുകൊണ്ട്? ഏതെങ്കിലും ആൺകുഞ്ഞ് ബലാത്സംഗിയായി ജനിക്കുന്നുണ്ടോ? ഈ ജീർണിച്ച സമൂഹം അവനെ അങ്ങനെയാക്കിത്തീർക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഒരുവൻ മാനുഷിക ഗുണങ്ങളും മൂല്യങ്ങളും നേടുന്നത് സമൂഹത്തിൽനിന്നാണ് എന്നതിനാൽ, ഇതിനെക്കുറിച്ച് ബോധവാനല്ലെങ്കിൽ, ജീർണത അയാളെ വിഴുങ്ങും. മറുവശത്ത്, സാമൂഹ്യാവശ്യകതയിൽ നിന്നോ സാമൂഹ്യപരിവർത്തനത്തിനായോ ഉയർന്നുവരുന്ന ഉന്നത ഗുണങ്ങളും, നൈതികതയും, ധാർമ്മികതയും, മൂല്യങ്ങളും സ്വായത്തമാക്കിക്കൊണ്ട്, ഒരു വ്യക്തിക്ക് തന്റെ ജീവിതം അർത്ഥവത്താക്കാൻ കഴിയും.

എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് 1974ൽത്തന്നെ ഇപ്രകാരം ചൂണ്ടിക്കാണിച്ചു, "പട്ടിണി കിടക്കുന്ന, ഏറ്റവും മാരകമായ അടിച്ചമർത്തലും ചൂഷണവും അനുഭവിക്കുന്ന, അർദ്ധനഗ്നരും അർദ്ധ പട്ടിണിക്കാരുമായിക്കഴിയുന്ന ഒരു ജനതയ്ക്കുപോലും, ധാർമ്മികമായ കരുത്ത് നിലനിർത്താനായാൽ, ശരിയായ

(ശേഷം 9–ാം പേജിൽ)

# ഇന്ത്യാവിരുദ്ധ മുദ്രാവാക്യങ്ങളെ സംബന്ധിച്ച് ബസാദ്(മാർക്സിസ്റ്റ്) പാർട്ടി ഓഫ് ബംഗ്ലാദേശിന്റെ വിശദീകരണം

**ബം**ഗ്ലാദേശിൽ അടുത്ത കാലത്ത് നടന്ന ജനകീയ പ്രക്ഷോഭത്തിൽ ചിലർ ഇന്ത്യാവിരുദ്ധ മുദ്രാവാക്യങ്ങൾ മുഴക്കുകയുണ്ടായി. ബംഗ്ലാദേശ് പ്രക്ഷോഭത്തെ ആത്മാർത്ഥമായി പിന്തുണച്ച, അദ്ധ്വാനിച്ചുജീവിക്കുന്ന ജനവിഭാഗങ്ങൾ ഇതിൽ ദുഃഖിതരും നിരാശരുമാണ്. ആദ്യമേതന്നെ പറയട്ടെ, ഇന്ത്യയിലെ ഭരണകൂടത്തിന്റെ താൽപര്യവും സാധാരണ ജനങ്ങളുടെ താൽപര്യവും ഒന്നല്ല; അവ പരസ്പര വിരുദ്ധമാണ്. ബംഗ്ലാദേശിൽ ഉയർന്ന ഇന്ത്യാവിരുദ്ധ മുദ്രാവാക്യം ഇന്ത്യയിലെ ജനങ്ങൾക്കെതിരെയല്ല, ഇന്ത്യൻ സാമ്രാജ്യത്വ ഭരണകൂടത്തിനെതിരെയാണ്. ഇന്ത്യയിലെ പണിയെടുത്തുജീവിക്കുന്ന ജനങ്ങളെ മിത്രങ്ങളായാണ്, പോരാട്ടത്തിലെ പങ്കാളികളായാണ് ഞങ്ങൾ കാണുന്നത്. ഈ രാജ്യത്തെ ജനാധിപത്യവാദികളും പുരോഗമനകാംക്ഷികളു മെല്ലാം ഈ ജനകീയപ്രക്ഷോഭത്തോടൊപ്പം ധീരമായി നിലകൊണ്ടു. അവരോട് ഞങ്ങൾക്ക് നന്ദിയുണ്ട്. അവരുടെ പങ്ക് ഞങ്ങൾ ഒരിക്കലും മറക്കില്ല. എന്നാൽ ഇന്ത്യൻ ഭരണകൂടത്തിന്റെ സമീപനത്തോട് ഞങ്ങൾക്ക് എതിർപ്പുണ്ട്. സാമ്രാജ്യത്വ താൽപര്യാർത്ഥം ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഒരു ‘സൈനിക സഹായ വ്യവസ്ഥ’ സ്ഥാപിച്ചെടുക്കാനാണ് ഇന്ത്യൻ ഭരണകൂടം ശ്രമിക്കുന്നത്. ഇന്ത്യൻ കുത്തകകൾ ബംഗ്ലാദേശിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതും ഇന്ത്യൻ ഭരണകൂടം രാജ്യത്തിന്റെ ആഭ്യന്തര രാഷ്ട്രീയത്തിൽ ഇടപെടുന്നതുമൊന്നും ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗവും ദേശസ്നേഹികളായ ജനങ്ങളും ഒരിക്കലും അംഗീകരിക്കില്ല. ഇന്ത്യൻ ഭരണകൂടം മറ്റു രാജ്യങ്ങളിൽ സാമ്രാജ്യത്വ ഇടപെടലുകൾ നടത്തുന്നത് ഇന്ത്യയിലെ ദേശസ്നേഹികളായ ജനങ്ങളും അംഗീകരിക്കുകയില്ല.

“എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു” എന്നൊരു മുറവിളി ഈ പ്രക്ഷോഭത്തിനുശേഷം ചിലർ ഉയർത്തുന്നുണ്ട്. സ്വാർത്ഥമതികളുടെ വിലാപമാണത്. സത്യസന്ധരായ ജനങ്ങളിൽ ഒരു വിഭാഗവും തെറ്റിദ്ധാരണമൂലം ഈ പ്രചാരണത്തിൽ കുടുങ്ങിയിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്കുമേലുള്ള അതിക്രമങ്ങൾ, നശീകരണ പ്രവർത്തനങ്ങൾ, കൊള്ള, ആരാധനാലയങ്ങൾക്കു നേരെയുള്ള ആക്രമണങ്ങൾ എന്നിവയൊക്കെ പ്രക്ഷോഭകാരികളെ ഏറെ വേദനിപ്പിക്കുന്ന കാര്യങ്ങളാണ്.

ജനകീയപ്രക്ഷോഭം കഴിഞ്ഞയുടൻ രാജ്യത്ത് ഗവണ്മെന്റോ പോലീസോ ഒന്നും പ്രവർത്തനക്ഷമമായിരുന്നില്ല. ഷേഖ് ഹസീന രാജ്യം വിട്ടുപോയതിനുശേഷവും അവാമി ലീഗ് ജനകീയ പ്രക്ഷോഭത്തെ അമർച്ച ചെയ്യാൻ അവസാനശ്രമം നടത്തിയിരുന്നു. ന്യൂനപക്ഷങ്ങൾക്കുമേലുള്ള ആക്രമണം ബംഗ്ലാദേശിൽ പുതിയൊരു കാര്യമല്ല. ഇന്ത്യയിലും ദക്ഷിണേഷ്യയിലാകെത്തന്നെയും വർഗ്ഗീയതയും വർഗ്ഗീയ രാഷ്ട്രീയവുമൊക്കെ വലിയൊരു ശാപമായി നിലനിൽക്കുന്നുണ്ടല്ലോ. ഞങ്ങളുടെ രാജ്യത്ത് ഇടയ്ക്കൊക്കെ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ ഈ ജനകീയപ്രക്ഷോഭത്തിന്റെ വിജയം, ന്യൂനപക്ഷങ്ങളെയും അവരുടെ ആരാധനാലയങ്ങളെയുമൊക്കെ സംരക്ഷിക്കാൻ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളും മദ്രസ വിദ്യാർത്ഥികളുമൊക്കെ ഒറ്റക്കെട്ടായി നിന്നു എന്നതാണ്.

ജനകീയ പ്രക്ഷോഭത്തിന്റെ ശോഭ കെടുത്താനായി സ്ഥാപിത താൽപര്യക്കാർ ചില പ്രതിമകൾ തകർക്കുകയുംമറ്റും ചെയ്തിട്ടുണ്ട്. എന്നാൽ ജനാധിപത്യവാദികളായ, സമരാനുകൂലികളായ ആളുകളും സാംസ്കാരിക പ്രവർത്തകരും കലാകാരൻമാരുമൊക്കെ അത്തരം പ്രതിമകളുടെ അറ്റകുറ്റപ്പണി നടത്താനും അവ പുനഃസ്ഥാപിക്കാനുമൊക്കെ പലയിടങ്ങളിലും മുന്നോട്ടുവരുന്ന കാഴ്ചയും കാണാമായിരുന്നു. ■

(8–ാം പേജിൽ നിന്ന്)

ഒരു പ്രത്യയശാസ്ത്രത്താൽ സായുധരാകാനായാൽ, നട്ടെല്ലുനിവർത്തി ചങ്കുറ്റത്തോടെ നിലയുറപ്പിക്കാനും സ്വയം സംഘടിച്ചുകൊണ്ട് സർവ്വശക്തിയും സമാഹരിച്ച് പൊരുതാനും കഴിയും... ഇന്ത്യയിലെ ഭരണവർഗമാകട്ടെ നാടിന്റെ ധാർമ്മിക നട്ടെല്ല് സമ്പൂർണ്ണമായും തകർക്കാനുള്ള ഹീന പദ്ധതിയാണ് ആവിഷ്കരിക്കുന്നത്. അവർ അങ്ങേയറ്റം കുടിലബുദ്ധികളാണ്. കൊടിയ മർദ്ദനംകൊണ്ടോ, പട്ടിണിക്കിട്ടോ ഒരു നാടിനെ, ഒരു ജനതയെ ദീർഘകാലം പോലീസിന്റെയോ പട്ടാളത്തിന്റെയോ ബൂട്ടിനടിയിൽ അമർത്താനാവില്ലെന്ന് അവർക്കറിയാം. ഇന്ത്യൻ മുതലാളിവർഗ്ഗം, അധികാരം കൈയാളുന്ന ആ ഗൂഢസംഘം ചരിത്രത്തിന്റെ പാഠങ്ങൾ നേരാംവണ്ണം പഠിച്ചിട്ടില്ല. ചൂഷകരെന്ന നിലയിൽ ഒരു നാടിന്റെ സദാചാര-ധാർമ്മികശക്തി ചോർത്തിക്കളഞ്ഞ് അതിനെ നശിപ്പിക്കാം എന്നുമാത്രമേ ആ പൈശാചിക ശക്തികൾക്ക് അറിയാവൂ. അതാണ് അവർക്കാവശ്യവും. അങ്ങനെയായാൽ, പട്ടിണികിടന്ന് തളർന്ന ജനത, എത്ര അടിച്ചമർത്തിയാലും പട്ടിയെപ്പോലെ കുരക്കുമെന്നല്ലാതെ, ആവലാതികൾ പറഞ്ഞുകൊണ്ടിരിക്കുമെന്നല്ലാതെ, പരമാവധിപോയാൽ ഇടക്കൊന്ന് പൊട്ടിത്തെറിക്കുമെന്നല്ലാതെ, സംഘടിതമായ വിപ്ലവപ്രസ്ഥാനത്തിന് ജന്മം നൽകാൻ, വിപ്ലവം സംഘടിപ്പിക്കാൻ അവർക്കാവില്ല എന്നാണ് അവർ കരുതുന്നത്.” (SW Vol. III)

സ്വാതന്ത്ര്യ സമരകാലത്ത് രവീന്ദ്രനാഥ് ടാഗോർ, ശരത്ചന്ദ്ര ചാറ്റർജി, പ്രേംചന്ദ്, ക്വാസി നസ്രുൾ ഇസ്ലാം, സുബ്രഹ്മണ്യ ഭാരതി, ജ്യോതിറാവു ഫൂലെ, ഗോപബന്ധു ദാസ്, നേതാജി സുഭാഷ് ചന്ദ്രബോസ്, ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, ദേശബന്ധു ചിത്തരഞ്ജൻ ദാസ്, സൂര്യ സെൻ, ലാലാ ലജ്പത് തുടങ്ങിയ മഹാന്മാർ, വിദ്യാർത്ഥികൾക്കും, യുവാക്കൾക്കും ഉയർന്ന നൈതികതയും ധാർമ്മികതയും പകർന്നു നൽകിക്കൊണ്ട്, ഉയർന്ന സംസ്കാരം കൈവരിക്കാൻ അവരെ പ്രചോദിപ്പിച്ചു. എന്നാൽ ഇന്ന് ഭരിക്കുന്ന കുത്തകകളും അവരുടെ ആജ്ഞാനുവർത്തികളായ ബൂർഷ്വാപാർട്ടികളും ഈ മഹാന്മാരെ വിസ്മൃതിയുടെ പടുകുഴിയിലേക്ക് തള്ളിയിടാൻ കഠിനാധ്വാനം ചെയ്യുകയാണ്. പകരം, യുവാക്കളെ അലസരാക്കിക്കൊണ്ട്, അവരിലെ മൃഗീയവാസനകളെ ഉണർത്തി, മദ്യപാനികളും ചൂതാട്ടക്കാരും മയക്കുമരുന്നിനും ലൈംഗികവൈകൃതങ്ങൾക്കും അടിമകളാക്കാനും പ്രേരിപ്പിച്ചുകൊണ്ട് അവരെ ഉള്ളിൽനിന്ന് തളർത്തുകയാണ്. മാനുഷിക സത്തയില്ലാത്ത, മനസ്സാക്ഷിയില്ലാത്ത ഈ യുവാക്കളെ പണം കൊടുത്ത് വശീകരിച്ച് കൊല്ലിനും കൊലയ്ക്കും ഉപയോഗിക്കുന്നു. പോലീസാകട്ടെ ഒരു ചെറിയ എതിർപ്പുപോലും ഉയർത്തുന്നില്ല. അധഃപതിച്ചുപോയ ഈ യുവജനദളം, അഴിമതി നിറഞ്ഞതും ജീർണാവസ്ഥയിലായതുമായ മുതലാളിത്തത്തിന്റെ സൃഷ്ടിയും അതോടൊപ്പം അതിന്റെ സംരക്ഷകരുമാണ്. മുതലാളിത്തം നിലനിൽക്കുവോളം ഈ ബലാത്സംഗക്കാരും, കിരാതന്മാരും, കൊലയാളികളും നിലനിൽക്കും. എന്നാൽ, അവരുടെ ഈ ക്രിമിനൽ പ്രവൃത്തികളിൽ നാം നിശബ്ദരായിരുന്നുകൂടാ.

## വ്യക്തിപരമായ അഭിപ്രായങ്ങളോ രാഷ്ട്രീയ ബന്ധങ്ങളോ പരിഗണിക്കാതെ എല്ലാ വ്യക്തികളോടുമുള്ള അഭ്യർത്ഥന

ഭരണകൂടം തുപ്പുന്ന ഈ വിഷത്തിൽനിന്ന് യുവാക്കളെയും വിദ്യാർത്ഥികളെയും കുട്ടികളെയും രക്ഷിക്കാൻ ഒരു പ്രത്യയശാസ്ത്ര, സാംസ്കാരിക പ്രസ്ഥാനം അനിവാര്യമായിരിക്കുന്നു, ഉന്നതമായ സംസ്കാരത്തിലും ഉയർന്ന സദാചാര നീതിബോധത്തിലും അധിഷ്ഠിതമായ സാംസ്കാരിക പ്രതിപ്രവാഹം. സ്പോർട്സ്, സംഗീതം, നാടകം, മഹത്‌വ്യക്തിത്വങ്ങളുടെ ജീവിതത്തെയും പോരാട്ടത്തെയും കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയവയെ ആധാരമാക്കി കുട്ടികളെയും, കൗമാരപ്രായക്കാരെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രാദേശിക പരിപാടികൾ സംഘടിപ്പിക്കണം. ഇത് അവരെ സ്വാധീനിക്കും. ധാർമിക നട്ടെല്ല് തകർത്ത് അധഃപതിച്ച ജീവിതത്തിലേക്ക് നയിക്കാനുള്ള മുതലാളിത്തത്തിന്റെ ഗൂഢാലോചനയ്ക്കെതിരെ പോരാടാനുള്ള ധൈര്യവും ദൃഢനിശ്ചയവും അവരിൽ ഉണ്ടാകും.

അതോടൊപ്പം, സത്യസന്ധരും, ധീരരുമായ സ്ത്രീ-പുരുഷന്മാരെ ജനകീയസമരവേദിയിൽ അണിനിരത്തിക്കൊണ്ട്, അനീതിക്കെതിരെ, സ്ത്രീകളുടെ മാന്യതയെ പ്രകോപിപ്പിക്കാനുള്ള ഏതൊരു ശ്രമത്തിനുമെതിരെ പ്രതിഷേധിക്കാനും, ചെറുത്തുനിൽപ്പ് നടത്താനും മുന്നിട്ടിറങ്ങുന്ന സന്നദ്ധസേനയെ വളർത്തിയെടുക്കുകയും വേണം. ആർജി കർ പ്രതിഷേധ സമരംപോലുള്ള പ്രക്ഷോഭങ്ങൾ വീണ്ടും വീണ്ടും ഉയർന്നുവരും. നീറുന്ന വിവിധ ജീവിത പ്രശ്നങ്ങളെ മുൻനിർത്തി ജനകീയ മുന്നേറ്റങ്ങൾ വളർത്തിയെടുക്കണം. സമൂഹത്തെ ചൂഴ്ന്നുനിൽക്കുന്ന വിപത്തിനെ പ്രതിരോധിക്കാനുള്ള സുനിശ്ചിതമായ മാർഗ്ഗം ഇതാണ്. ■

## പിആർ വിവാദം

(3–ാം പേജിൽ നിന്ന്)

ലിലാണ് സിപിഐ(എം) ഇപ്പോൾ നീങ്ങുന്നത്. അതിന് സംഘപരിവാറിന്റെ വർഗീയപാത മാത്രമാണ് ശരണം. തീക്കൊള്ളികൊണ്ടുള്ള തല ചൊറിയലായി അത് മാറുകതന്നെ ചെയ്യും.

മലപ്പുറത്തെ പ്രതിസ്ഥാനത്ത് നിർത്തി സാമുദായിക വിദ്വേഷ രാഷ്ട്രീയം കളിച്ച് മുതലെടുപ്പ് നടത്താമെന്ന കണക്കുകൂട്ടൽ പാളിയപ്പോൾ പി.വി.അൻവറിനെ നേരിടാൻ, മറ്റൊരു കഥാപാത്രത്തെ രംഗത്ത് ഇറക്കാൻ ശ്രമിക്കുകയാണ് ഇപ്പോൾ സിപിഐ(എം). മുഖ്യമന്ത്രിയുടെ അതേ വാദമുഖങ്ങൾ ഏറ്റുപാടിക്കൊണ്ട് കെ.ടി.ജലീൽ പൊടുന്നനെ രംഗത്ത് പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

കരിപ്പൂർ വിമാനത്താവളം കേന്ദ്രീകരിച്ച് നടക്കുന്ന സ്വർണക്കടത്തിൽ പിടികൂടപ്പെടുന്നവരിൽ ഭൂരിപക്ഷവുംമുസ്ലീംസമുദായത്തിൽ പെട്ടവരാണെന്ന് മലപ്പുറം പ്രേമികൾ തിരിച്ചറിയണമെന്ന ഫേസ്ബുക് പോസ്റ്റുമായാണ് കെ.ടി.ജലീൽ രംഗപ്രവേശം ചെയ്തത്. അതിന്റെ വസ്തുത എന്താണെന്ന് മുഖ്യമന്ത്രിയെപ്പോലെ ജലീലും വ്യക്തമാക്കിയില്ല. മുസ്ലീങ്ങൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടരുതെന്ന് ഫത്വ പുറപ്പെടുവിക്കാൻ ലീഗിലെ മതപണ്ഡിതന്മാർ തയ്യാറാകണമെന്ന ആവശ്യവും അദ്ദേഹം ഉന്നയിച്ചു. കുറ്റകൃത്യങ്ങളുടെയെല്ലാം ഉത്തരവാദിത്തം അങ്ങിനെ മതപണ്ഡിതന്മാരുടെയും മതനേതൃത്വത്തിന്റെയും തലയിൽ കെട്ടിവെയ്ക്കുന്നതുവഴി എല്ലാത്തിന്റെയും നിമിത്തം മുസ്ലീം മതമാണെന്ന് സ്ഥാപിക്കാനുള്ള ഏറ്റവും നികൃഷ്ടമായ നീക്കമാണ് കെ.ടി.ജലീൽ നടത്തിയിരിക്കുന്നത്. സിപിഐ(എം) നേതൃത്വത്തിന്റെ ഒത്താശയോടെ ജലീൽ സംസ്ഥാനത്തിന്റെ മതേതര ഘടനയുടെമേൽ നടത്തിയിരിക്കുന്ന ഈആക്രമണം വലിയ വിനാശമാണ് സൃഷ്ടിക്കുക. മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചു പാകപ്പെടുത്തിയ മലപ്പുറത്തെയും മുസ്ലീം വിശ്വാസികളെയും സ്വർണ്ണക്കടത്തുമായി ബന്ധിപ്പിക്കുന്ന വിദ്വേഷ രാഷ്ട്രീയത്തിന് കേരളം വലിയ വില നൽകേണ്ടിവരും. ചില താൽക്കാലിക നേട്ടങ്ങൾക്കായി മുസ്ലീം നാമധാരിയെ ഉപയോഗിച്ച് മുസ്ലീം ലീഗിനെതിരെ എന്ന മട്ടിൽ സ്വർണ്ണക്കടത്തുകാരിൽ ഭൂരിപക്ഷവും മുസ്ലീം വിശ്വാസികളാണ് എന്നു സ്ഥാപിച്ചാൽ, വർഗീയ രാഷ്ട്രീയത്തിന്റെ ചതുരംഗത്തട്ടിൽ അത് ആത്യന്തികമായി ബിജെപിക്കും സംഘപരിവാർ ശക്തികൾക്കുമായിരിക്കും ഏറ്റവും പ്രയോജനകരമായി ഭവിക്കുക.

സിപിഐ(എം)ന്റെ ഉന്നത നേതാവും സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിയുംതന്നെ വിദ്വേഷ പ്രചാരണത്തിന് നേരിട്ട് നേതൃത്വം നൽകാൻ ശ്രമിക്കുന്നത് ആർഎസ്എസ് സംഘപരിവാർ ശക്തികളെ തൃപ്തിപ്പെടുത്തും. പക്ഷേ, കേരളം ദശാബ്ദങ്ങൾകൊണ്ട് പടുത്തുയർത്തിയ മാനവ സഹോദര്യത്തെയാണ് കേവല പാർലമെന്ററി നേട്ടങ്ങൾക്കുവേണ്ടി തകർത്തു കളയുന്നത്. അക്ഷന്തവ്യമായ ഒരു രാഷ്ട്രീയ കുറ്റകൃത്യമാണതെന്ന് പറയാതെ വയ്യ. മലപ്പുറം ജില്ലയെ സംബന്ധിച്ച് സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയനും അദ്ദേഹത്തിന്റെ മാധ്യമ, പിആർ സംഘവും നടത്തിയ മാപ്പർഹിക്കാത്ത പരാമർശങ്ങൾ സംസ്ഥാനത്തിന്റെ ഇടതുപക്ഷ, മതേതര മനഃസാക്ഷിയെ മുറിപ്പെടുത്തുകയും വ്യാകുലപ്പെടുത്തുകയും ചെയ്യുകയാണ്. സിപിഐ(എം) ആപൽക്കരമായ ഈ രാഷ്ട്രീയം ഒരു നിമിഷം പോലും വൈകാതെ ഉടൻ അവസാനിപ്പിക്കുകതന്നെ വേണം. യഥാർത്ഥ ഇടതു, മതേതര വിശ്വാസികൾ അതിനായി അവരുടെമേൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ■

**പശ്ചിമേഷ്യയിലേക്കും ഇസ്രയേൽ യുദ്ധം വ്യാപിപ്പിക്കുന്നു**

# കഴിഞ്ഞ ഇരുപത് വർഷത്തിനുള്ളിൽ നടന്ന യുദ്ധങ്ങളിൽ ഏറ്റവും കൂടുതൽ കുട്ടികൾ കൊല്ലപ്പെട്ടത് ഗാസയിൽ

(1–ാം പേജിൽ നിന്ന്)

41,000ത്തിലധികം സാധാരണ ജനങ്ങൾ‌ക്ക് ജീവൻ നഷ്ടമായി. 11000 ത്തിലധികം കുട്ടികളാണ്. 134 മാധ്യമപ്രവർത്തകർക്കും 224 യുഎൻ സന്നദ്ധ പ്രവർത്തകർക്കും ജീവൻ നഷ്ടപ്പെട്ടു. 68 ശതമാനം കെട്ടിടങ്ങൾ തകർക്കപ്പെട്ടു. ഗാസയിൽ 75 ശതമാനം പേരും പട്ടിണിയിലാണ്. 36 ആശുപത്രികളിൽ 17എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. ആശുപത്രികൾക്കു നേരെ 500 ലധികം ആക്രമണങ്ങൾ നടന്നു. ഭക്ഷണം, കുടിവെള്ളം, ഇന്ധനം ഇവയൊന്നും ലഭ്യമല്ല. യുഎൻ കണക്കു പ്രകാരം 12000 പേരെ അടിയന്തര ചികിൽസക്കായി ഒഴിപ്പിച്ചേ മതിയാകൂ. അതിനായി ഇസ്രയേൽ അനുമതിക്കായി കാക്കുന്നു. ഉടച്ചനീക്കപ്പെട്ട പോളിയോ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടുന്നു. 17 ലക്ഷം ആളുകൾ അതായത് ജനസംഖ്യയുടെ 90 ശതമാനം അഭയാർത്ഥികൾ ആയി മാറി. 212 സ്കൂളുകൾ തകർക്കപ്പെട്ടു. യുദ്ധത്തിന്റെ നേർചിത്രങ്ങൾ ഇതൊക്കെയാണ് 'അനാഥരാക്കപ്പെട്ട, അംഗഭംഗം സംഭവിച്ച കുട്ടികളുടെ ചിത്രങ്ങൾ ആരുടെയും ഉറക്കം കെടുത്തുന്നവയാണ്.

ഇത്രയേറെ വിനാശം വിതയ്ക്കുന്ന, സാമ്പത്തികമായോ സൈനികമായോ ചെറുത്തുനില്ക്കാൻ കഴിയാത്ത ദുർബലരും നിസ്സഹായരുമായ ഒരു ജനതക്കുമേൽ നടത്തുന്ന ഈ കിരാതമായ ആക്രമണത്തിന് ഇസ്രയേൽ-അമേരിക്കൻ യുദ്ധവെറിയൻ ഭരണകൂടങ്ങൾക്ക് എന്ത് ന്യായീകരണമാണുള്ളത് ? ലോകം മുഴുവൻ വളർന്നു വരുന്ന പ്രതിഷേധങ്ങളെ അവഗണിച്ചുകൊണ്ടാണ് ഇസ്രയേൽ ആക്രമണം തുടരുന്നത്. പലസ്തീൻ ജനതയെ ഉന്മൂലനം ചെയ്യുക എന്ന ഹീന ലക്ഷ്യമാണ് അവർക്കുള്ളത്. അത് ഗാസയിൽ മാത്രം ഒതുങ്ങുന്നില്ല. വെസ്റ്റ് ബാങ്കിലും പലസ്തീൻ പൗരന്മാർ നിരന്തര ആക്രമണങ്ങൾക്കിരയാകുന്നു.

ഹമാസ്, ഹിസ്ബുള്ള സംഘടനകളെ തകർക്കാൻ എന്ന പേരിൽ ലെബനോൻ, സിറിയ തുടങ്ങിയ രാജ്യങ്ങളിലേക്കും ആക്രമണം വ്യാപിപ്പിക്കുന്നത്, ഇസ്രയേലിന് മറുപടിനല്കാൻ ഒരു ശക്തിയുമില്ല എന്ന ധാർഷ്ട്യത്തിന്റെ പ്രകടനമാണ്. യുഎൻ സെക്രട്ടറി ജനറൽ ഇസ്രയേലിൽ പ്രവേശിക്കരുത് എന്ന ഉത്തരവിറക്കുന്നതിലേക്കുവരെ ഇതെത്തി നില്ക്കുന്നു. അടിയന്തര വെടി നിർത്തൽ ആവശ്യപ്പെട്ട് യുഎന്നിൽ വന്ന നിരവധി പ്രമേയങ്ങൾക്ക് ഇസ്രയേൽ പുല്ലുവിലപോലും കല്പിക്കുന്നില്ല. അന്താരാഷ്ട്ര കോടതിയിൽ ദക്ഷിണാഫ്രിക്ക, ഇസ്രയേൽ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ വിശദമായി തുറന്നുകാട്ടുകയുണ്ടായി. പക്ഷേ ഇത്തരം അന്താരാഷ്ട്ര വേദികളും അവരുടെ നിർദ്ദേശങ്ങളും യുദ്ധവെറിയന്മാരായ സാമ്രാജ്യത്വ ശക്തികൾ പരിഹാസ്യമാക്കി മാറ്റുന്ന കാഴ്ച അതിദയനീയമാണ്.

2023 ഒക്ടോബർ ഏഴിന് ഹമാസ് ഇസ്രയേലിനു നേരെനടത്തിയ റോക്കറ്റ് ആക്രമണമാണ് ഇപ്പോഴത്തെ ആക്രമണത്തിന് തുടക്കമായത്. ഇത്തരമൊരു ആക്രമണത്തിന് ഹമാസിനെ നിർബന്ധിതമാക്കിത്തീർത്ത സാഹചര്യം, ഇസ്രയേൽ പലസ്തീൻ സംഘർഷത്തിന്റെ ചരിത്രം അറിയുന്ന ഏവർക്കും മനസ്സിലാക്കാൻ കഴിയും. 1948 ൽ രൂപീകരിക്കപ്പെട്ടതിനുശേഷം നിരന്തരം അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനം നടത്തുന്ന സയണിസ്റ്റ് ഭീകര രാഷ്ട്രമാണ് ഇസ്രയേൽ. ഹിസ്ബുള്ള, ഹമാസ് തുടങ്ങിയ സംഘടനകളെ ഇസ്ലാമിക ഭീകരവാദ സംഘടനകളെന്നു മുദ്രകുത്തിയും അവ സമാധാനത്തിന് ഭീഷണിയാണെന്ന് സ്ഥാപിച്ചു കൊണ്ടുമാണ് ഇസ്രയേൽ-അമേരിക്കൻ സഖ്യം നിരന്തരം വിവിധ പശ്ചിമേഷ്യൻ രാജ്യങ്ങളുടെമേൽ ആക്രമണം നടത്തുകയും അവിടങ്ങളിൽ സംഘർഷവും അനിശ്ചിതാവസ്ഥയും സൃഷ്ടിക്കുകയും ജനങ്ങളെ ദുരിതങ്ങളിലേക്ക് തള്ളിവിടുകയും ചെയ്യുന്നത്. ജനാധിപത്യം സ്ഥാപിക്കൽ എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. എന്നാൽ സയണിസ്റ്റ് വംശീയ വെറിയന്മാരായ ഇസ്രയേൽ ഭരണാധികാരികൾ തങ്ങളുടെ പ്രാചീന വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വാഗ്ദത്ത ഭൂമി എന്നുപറഞ്ഞ് തദ്ദേശീയരെ കൊന്നൊടുക്കി വിശാല ഇസ്രയേൽ രൂപീകരിക്കാൻ നടത്തുന്ന കൊടിയ അതിക്രമങ്ങൾക്ക് ഇതേ ജനാധിപത്യവാദികൾ നൽകുന്നപിന്തുണ ഇവരുടെ തനി നിറം വെളിവാക്കുന്നതാണ്.

പശ്ചിമേഷ്യയിൽ ഇസ്ലാമിക മതമൗലികവാദ സംഘടനകളുടെവളർച്ചയ്ക്ക് കാരണമായത് സാമ്രാജ്യത്വ ശക്തികൾ എണ്ണയും മേഖലയിലെ സൈനിക ആധിപത്യത്തിനുവേണ്ടി നടത്തിയ ഹീനമായ ഇടപെടലുകളാണ്. അവിടങ്ങളിൽ ജനാധിപത്യ മുന്നേറ്റങ്ങളോ ജനാധിപത്യ ഗവൺമെന്റുകളോ ഉണ്ടാകാതിരിക്കാൻ നടത്തിയ നിരവധി കുൽസിത നീക്കങ്ങളും അട്ടിമറികളും എല്ലാം ചേർന്നാണ് ഇന്നത്തെ സാഹചര്യത്തിലേക്ക് എത്തിയിരിക്കുന്നത്. സാമ്രാജ്യത്വ കടന്നുകയറ്റങ്ങൾക്കെതിരെ ജനങ്ങൾക്കുണ്ടായിരുന്ന പ്രതിഷേധമാണ് ഈ സംഘടനകൾക്കുള്ള ജനപിന്തുണയായി മാറിയത്. സാർവദേശീയമായി സോഷ്യലിസ്റ്റ് ചേരിക്കുണ്ടായ തിരിച്ചടി ശരിയായ മതേതര ജനാധിപത്യ പ്രക്ഷോഭങ്ങൾ ദുർബലമായി മാറുന്നതിനും കാരണമായി. പലസ്തീന്റെ മോചനത്തിനുവേണ്ടി ശക്തമായി നിലകൊണ്ട മതേതര ജനാധിപത്യ പ്രസ്ഥാനത്തെ അമേരിക്കയുടെ പിന്തുണയോടെ തകർക്കാൻ ഇസ്രയേലിന് കഴിഞ്ഞപ്പോഴാണ് ഹമാസിനെ പോലെയുള്ള സംഘടനകൾ അവിടെ ഉയർന്നുവന്നത്. ആദ്യഘട്ടത്തിൽ തീവ്രനിലപാടുകൾ ഉണ്ടായിരുന്ന ഹമാസ് ഇന്ന് ദ്വിരാഷ്ട്ര രൂപീകരണം അടക്കമുള്ള ഒത്തുതീർപ്പുകൾക്ക് സന്നദ്ധമാകുകയുംമിതവാദ നിലപാടുകളിലേക്ക് വരികയും ചെയ്തിരിക്കുന്നുഎന്നതും ശ്രദ്ധേയമാണ്. എന്നാൽ വിശാല ഇസ്രയേൽ രൂപീകരണം എന്ന തീവ്രനിലപാട് സ്വീകരിക്കുന്നത് ഭീകരരാഷ്ട്രമായ ഇസ്രയേലിന്റെ സയണിസ്റ്റ് രാഷ്ട്രീയ നേതൃത്വമാണ്. പക്ഷേ സാമ്രാജ്യത്വ ശക്തികളും മാധ്യമങ്ങളും ഹമാസിനെയാണ് തീവ്രവാദ സംഘടനയായി ചിത്രീകരിക്കുന്നത് ഇന്നത്തെ അടിയന്തരമായ സാഹചര്യം ആവശ്യപ്പെടുന്നത് ഉടനടിയുള്ള യുദ്ധവിരാമമാണ്. ഇനിയും പലസ്തീൻ, കുഞ്ഞുങ്ങളുടെ കുരുതിക്കളമായി തുടരാൻ അനുവദിച്ചു കൂടാ. ആത്യന്തികമായ പ്രശ്നപരിഹാരത്തിന് സ്വതന്ത്ര പലസ്തീൻ രൂപീകരണം അനിവാര്യമാണ്. ലോകമെമ്പാടും സമാധാനകാംക്ഷികളായ ജനങ്ങൾ ഉയർത്തുന്ന ആവശ്യം ഇതാണ്. പക്ഷേ, ഇത്തരം ഒരു പ്രശ്നപരിഹാരത്തിലേക്ക് യുഎസ്- ഇസ്രയേൽ സഖ്യത്തെ എത്തിക്കാൻ അതിശക്തമായ സാമ്രാജ്യത്വ വിരുദ്ധ ജനകീയ പ്രക്ഷോഭം ലോകമെമ്പാടും വളർന്നു വരേണ്ടതുണ്ട്. ഐക്യരാഷ്ട്ര സംഘടന പോലുള്ള വേദികൾക്ക് ഈ ഗുണ്ടാ രാഷ്ട്രങ്ങളോട് അപേക്ഷിക്കാൻ മാത്രമേ കഴിയൂ. ഒരു വർഷം പിന്നിട്ടുന്ന ഈ യുദ്ധം വെറും വംശീയ ലക്ഷ്യങ്ങൾ മാത്രം മുൻനിർത്തിയുള്ളതല്ല എന്ന യാഥാർത്ഥ്യംഏവർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. സാമ്രാജ്യത്വം സൃഷ്ടിക്കുന്ന യുദ്ധങ്ങളെല്ലാം മുതലാളി വർഗ്ഗത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാനുള്ളവയാണ്. പലസ്തീനിൽ ഇസ്രയേൽ നടത്തുന്ന ആക്രമണം മാത്രമല്ല രണ്ടുവർഷമായി തുടരുന്ന റഷ്യ-യുക്രൈൻ യുദ്ധത്തിനു പിന്നിലും ഇതേ താൽപര്യങ്ങളാണ്.



ലോകത്തെ കുത്തകകളുടെ ആയുധ കച്ചവടത്തെ കൊഴുപ്പിക്കുവാൻ യുദ്ധം കൂടിയേ തീരൂ. പലസ്തീൻ ജനതയെ കൊന്നൊടുക്കാൻ ആയുധങ്ങളും മറ്റുവസ്തുക്കളും കച്ചവടം ചെയ്യുന്നത് ഇന്ത്യ അടക്കമുള്ള രാജ്യങ്ങളാണ്. ആത്യന്തികമായി യുദ്ധത്തിലൂടെ ഈ രാജ്യങ്ങളിലെ കുത്തകകളുടെ താല്പര്യമാണ് സംരക്ഷിക്കപ്പെടുന്നത്. അതിനാൽ ഈ മരണവ്യാപാരികൾ എല്ലാം യഥാർത്ഥത്തിൽ കുറ്റവാളികളാണ്. സമാധാനത്തെക്കുറിച്ച് അന്താരാഷ്ട്ര വേദികളിൽ നിരന്തരം വാചാലമായി സംസാരിക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രിയെ നമുക്ക് കാണാം. എന്നാൽ ഇസ്രയേലിനെതിരെ യുഎന്നിൽ വരുന്ന പ്രമേയങ്ങളിൽ വോട്ട് ചെയ്യാതെ പച്ചയായി ഇസ്രയേലിനെ പിന്തുണയ്ക്കുന്ന നിലപാടും സ്വീകരിക്കുന്നതിന് യാതൊരു മടിയും അദ്ദേഹത്തിന് ഇല്ല. സാമ്രാജ്യത്വം അനിവാര്യമായും യുദ്ധം സൃഷ്ടിക്കുമെന്ന ലെനിന്റെ പാഠങ്ങൾ വീണ്ടും വീണ്ടും തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആത്യന്തികമായി സമാധാന പ്രസ്ഥാനം സാമ്രാജ്യത്വത്തിനെതിരായ തൊഴിലാളിവർഗ്ഗ മുന്നേറ്റത്തിലൂടെ മാത്രമേ സാധ്യമാകൂ. ■

# കുമാരനാശാൻ ചരമശതാബ്ദിയാചരണ സമ്മേളനം കണ്ണൂരിൽ

മഹാകവി കുമാരനാശാൻ ചരമ ശതാബ്ദിയാചരണ സമ്മേളനം കണ്ണൂർ ജവഹർ ലൈബ്രറി ഹാളിൽ സംഘടിപ്പിച്ചു. പ്രമുഖ സാഹിത്യ നിരൂപകനും എഴുത്തുകാരനുമായ പി.ആർ.ജയശീലൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. കവിയും കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതി കണ്ണൂർ ജില്ലാ ചെയർമാനുമായ മാധവൻ പുറച്ചേരി അധ്യക്ഷത വഹിച്ചു.

ജാതി-മത സ്പർദ്ധ സമൂഹത്തെ ഇരുട്ടിലേക്ക് കൊണ്ടുപോകുന്ന ഈ കാലഘട്ടത്തിൽ കുമാരനാശാൻ തന്റെ കൃതികളിലൂടെ പകർന്ന പുതിയ നവോത്ഥാന മൂല്യങ്ങൾ വളരെ പ്രസക്തമാണ്. മറ്റുള്ളവരെ കുറിച്ചുള്ള ഉൽഘണ്ഠകളായിരുന്നു ആശാൻ കവിതയിലും സാമൂഹ്യപരിഷ്കരണരംഗത്തും പങ്കുവച്ചത്. "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" എന്നതായിരുന്നു ആശാന്റെ കാഴ്ചപ്പാട്. സ്ത്രീപുരുഷ ബന്ധങ്ങളിൽ വിപ്ലവകരമായ കാഴ്ചപ്പാടുകൾ കുമാരനാശാൻ കവിതയിലൂടെ ആവിഷ്കരിച്ചു. ശ്രീനാരായണ ഗുരുവിന്റെ ദർശനത്തിന്റെ കാവ്യാവിഷ്കാരമായിരുന്ന ആശാൻ കൃതികളിലൂടെ നിർവ്വഹിച്ചത്. ഊഴിയിൽ ഏറ്റവും ചെറിയ മനുഷ്യർക്കു വേണ്ടിയായിരുന്നു ആശാൻ പ്രവർത്തിച്ചതെന്നും ഉദ്ഘാടന പ്രസംഗത്തിൽ ഡോ.പി.ആർ ജയശീലൻ അഭിപ്രായപ്പെട്ടു.

കുമാരനാശാൻ ചരമശതാബ്ദിയാചരണ സമിതി കണ്ണൂർ ജില്ലാ ഘടകം കണ്ണൂർ ജവഹർ ലൈബ്രറി ഹാളിൽവച്ച് നടത്തിയ ആചരണ സമ്മേളനത്തിൽ കവി കെ.സി.ഉമേഷ് ബാബു, ഡോ.അകിൽ മുരളി, രശ്മി രവി, അഡ്വ. വിവേക് വേണഗോപാൽ എന്നിവർ സംസാരിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കുമാരനാശാന്റെ 'കരുണ'യുടെ നൃത്താവിഷ്കാരം നർത്തകിയും ഗവേഷകയുമായ മേഘമൽഹാർ അവതരിപ്പിച്ചു. പാടികൾ സംഘടിപ്പിക്കാൻ ജില്ലയിലുടനീളം ആചരണ പരിപാടികൾ സംഘടിപ്പിക്കാൻ സമിതി തീരുമാനിച്ചു. ■



കണ്ണൂർ നഗരത്തിൽ നടന്ന മഹാകവി കുമാരനാശാൻ ചരമ ശതാബ്ദിയാചരണ സമ്മേളനം പ്രമുഖ സാഹിത്യ നിരൂപകനും എഴുത്തുകാരനുമായ പി.ആർ.ജയശീലൻ ഉദ്ഘാടനം ചെയ്യുന്നു.

# 'സെബി' മേധാവിയും ഭർത്താവും അദാനിയുടെ സ്റ്റോക്ക് മാർക്കറ്റ് തിരിമറിയിൽ പങ്കാളികൾ

**മു**മ്പെങ്ങുമില്ലാത്തവിധം കഴിഞ്ഞ ഏതാനും മാസങ്ങളിൽ ഓഹരി കമ്പോളത്തിലുണ്ടായ കുതിച്ചുകയറ്റം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയായി ഒരുകൂട്ടം സാമ്പത്തികവിദഗ്ദ്ധർ വിലയിരുത്തുകയുണ്ടായി. എന്നാൽ ഇത് സാമ്പത്തികമേഖലയുടെ ആരോഗ്യത്തിന്റെയല്ല അസുഖത്തിന്റെ ലക്ഷണമാണെന്ന് പലതവണ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. മുതലാളിത്ത വ്യവസ്ഥയുടെ സഹജസ്വഭാവമെന്നോണം കമ്പോളം അടിക്കടി ചുരുങ്ങുന്നു. ഇതുമൂലം ഉൽപാദനക്ഷമമായ മേഖലകളിൽ മൂലധനമിറക്കാൻ കഴിയാതെ കുത്തകകൾ തങ്ങളുടെ നിഷ്ക്രിയ മൂലധനം ഓഹരിക്കമ്പോളത്തിലെ ഊഹക്കച്ചവടരംഗത്തേയ്ക്ക് ഒഴുക്കുന്നു. ഇതിൽ വിദേശത്തും സ്വദേശത്തുമുള്ള കുത്തകകളുണ്ട്. ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്ന ഒരു നിശ്ചിത എണ്ണം ഓഹരികൾക്കായി വൻതോതിൽ പണമെത്തുകയാണെങ്കിൽ ആ ഓഹരികളുടെ മൂല്യം കുതിച്ചുയരും. എന്നാൽ, ഉൽപാദനക്ഷമമായ മേഖലയിൽ നിക്ഷേപം കുറയുന്നത് സമ്പദ്ഘടന ഗുരുതരമായ പ്രതിസന്ധിയിലാണ് എന്നതിന്റെ സൂചനയാണ്.

ഇതുമാത്രമല്ല, വൻതോതിൽ ഓഹരിക്കമ്പോളത്തിലേയ്ക്ക് പണമൊഴുകാൻ തുടങ്ങിയതോടെ പലതരത്തിലുള്ള കള്ളത്തരങ്ങളും തിരിമറികളും രംഗപ്രവേശം ചെയ്തിരിക്കുന്നു. സംശയാസ്പദമായ പല ഉറവിടങ്ങളിൽനിന്നുമുള്ള നിക്ഷേപങ്ങളും ഓഹരിക്കമ്പോളത്തിലെത്തുന്നുണ്ട്. മൗറീഷ്യസ്, ഗാർസ്നി ദ്വീപ് തുടങ്ങി നികുതി കുറവുള്ള രാജ്യങ്ങളിൽ വെറും പുറന്തോടുമാത്രമായി (ഷെൽ) കമ്പനികൾ ആരംഭിച്ച് അവയുടെ പേരിൽ ഓഹരികളിൽ നിക്ഷേപം നടത്തുന്നതാണ് ഒരു തന്ത്രം. സ്വന്തം രാജ്യത്തിന്റെ നിയമങ്ങൾ മറികടക്കാനും അവിടെ നിലവിലുള്ള ഉയർന്ന കോർപറേറ്റ് നികുതിയിൽ വെട്ടിപ്പുനടത്താനും ഇതുവഴി സാധിക്കും. ഇങ്ങനെ ഏതൊരു ഇന്ത്യൻ കമ്പനിക്കും അധികമായുള്ള മൂലധനം വളഞ്ഞ മാർഗത്തിലൂടെ സ്വന്തം കമ്പനികളുടെ ഓഹരികളിൽത്തന്നെ നിക്ഷേപിക്കാനും അതുവഴി ആ ഓഹരികളുടെ ഡിമാന്റ് കൃത്രിമമായി ഉയർത്താനും അവയുടെ വിലകൾ വൻതോതിൽ വർദ്ധിപ്പിക്കാനും കഴിയുന്നു. ഇങ്ങനെ ഓഹരിവില ഉയരുമ്പോൾ ആ കമ്പനിയുടെ കണക്കിൽ ആസ്തി വർദ്ധിച്ചതായി കാണുകയും ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടുതൽ വായ്പയെടുക്കാനുള്ള യോഗ്യതയുണ്ടാകുകയും ഭദ്രമായ സാമ്പത്തിക അടിത്തറയുള്ള ഒരു ആഗോള കോർപറേറ്റ് എന്ന സ്ഥാനം കൈവരുകയും ചെയ്യും.

അക്ഷരാർത്ഥത്തിൽ ഇതാണ് മോദിയുടെ ഉറ്റ ചങ്ങാതിയായ അദാനി ഗ്രൂപ്പ് ചെയ്തത്. ഇവ്വിധം അവർ സ്വന്തം ഓഹരികളുടെ വില വൻതോതിൽ പെരുപ്പിച്ചു കാണിക്കുകയും വൻതുകകൾ വായ്പകളായി തരപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അന്വേഷണാത്മക ഗവേഷണം നടത്തുന്ന 'ഹിൻഡൻബർഗ്' എന്ന ഏജൻസി 2023 ജനവരി 24ന് പുറത്തുവിട്ട അതിന്റെ റിപ്പോർട്ടിൽ അദാനി ഗ്രൂപ്പ് ഇവ്വിധം തിരിമറികൾ നടത്തുകയും ഓഹരി കമ്പോളത്തിൽ 'നാണംകെട്ട' കളികൾ കളിക്കുകയും ചെയ്തതായി പറയുന്നു. അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി കഴിഞ്ഞ മൂന്നു വർഷംകൊണ്ട് തന്റെ ആസ്തി പതിനായിരം കോടി ഡോളർ വർദ്ധിച്ചതായി അവകാശപ്പെടുന്നുവെന്ന് റിപ്പോർട്ട് പറയുന്നു. അദാനി ഗ്രൂപ്പിന്റെ ലിസ്റ്റുചെയ്യപ്പെട്ട ഏഴ് പ്രധാന കമ്പനികളുടെ ഓഹരിവിലയിൽ വന്ന വർദ്ധനയിലൂടെയാണ് ഇതിൽ നല്ലൊരു പങ്ക് തുകയും വന്നിരിക്കുന്നത്. ഓഹരിവിലയിൽ ശരാശരി 819 ശതമാനം വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. ഈ ഓഹരികൾ പണയംവച്ച് അവർ ഭീമമായ വായ്പകളും എടുത്തിട്ടുണ്ട്. ഇത് അവരുടെ സാമ്പത്തിക സ്ഥിതി അപകടനിലയിലാക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് പറയുന്നു. അദാനി ഗ്രൂപ്പ് പതിറ്റാണ്ടുകളായി ഇത്തരം പുറന്തോടുകമ്പനികളെ ഉപയോഗപ്പെടുത്തി ഇന്ത്യയിലെ ജനങ്ങളുടെ പണം ഇവ്വിധം വൻതോതിൽ തട്ടിയെടുത്തിട്ടുണ്ടെന്നും റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

ഈ റിപ്പോർട്ട് വലിയ കോളിളക്കമുണ്ടാക്കി. കോർപറേറ്റ് ബിസിനസ് ചരിത്രത്തിലെതന്നെ ഏറ്റവും വലിയ തട്ടിപ്പായാണ് ഇത് കരുതപ്പെടുന്നത്. ഇന്ത്യൻ ഓഹരി കമ്പോളത്തിലെ ഇടപാടുകൾ നിരീക്ഷിക്കാനും അവയ്ക്ക് മേൽനോട്ടം വഹിക്കാനും ഭരമേൽപിക്കപ്പെട്ട സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ അഥവാ സെബിയുടെ കണ്ണുവെട്ടിച്ച് എങ്ങനെ ഇപ്രകാരമൊരു കുംഭകോണം നടത്താനായി എന്നാണ് എല്ലാവരും അത്ഭുതപ്പെടുന്നത്. നിയമപ്രകാരമുള്ള അധികാരങ്ങളില്ലാത്ത ഒരു സ്ഥാപനമെന്ന നിലയിൽ 1988 ഏപ്രിൽ മാസത്തിലാണ് സെബിക്ക് ഇന്ത്യാ ഗവണ്മെന്റ് രൂപംനൽകുന്നത്. 1992 ജനവരിയിൽ ഇന്ത്യൻ പാർലമെന്റ് നിയമംമൂലം ഇതിനെ നിയമപരമായ അധികാരങ്ങളുള്ള (സ്റ്റാറ്റ്യൂട്ടറി) ഒരു സ്ഥാപനമാക്കി. അതിന്റെ പ്രവർത്തനം സംബന്ധിച്ച് നിയമം ഇപ്രകാരം പറയുന്നു: "...ഓഹരിക്കമ്പോളത്തിൽ നിക്ഷേപം നടത്തുന്നവരുടെ താൽപര്യം സംരക്ഷിക്കാനും ഓഹരിക്കമ്പോളത്തിന്റെ വളർച്ചയ്ക്കും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി നിലകൊള്ളാനും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു."

പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ വലംകൈയായ അമിത്ഷാ കൂടി ഉൾപ്പെടുന്ന ഒരു മന്ത്രിസഭാ ഉപസമിതിയായ 'അപ്പോയിന്റ്മെന്റ്സ് കമ്മിറ്റി'യാണ് സെബിയുടെ മേധാവിയെ നിയമിക്കുന്നത്. ഗവണ്മെന്റിലെയോ ധനകാര്യ മന്ത്രാലയത്തിലെയോ പ്രമാണിമാരൊന്നും സെബി മേധാവിയെ ചുറ്റിപ്പറ്റിയുണ്ടായ ഈ വിവാദത്തിൽ ഇതുവരെ പ്രതികരിച്ചിട്ടില്ല. അവരുടെ സാമ്പത്തിക ഇടപാടുകളൊക്കെ ഇവർക്ക് അറിയായമായിരുന്നുവെന്നും അവരുടെ സമ്പാദ്യത്തിന്റെ കാര്യത്തിൽ സംശയിക്കേണ്ടതില്ലെന്നാണ് ഇവർ കരുതുന്നതെന്നുമാണോ ഇതിൽനിന്ന് അനുമാനിക്കേണ്ടത്? സെബിയുടെ മേധാവികളായി വിരമിച്ചവരുടെ സംഘടനയ്ക്ക് അദാനിയുമായി അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുന്നതായി ഇതിനകം വ്യക്തമായിട്ടുണ്ട്. ഷെൽ കമ്പനികളെക്കുറിച്ച് ശരിയായ ഒരു അന്വേഷണം നടത്താൻ സെബിക്ക് കഴിഞ്ഞിട്ടില്ല എന്നകാര്യവും ചർച്ചയായിട്ടുണ്ട്. 2014ൽ അദാനിക്കെതിരെ ഡയറക്ടറേറ്റ് ഓഫ് റെവന്യൂ ഇന്റലിജൻസ് അന്വേഷണം നടത്തുകയും 2017ൽ മോദി ഗവണ്മെന്റ് അത് അവസാനിപ്പിക്കുകയും ചെയ്ത കാര്യവും സെബി സുപ്രീംകോടതിയെ ബോധിപ്പിച്ചിട്ടില്ല. ഇതെന്തുകൊണ്ട്?

ഹിൻഡൻബർഗ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് 2023 ഫെബ്രുവരിയിൽ സുപ്രീംകോടതിയിൽ ഒരു പൊതു താൽപര്യ ഹർജി ഫയൽ ചെയ്യുകയുണ്ടായി. 2023 മാർച്ച് 2ന്, ഇതിന്മേൽ അന്വേഷണം നടത്താനും ഓഹരിക്കമ്പോളത്തിൽ തിരിമറികളോ മറ്റെന്തെങ്കിലും ക്രമക്കേടുകളോ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനും സുപ്രീം കോടതി സെബിയോടാവശ്യപ്പെട്ടു. ഇതോടൊപ്പം കോടതി ഒരു ആറംഗ വിദഗ്ദ്ധ സമിതിക്ക് രൂപം നൽകുകയും ഇക്കാര്യത്തിൽ അന്വേഷണം നടത്തി കോടതിക്ക് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ആറ് ദിവസത്തിനുള്ളിൽ, 2023 മാർച്ച് 8ന് സമിതി അതിന്റെ പ്രാഥമിക റിപ്പോർട്ട് മുദ്രവച്ച കവറിൽ കോടതിക്ക് നൽകി. കൃത്രിമം നടന്നതായി വെളിവാക്കുന്ന തെളിവുകളൊന്നുമില്ലെന്നും കമ്പനിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിൽ വീഴ്ചയൊന്നും സംഭവിച്ചിട്ടില്ലെന്നുമായിരുന്നു റിപ്പോർട്ടിൽ പറഞ്ഞത്. 2023 മെയ് മാസത്തിൽ സമർപ്പിച്ച അന്തിമറിപ്പോർട്ടിൽ ഇക്കാര്യങ്ങൾ ആവർത്തിക്കുകയും ചെയ്തു.

ഇത്തരമൊരു വമ്പൻ സാമ്പത്തിക തട്ടിപ്പിന് സെബി എന്തുകൊണ്ട് മൂകസാക്ഷിയായി എന്നകാര്യം ഇപ്പോൾ വ്യക്തമായിരിക്കുന്നു. 2024 ആഗസ്റ്റ് 10ന് ഹിൻഡൻബർഗ് പുതിയ ആരോപണങ്ങൾ ഉന്നയിച്ചു. സെബിയുടെ ചെയർപേഴ്സനായ മാധവി പുരി ബുച്ചിനും അവരുടെ ഭർത്താവായ ധവാൻ ബുച്ചിനും അദാനി കമ്പനിയുടെ ഓഹരികളിൽ വൻ നിക്ഷേപം ഉണ്ടെന്നായിരുന്നു വെളിപ്പെടുത്തൽ. കൃത്രിമമായി ഓഹരിവില ഉയർത്തി വിവിധ ഏജൻസികളിൽനിന്ന് അദാനി ഗ്രൂപ്പ് വലിയ വായ്പകൾ തരപ്പെടുത്തിയിട്ടുണ്ട്. മാധവി ബുച്ച് അദാനിയുടെ ഓഹരികളിൽ നിക്ഷേപം നടത്തിയത് പ്രത്യക്ഷത്തിൽത്തന്നെ നിയമവിരുദ്ധമാണ്. രാജ്യത്തിന്റെ സാമ്പത്തിക കമ്പോളത്തെ നിയന്ത്രിക്കുന്ന ഒരു സ്ഥാപനത്തിന്റെ ചെയർപേഴ്സന്റെ വിശ്വാസ്യത ഇത്രമേൽ ചോദ്യം ചെയ്യപ്പെട്ട ഒരു സന്ദർഭം അതിന്റെ ചരിത്രത്തിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല.

ഐസിഐസിഐബാങ്കിന്റെഎംഡിയും സിഇഒയുമായ ചന്ദ കൊച്ചാറിന്റെ കുടുംബാംഗങ്ങളും വീഡിയോകോൺ ഗ്രൂപ്പുമായി സങ്കീർണമായ പല സാമ്പത്തിക ഇടപാടുകളും നടന്നിട്ടുള്ളതായി 2018 മാർച്ചിൽ ഒരു ആരോപണം ഉയർന്നകാര്യം ഓർക്കുമല്ലോ. 2012ൽ വീഡിയോകോണിന് 3,250 കോടിയുടെ വായ്പനൽകുകയും 2017ൽ അതിൽ 2,810കോടി കിട്ടാക്കടമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് വലിയ സംശയത്തിനിടയാക്കി. വീഡിയോകോണിന് ലഭിച്ച ഈ സാമ്പത്തികനേട്ടത്തിൽ സ്വന്തം കുടുംബാംഗങ്ങൾ വലിയ സാമ്പത്തിക നേട്ടമുണ്ടാക്കിയതായി കണ്ടെത്തിയതോടെ ചന്ദ കൊച്ചാറിനെ ബാങ്ക് മേധാവി സ്ഥാനത്തുനിന്ന് മാറ്റി. എന്നാൽ കേസിന്റെ കാര്യം ഇനിയും തീർപ്പായിട്ടില്ല. ഭരണത്തിലെ ഉന്നതരുടെ അനുമതിയില്ലാതെ ഏതെങ്കിലും സ്ഥാപനത്തിന് ഇവ്വിധം കൃത്രിമങ്ങൾ കാണിക്കാൻ പറ്റുമോ എന്നതാണ് പ്രധാന കാര്യം. നരേന്ദ്രമോദി ഒരിക്കൽ വീമ്പിളക്കി: "ഞാൻ കട്ടുതിന്നുകയില്ല, ആരെയും തിന്നാൻ അനുവദിക്കുകയും ഇല്ല." ഇന്ന് ശവക്കുഴിയിൽനിന്ന് പ്രേതങ്ങൾ പലതും പുറത്തുചാടിക്കൊണ്ടിരിക്കുമ്പോൾ രാജ്യത്തെ ജനങ്ങളോട് കണക്ക് പറയാൻ മോദി ബാദ്ധ്യസ്ഥനാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ■

# കുടിവെള്ള സ്വകാര്യവൽക്കരണത്തിനെതിരെ ഒപ്പ് ശേഖരണം ഉദ്ഘാടനം ചെയ്തു

**കൊ**ച്ചി കോർപ്പറേഷന്റെയും സമീപപ്രദേശങ്ങളിലും കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുന്നതിനെതിരെ മുഖ്യമന്ത്രിക്ക് നൽകുന്ന നിവേദനത്തിലേയ്ക്കുള്ള ഒപ്പുശേഖരണം ഗാന്ധിജയന്തി ദിനത്തിൽ എഡ്രാക് ജില്ലാ ചെയർമാനും കുടിവെള്ള സംരക്ഷണ സമിതിയുടെ പ്രസിഡന്റുമായ രംഗദാസ പ്രഭു ഉദ്ഘാടനം ചെയ്തു. സമിതി ജനറൽ കൺവീനർ അഡ്വ. ടി.ബി.മിനി അധ്യക്ഷതവഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയെ പ്രതിനിധീകരിച്ച് സിറ്റി കമ്മിറ്റി സെക്രട്ടറി കെ.പി.സാൽവിനും ജനകീയ പ്രതിരോധ സമിതിക്കുവേണ്ടി നിഖിൽ സജി തോമസും പ്രസംഗിച്ചു. നിരവധി സാമൂഹ്യ പ്രവർത്തകർ പരിപാടിയെ അഭിസംബോധന ചെയ്തു.

നിലവിലുള്ള കുടിവെള്ള പദ്ധതികൾ എല്ലാം പാതിവഴിയിൽ അവസാനിപ്പിച്ച് എഡിബിയുടെ തിട്ടൂരപ്രകാരം സോയുസെന്ന ഫ്രഞ്ച് കുത്തക കമ്പനിയെ ശുദ്ധജലവിതരണം ഏൽപ്പിക്കുന്നതിനുമുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. നികുതി പിരിക്കുന്ന സർക്കാരിന് ജനങ്ങൾക്ക് ശുദ്ധജലം സൗജന്യമായും സുലഭമായും ഉറപ്പാക്കി കൊടുക്കാനുള്ള പ്രാഥമിക ബാധ്യതയുണ്ട്. അതിൽനിന്ന് ഒളിച്ചോടാൻ അനുവദിക്കാനാവില്ലെന്നും സ്വകാര്യവൽക്കരണം നീക്കത്തിൽ നിന്ന് പിന്മാറുന്നില്ലെങ്കിൽ ശക്തമായ ജനകീയ സമരം സംഘടിപ്പിക്കുമെന്നും പ്രസംഗകർ വ്യക്തമാക്കി. ■



കുടിവെള്ള വിതരണം സ്വകാര്യവൽക്കരിക്കുന്നതിനെതിരെ എറണാകുളം കച്ചേരിപ്പടിയിൽ നടന്ന ഒപ്പുശേഖരണത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സിറ്റി കമ്മിറ്റി സെക്രട്ടറി കെ.പി.സാൽവിൻ പ്രസംഗിക്കുന്നു.

# നാലുവർഷ ഡിഗ്രി പദ്ധതി ഉന്നത വിദ്യാഭ്യാസത്തെ അട്ടിമറിക്കും: പ്രൊഫ. നവനീത് ശർമ്മ

**നാ**ലു വർഷ ബിരുദ പരിഷ്കരണം ഉന്നത വിദ്യാഭ്യാസമേഖലയെ ആട്ടിമറിക്കുമെന്ന് പ്രൊഫ നവനീത് ശർമ്മ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചർ സെന്ററും ആൾ ഇന്ത്യ സേവ് എജ്യുക്കേഷൻ കമ്മിറ്റിയും (AISEC) സംയുക്തമായി എറണാകുളത്ത് സംഘടിപ്പിച്ച 'നാലുവർഷ ബിരുദപരിപാടി: ആശയും ആശങ്കയും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു ഹിമാചൽപ്രദേശ് കേന്ദ്ര സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യുക്കേഷനിലെ പ്രൊഫസറും കർണാടക സംസ്ഥാന വിദ്യാഭ്യാസ നയരൂപീകരണ സമിതിയിലെ പ്രത്യേക ക്ഷണിതാവുമായ പ്രൊഫ.നവനീത് ശർമ്മ.



നാലുവർഷ ബിരുദത്തെക്കുറിച്ച് കോഴിക്കോട് നടന്ന സെമിനാറിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്.അലീന പ്രസംഗിക്കുന്നു.

മൾട്ടിപ്പിൾ എൻട്രി ആൻഡ് എക്സിറ്റ് പോയിന്റുകൾ വഴി അരാജകത്വം വിളിച്ചുവരുത്തുന്ന പരിഷ്കാരമാണിത്. കേന്ദ്ര സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കാൻ ലക്ഷ്യംവെച്ചു കൊണ്ടുവന്ന നാലുവർഷ ഡിഗ്രി പദ്ധതി, യാതൊരു എതിർപ്പുമില്ലാതെ കേരളത്തിലെ ഇടതുപക്ഷ സർക്കാർ നടപ്പാക്കുന്നത് എന്തു കൊണ്ടെന്ന് മനസിലാകുന്നില്ലെന്നും മികച്ച ഉന്നത വിദ്യാഭ്യാസഅടിസ്ഥാനമുള്ള കേരളത്തെ ഇത് പ്രതികൂലമായി ബാധിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാദർ അനിൽ സി. ഫിലിപ്പ് സിഎംഐ മോഡറേറ്റർ ആയി. സേവ് എഡ്യൂക്കേഷൻ സംസ്ഥാന കമ്മിറ്റി വൈസ് പ്രസിഡന്റ് എം ഷാജർഖാൻ, തേവര എസ് എച്ച് കോളേജ് ബോട്ടണി വിഭാഗം മുൻ തലവനും ആൾ ഇന്ത്യ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റുമായ ഡോ.ജോർജ് ജോസഫ്, സംസ്ഥാന സെക്രട്ടറി അഡ്വ. ഇ.എൻ. ശാന്തിരാജ് എന്നിവർ സംസാരിച്ചു. സംസ്ഥാന എക്സിക്യൂട്ടീവ് അംഗങ്ങളായ കെ.എസ്. ഹരികുമാർ, നിഖിൽ സജി തോമസ് എന്നിവർ യഥാക്രമം സ്വാഗതവും നന്ദിയും രേഖപ്പെടുത്തി.


'നാലുവർഷ ബിരുദപരിപാടി: ആശയും ആശങ്കയും' എന്ന വിഷയത്തിൽ എറണാകുളത്ത് നടന്ന സെമിനാറിൽ പ്രൊഫ.നവനീത് ശർമ്മ പ്രസംഗിക്കുന്നു.

നാലു വർഷ ബിരുദത്തെക്കുറിച്ച് ഒക്ടോബർ 11 ന് കോഴിക്കോട് നടന്ന സെമിനാറിൽ ഡോ. എം.ജ്യോതിരാജ് മോഡറേറ്റർ ആയി. പ്രൊഫ.നവനീത് ശർമ്മ വിഷയാവതരണം നടത്തി. എം. ഷാജർഖാൻ, ഡോ.ശ്രീകുമാരൻ, ഡോ.എസ്.അലീന, സി.ഷീബ എന്നിവർ സംസാരിച്ചു. ■

## കരിമണൽ ഖനനത്തിനെതിരെ കളക്ട്രേറ്റ് മാർച്ച്

**തോ**ട്ടപ്പള്ളിയിൽ ഐആർഇഎൽ, കെഎംഎംഎൽ കമ്പനികൾ നടത്തുന്ന സീ വാഷിംഗ് അടക്കമുള്ള കരിമണൽ ഖനന പ്രവർത്തനങ്ങൾ ഉടൻ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഒക്ടോബർ 3ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആലപ്പുഴ കളക്ട്രേറ്റിലേക്ക് മാർച്ചും ധർണ്ണയും നടത്തി. ജില്ലാസെക്രട്ടറി എസ്. സീതിലാൽ ഉദ്ഘാടനം ചെയ്തു.



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കളക്ട്രേറ്റ് മാർച്ച് സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

തോട്ടപ്പള്ളിയിൽ സർക്കാർ നടത്തുന്ന സീ വാഷിംഗ് അടക്കമുള്ള കരിമണൽ ഖനനം യാതൊരു പാരിസ്ഥിതിക പഠനവും ഇല്ലാതെയാണെന്നും പരിസ്ഥിതിലോല പ്രദേശമായ തോട്ടപ്പള്ളിയിൽ ഖനനം നടത്തുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം യാതൊരു അനുമതിയും നൽകിയിട്ടില്ലെന്നും അനധികതമായി തോട്ടപ്പള്ളിയിൽ നടത്തുന്ന കരിമണൽ ഖനനം ഉടൻ അവസാനിപ്പിക്കണമെന്നും സീതിലാൽ ആവശ്യപ്പെട്ടു. കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി ചെയർമാൻ എസ്.സുരേഷ് കുമാർ, ജില്ലാ സെക്രട്ടേറിയറ്റ് അംഗം ടി.മുരളി, ആർ.പാർത്ഥസാരഥി വർമ്മ, എം.എ.ബിന്ദു, ബി.ഭദ്രൻ, കെ ജെ.ഷീല, ആർ.അർജ്ജുനൻ, ടി.ആർ.രാജിമോൾ എന്നിവർ പ്രസംഗിച്ചു. ■

## വയോജന സൗഹൃദ സംഗമം സംഘടിപ്പിച്ചു



കോട്ടയത്ത് നടന്ന വയോജന സൗഹൃദ സംഗമം കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും സൈക്യാട്രിസ്റ്റുമായ ഡോ.വർഗീസ് പുന്നൂസ് ഉദ്ഘാടനം ചെയ്യുന്നു.

**സാ**മൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ദുർബ്ബലമാകുന്നതിനനുസരിച്ച് രാജ്യത്തെ വയോജനങ്ങളുടെ ജീവിതം അതീവ ദുരിത പൂർണ്ണമായിരിക്കുന്നതിനാൽ വയോജന സൗഹൃദാന്തരീക്ഷം സമൂഹത്തിൽ ശക്തമാക്കണമെന്നും സർക്കാരുകളുടെ നയങ്ങൾ വയോജന സൗഹൃദപരമാകണമെന്നും കോട്ടയം വയസ്കര വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക കേന്ദ്രത്തിൽ നടന്ന വയോജന സൗഹൃദ സംഗമം ആവശ്യപ്പെട്ടു.

സാമൂഹ്യ സുരക്ഷ പെൻഷൻ വർദ്ധിപ്പിക്കുകയും വയോജന സൗഹൃദം ക്ലബ്ബുകൾ സ്ഥാപിക്കുകയും സർക്കാർ ആശുപത്രികളിൽ ഗുണമേന്മയുള്ള ചികിത്സ സൗജന്യമായി ഉറപ്പാക്കുകയും ചെയ്യുന്നതിനോടൊപ്പം വാർദ്ധക്യകാലത്ത് സ്വസ്ഥമായ ജീവിതം നയിക്കാൻ കഴിയത്തക്ക വിധത്തിൽ സമൂഹത്തെ പരിശീലിപ്പിക്കുവാൻ വേണ്ട നടപടികളും കൈക്കൊള്ളണമെന്ന് യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും സൈക്യാട്രിസ്റ്റുമായ ഡോ.വർഗീസ് പുന്നൂസ് സംഗമം ഉദ്ഘാടനം ചെയ്തു. എൻ. വേണുഗോപാലൻ, കെ.കെ.രാഘവൻ, ജോർജ് മുല്ലക്കര, മിനി കെ. ഫിലിപ്പ്, എൻ.കെ.ബിജു, ശശിക്കുട്ടൻ വാകത്താനം, പ്രൊഫസർ പി.എൻ.തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. ■

**കെ റെയിൽ പദ്ധതി ഉപേക്ഷിക്കുക, സമരം ചെയ്തതിന്റെ പേരിൽ എടുത്ത കള്ളക്കേസുകൾ പിൻവലിക്കുക**

## കാട്ടിലപ്പീടിക കെ റെയിൽ വിരുദ്ധ സത്യാഗ്രഹം 5-ാം വർഷത്തിലേക്ക്

**കെ** റെയിൽ സിൽവർലൈൻ പദ്ധതിക്കെതിരെ സംസ്ഥാനത്ത് ആദ്യമായി സംഘടിപ്പിക്കപ്പെട്ട അനിശ്ചിതകാല സത്യാഗ്രഹ സമരം കാട്ടിലപ്പീടികയൽ ആരംഭിച്ചിട്ട് നാലുവർഷം തികഞ്ഞ ഒക്ടോബർ 2ന് കെ റെയിൽ ജനകീയ പ്രതിരോധ സമിതി ആചരണ പരിപാടി സംഘടിപ്പിച്ചു. കെ റെയിൽ സിൽവർലൈൻവിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു.

വെങ്ങളം കെ റെയിൽ ജനകീയ പ്രതിരോധ സമിതി കൺവീനർ മൂസക്കോയ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മൊയ്തീൻ കോയ, സംസ്ഥാന കെ റെയിൽ വിരുദ്ധ ജനകീയ സമിതി കൺവീനർ പി. എം. ശ്രീകുമാർ, നസീർ നജല്ല എന്നിവർ പ്രസംഗിച്ചു.

വെങ്ങളം കെ റെയിൽ ജനകീയ പ്രതിരോധ സമിതി വൈസ് ചെയർമാനും സംസ്ഥാന സമിതി അംഗവുമായ പ്രവീൺ ചെറുവത്ത് സ്വാഗതവും കോ-ഓർഡിനേറ്ററും സംസ്ഥാന സമിതി അംഗവുമായ സുനീഷ് കീഴാരി നന്ദിയും പറഞ്ഞു. സമരസമിതി നേതാക്കളായ മുഹമ്മദ് ഫാറൂഖ്, ഹബൈബ്, ശ്രീജ കണ്ടിയിൽ, ബാബു ചെറുവത്ത് എന്നിവർ നേതൃത്വം നൽകി.

കോട്ടയം ജില്ലയിലെ മാടപ്പള്ളിയിൽ നടന്നുവരുന്ന അനിശ്ചിതകാല സത്യാഗ്രഹം ഒക്ടോബർ 5ന് 900ദിവസംപൂർത്തിയാക്കി. സമരപന്തലിൽ നടന്ന സംഗമം മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന രക്ഷാധികാരി കെ.ശൈവപ്രസാദ്, ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ, ജില്ലാരക്ഷാധികാരി വി.ജെ.ലാലി, കുഞ്ഞുകോശിപോൾ, മിനി കെ.ഫിലിപ്പ്, റോസ്‌ലിൻ ഫിലിപ്പ്, ഷിബു ഏഴേപുഞ്ചയിൽ തുടങ്ങിയവർ പ്രസംഗിച്ചു. ■


കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ കാട്ടിലപ്പീടികയിലെ 5-ാം വർഷ സത്യാഗ്രഹം ഉദ്ഘാടനം ചെയ്യുന്നു.

Volume: 51 No: 7 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.